
KNANAYADEEPAM

# ക്നാനായ ദീപം

Vol: 34 / Issue: 9 September 2023 ₹:10/-



പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ
ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ
21–ാം ശ്രാദ്ധപ്പെരുന്നാൾ

## 1 –ാം ചരമവാർഷികം

**08-09-2023**



# P.C.KURIAKOSE (67) (Babu)

**പതിനഞ്ചിൽ (ആക്കനടി), നീലംപേരൂർ, കുറിച്ചി**

"ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി..."

"നിത്യതയിൽ വീണ്ടും കാണും എന്ന പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# ക്നാനായ ദീപം

2023 സെപ്റ്റംബർ പുസ്തകം 34 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ദൈവമാതാവായ മറിയം 09
അഖിൽ മനോജ്

ദൈവത്തിന്റെ മറുപടികത്ത് 10
അമ്മാൾ രാജൻ പുളിമൂട്ടിൽ

നേതൃത്വം: അടുത്ത തലമുറ... 19
സുനിൽ ഡി. കുരുവിള

യഹോവ നല്ല ഇടയൻ 20
സീമ ഷിന്റോ കന്യയിൽ

സമ്പത്തും സന്തോഷവും 21
റ്റി.സി. തോമസ് തോപ്പിൽ

A Soulful Epistle to... 22
Philip Abraham Malecheril

ക്നാനായ സമുദായം ചരിത്രവഴികളിലൂടെ 24
പ്രൊഫ. പി.കെ. സ്കറിയ കുന്നത്തിൽ

ഏവൻഗേലിയോൻ ദീപം 26
ജോയൽ ജെബു മാലത്തുശ്ശേരിൽ

29 ഇത് ദുഷ്കാലമാകയാൽ...
ഓമന സഖറിയ പുതിയമഠം

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 ഞാൻ പ്രേമിക്കുന്ന വിപ്ലവകാരി
ലില്ലിക്കുട്ടി ചെറിയാൻ പുളിമൂട്ടിൽ

42 MSE Trust വാർഷിക റിപ്പോർട്ട്

44 കാൽപ്പാടുകൾ
എബി

45 മാട്രിമോണിയൽ

47 ഇരിക്കുന്ന കൊമ്പു മുറിക്കുമ്പോൾ
ഡോ. ഐബി ജോസ് കിഴക്കേടത്ത്

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
H.E. Mor Severios Kuriakose
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
V. Rev. Roy Mathew Mulamoottil

**Managing Editor**
Fr. Jaicobkutty K.S. Kallookulam

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
Fr. Sherin C. Kollamparampil

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

Visit www.
knanayadeepam.in

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# EDITORIAL
## എഡിറ്റോറിയൽ

ക്നാനായ ദീപത്തിന്റെ മാന്യവായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹ വന്ദനങ്ങൾ.

ശാസ്ത്രരംഗവും, രാഷ്ട്രീയവും, ഔദ്യോഗിക മേഖലകളും, കച്ചവടരംഗവും, സാമൂഹ്യ ജീവിതവും അഴിമതിയും അനീതിയുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ക്രൈസ്തവ സഭാതലത്തിനും ഇത് ഒട്ടും കുറവല്ല. പണത്തിനും കാര്യസാധ്യത്തിനും വേണ്ടി ഏത് ദുഷിച്ചമാർഗ്ഗം അവലംബിക്കാനും മനുഷ്യർക്ക് ഇന്ന് ഒരു മടിയുമില്ല. ഈ മൂല്യത്തകർച്ചയെ ഒരു വെല്ലുവിളിയായി കാണാൻ ഓരോ ക്രൈസ്തവനും തയ്യാറാകണം.

ഏതു മാർഗ്ഗത്തിലൂടെയും പലതും നേടാനുള്ള മനുഷ്യന്റെ പ്രവണത പിശാചിനെ വന്ദിക്കലാണ്.ന്യായമായത് മതിയെന്നുവെക്കാനും, അത്യാഗ്രഹമില്ലാതെ ആരെയും ദ്രോഹിക്കാതെയും, വഞ്ചിക്കാതെയും ജീവിക്കാനാണ് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. അന്യായമായും മറ്റുള്ളവരെ ദ്രോഹിച്ചും തള്ളിപ്പറഞ്ഞും നേടുന്നതെല്ലാം ക്ഷയിച്ചു പോകാമെന്ന സത്യം നാം അറിഞ്ഞിരിക്കണം. അതാണ് യേശുക്രിസ്തുവുമായി വ്യക്തി ബന്ധത്തിലേക്ക് വന്ന് പുതിയ മനുഷ്യനായി രൂപാന്തരം പ്രാപിച്ചപ്പോൾ സക്കായി താൻ ചതിവായി വാങ്ങിയതൊക്കെ നാലു മടങ്ങ് മടക്കി കൊടുക്കാം എന്ന് സ്വയംപറഞ്ഞത്. ദൈവം നമുക്ക് തന്ന ആയുസ്സും ആരോഗ്യവും വ്യക്തിപ്രഭാവവും മറ്റുള്ളവർക്ക് മാതൃകയും പ്രയോജനവും സഹായവും ദൈവനാമത്തിന് മഹത്വവുമാക്കി തീർക്കേണ്ടതാണ്. ജീവിത സായൂജ്യവും പണവും മറ്റും അവിഹിതമായി കിട്ടുമ്പോൾ അതൊരു നേട്ടമായി തോന്നും. എന്നാൽ അത് നിലനിൽക്കുകയില്ല. ഏതു മാർഗ്ഗം ഉപയോഗിച്ചും പണം നേടാം എന്നുള്ളത് പിശാചിന്റെ വഴി ആണ്. അതുകൊണ്ട് പിശാചിനെ വന്ദിച്ചും പലതും നേടുന്ന സ്വഭാവം ഉപേക്ഷിച്ചിട്ട് നമുക്കായി ജീവൻ ഹോമിച്ച ക്രിസ്തുവിന്റെ മഹത്വത്തിനായി ക്രൈസ്തവരായ നാം അഴിമതിക്കറപുരളാതെ ജീവിക്കുമെന്ന് പ്രതിജ്ഞയെടുക്കാം.

യിസ്രായേൽ ജനത്തെ മിസ്രേമിൽനിന്നും സ്വതന്ത്രമാക്കിയശേഷം ദൈവജനത്തിന്റെ ജീവിതവും സ്വഭാവവും പ്രവർത്തികളും ദൈവഹിതപ്രകാരം നയിക്കുന്നതിനായി നിയമങ്ങളാണ് നൽകിയത്. ദൈവവചനത്തെ നിയമമെന്നും കല്പനയെന്നും പറഞ്ഞിട്ടുണ്ട്. നിയമത്തിനു വിധേയപ്പെടുന്ന മനുഷ്യർക്കാണ് മാതൃകയോടും നല്ല സാക്ഷ്യത്തോടും, സ്വാതന്ത്ര്യത്തോടും ജീവിക്കാൻ കഴികയുള്ളു. ഒരു രാജ്യത്തിലെ നിയമങ്ങൾ പൂർണമായി അനുസരിക്കുന്ന വ്യക്തിയാണ് ഒരു ഉത്തമ പൗരൻ. യേശുക്രിസ്തുവിന് കരം കൊടുക്കേണ്ടി വന്ന സാഹചര്യത്തിൽ മത്സ്യത്തിന്റെ ഉള്ളിൽ വരുന്ന ദ്രഹ്മ എടുത്തു കൊടുത്തുകൊണ്ട് നിയമം അനുസരിക്കുന്നത് ശ്രദ്ധേയമാണ്.

നാം വാങ്ങുന്ന വാഹനത്തിൽ അനധികൃതമായി നമുക്ക് തോന്നുന്നതുപോലെ മാറ്റം വരുത്തിയാൽ പിഴ അടക്കേണ്ടി വരും എന്നു ചിന്തിച്ചാൽ നമ്മുടെ ശരീരത്തെ നമ്മുടെ ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യാൻ പാടില്ല. പുരുഷന്മാർ കടുക്കനിടുന്നു. തലമുടി നീട്ടിവളർത്തുന്നു. ശരീരത്തിൽ പല ജീവികളുടെയും രൂപങ്ങൾ പച്ച കുത്തിക്കുന്നു. ശരീരം കൊണ്ട് എന്തു ചെയ്യാം, എന്തു ചെയ്തുകൂടാ എന്ന് ദൈവ വചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിയമം എന്നത് ഉഭയ സമ്മതം എന്നാണ് അർത്ഥം. നമുക്ക് ദൈവത്തോടും കുടുംബങ്ങളോടും സമൂഹത്തോടും ഗവൺമെന്റിനോടും, സഭയോടും പൊരുത്തപ്പെട്ടു ജീവിക്കണമെങ്കിൽ ഭരണഘടനയെ അനുസരിക്കുന്നവരായിരിക്കണം. നിയമപാലകന്മാരോടു മത്സരിക്കുക, ആശുപത്രിയിൽ ചികിത്സിക്കുന്ന ഡോക്ടറെ ആക്രമിക്കുക, അധികാരികളെ അധിക്ഷേപിക്കുകയും വകവയ്ക്കാതെ പെരുമാറുകയും ചെയ്യുന്നത് കുറ്റകരമാണ്. നേതൃത്വത്തോടു മത്സരിക്കുകയും തന്നിഷ്ട പ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നതും ദൈവസന്നിധിയിൽ തെറ്റാണ്. അധികാരങ്ങളെല്ലാം ദൈവം നൽകുന്നതാണ്. അതിനു കീഴടങ്ങിയിരിക്കുന്നതും അനുസരിക്കുന്നതുമാണ് അനുഗ്രഹകരമായ ജീവിതം. മനുഷ്യൻ ഭൂമിയിൽ വേല ചെയ്യണമെന്നത് ദൈവം നമുക്ക് നൽകിയ നിയമമാണ്. ഇന്ന് അതിന്റെ ലംഘനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഭൂമിയിൽ നിന്നാണ് ധാന്യങ്ങളും പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉത്പാദിപ്പിക്കുന്നത്. അതു ചെയ്യാൻ മനസ്സില്ലാതെ സുരക്ഷിത ജോലികളും വലിയ ശമ്പളവുമാണ് ഇന്ന് അനേകരും അനുഗ്രഹിക്കുന്നത്. നമ്മുടെ രാജ്യത്തിൽ ജോലി ചെയ്താൽ ശമ്പളം കുറവാണെന്ന് ചിന്തിച്ചും പറഞ്ഞും വിദേശത്ത് ജോലി കിട്ടാനുള്ള കോഴ്സുകൾ പഠിച്ച് വിദേശരാജ്യങ്ങളിൽ ചെന്ന് വലിയ ശമ്പളം കൈപ്പറ്റി സുഖലോലുപരായി ജീവിക്കുകയാണ്. ഈ പ്രവണത വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതും നമ്മുടെ രാജ്യത്തിലെ ഉല്പ്പാദന മേഖലയെ ദോഷമായി ബാധിച്ചുകൊണ്ടിരിക്കുന്നു. കഷ്ടപ്പാടു കൂടാതെ പണം കിട്ടുക എന്ന ചിന്താഗതി ജീവിതശൈലിയെ ദോഷമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹ്യജീവിത സന്തോഷവും നന്മയും എല്ലാം നഷ്ടമാക്കി സ്വാർത്ഥവും യാന്ത്രികവുമായ ജീവിതത്തിലേയ്ക്ക് മനുഷ്യൻ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആത്മഹത്യകൾ, വിവാഹമോചനങ്ങൾ, ലഹരിയുടെ ഉപയോഗം എന്നിവ കൂടിയിട്ടുണ്ട്. ഈ രീതി മാറണം.

പ്രിയരെ, സെപ്തംബർ 14 ന് സ്ളീബാപെരുന്നാൾ ആണല്ലോ. അതിനുശേഷമുള്ള ദിവസങ്ങൾ നമ്മുടെ കർത്താവിന്റെ വരവിനുവേണ്ടി സഭയെ ഒരുക്കുന്ന ദിവസങ്ങളാണ്. 1 പത്രോ.4:7–എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ചിന്തനീയമായ ഒരാശയം. ലോകം അതിന്റെ അന്ത്യത്തിലേയ്ക്ക് ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകസംഭവങ്ങൾ ഈ കാര്യം നമ്മെ വിളിച്ചറിയിക്കുന്നു. മദ്ധ്യപൂർവ്വദേശത്തെ സംഭവങ്ങളും ഇൻഡ്യയിലും മറ്റു രാജ്യങ്ങളിലും ക്രൈസ്തവ സഭ നേരിടുന്ന പീഡകളും ഓരോന്നും ഈ സത്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നവയാണ്. സഭയിൽ അവസാനകാലത്തുണ്ടാകുമെന്ന് പ്രവചിച്ചിരിക്കുന്ന എല്ലാ കാര്യങ്ങളും ആക്ഷരീകമായി നിറവേറിക്കൊണ്ടിരിക്കുകയാണല്ലോ. എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. നമ്മുടെ രക്ഷകന്റെ വരവു അടുത്തിരിക്കുന്നു. നമ്മുടെ മണവാളൻ വാതുക്കൽ ആയിരിക്കുന്നു. ഇനിയും പ്രാർത്ഥിക്കുവാൻ അധികം സമയം ലഭിച്ചു എന്നു വരികയില്ല. അതുകൊണ്ട് പ്രാർത്ഥനയിൽ സുബോധമുള്ളവരായിരിക്കാം. വിശുദ്ധിയെ തികച്ചു ഉണർന്നിരുന്നു പ്രാർത്ഥിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



സ്ലീബാ പെരുന്നാൾ സെപ്റ്റംബർ 14 ന് ആചരിച്ചു. അതു മുതൽ സ്ലീബാകാലമാണല്ലോ. വി.സ്ലീബായുടെ അടയാളം നാം വരയ്ക്കുന്നവരാണ്, വി.സ്ലീബാ നാം ധരിക്കുന്നവരാണ്, അതിലുപരി ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് വി. സ്ലീബായുടെ സന്ദേശം നമ്മുടെ ജീവിതത്തിനെന്നും പ്രചോദനമായിരിക്കണം എന്നതാണ്. വി. സ്ലീബാ പരിത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശമാണല്ലോ സമ്മാനിക്കുന്നത്. ഇന്നത്തെ സ്വാർത്ഥതയുടെ ലോകത്തിൽ ദൈവസ്നേഹം നമ്മിൽ നിന്ന് കൂടുതലായി ഉണ്ടാകണം. നമ്മുടെയെല്ലാം കുടുംബജീവിതത്തിന്റെ അടിസ്ഥാനമാകേണ്ടത് പരസ്പരമുള്ള സ്നേഹമാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതശൈലി നമ്മിൽ ഉണ്ടാകുവാൻ ശ്രദ്ധിക്കാം.

ഒക്ടോബർ 1 വയോജന ദിനമായിട്ട് ആചരിക്കുന്നുവല്ലോ. യൂണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ 1990 മുതലാണ് ഇത് ആചരിക്കുന്നത്. തങ്ങളുടെ ജീവിതകാലം മുഴുവൻ മക്കളുടെ ഉന്നമനത്തിനായി സമയവും ആരോഗ്യവും ചെലവഴിച്ചു നമ്മുടെ മാതാപിതാക്കളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ടല്ലോ. അവർ പ്രായമാകുന്ന അവസ്ഥയിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ജീവിതം ക്ലേശകരമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് കരുതലായിരിക്കേണ്ടവരാണ് നാം ഓരോരുത്തരും എന്ന ചിന്തയാണ് ഈ ദിനം നമുക്ക് സമ്മാനിക്കേണ്ടത്. പ്രായമായവർ നമ്മുടെ ഭവനത്തിൽ ആണെങ്കിൽ അവരെ കരുതുവാൻ ശ്രദ്ധിക്കുക. ജോലിയോടുള്ള ബന്ധത്തിൽ ഭവനത്തിൽ നിന്ന് ദൂരത്തിലായിരിക്കുന്നവർ മാതാപിതാക്കളെ ഇടയ്ക്ക് സന്ദർശിക്കുവാനും, ആധുനിക മാർഗ്ഗങ്ങളിലൂടെ അവരുമായി തുടർച്ചയായുള്ള ബന്ധത്തിൽ ആയിരിക്കുവാനും ശ്രദ്ധിക്കണം. അവർക്ക് നാം ഉണ്ട് എന്ന വിശ്വാസം സൃഷ്ടിക്കുവാൻ ഇടയാകണം. സമുദായമായിട്ട് നമ്മുടെ മാതാപിതാക്കളെ താമസിപ്പിക്കുന്നതും, പരിപാലിക്കുന്നതുമായ കേന്ദ്രങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അത്തരം പ്രോജക്ടുകൾ നാം ഏറ്റെടുക്കേണ്ടതുണ്ട്.

ക്നാനായ മെറിറ്റ് അവാർഡ് 2023 ചിങ്ങവനം മോർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ അനുഗ്രഹകരമായി നടത്തുവാൻ സാധിച്ചു. ഉന്നതവിജയം നേടിയ നമ്മുടെ വിദ്യാർത്ഥികളെയും, അവാർഡുകൾ ലഭിച്ചവരെയും നാം ആദരിച്ചു. അവർക്ക് ലഭിച്ച ഉന്നത വിജയത്തിൽ സമുദായത്തിന്റെ അനുമോദനങ്ങൾ അറിയിക്കുവാനും അവരെ ആദരിക്കുവാനും ഈ അവസരം നാം പ്രയോജനപ്പെടുത്തി. ഇത് അവർക്ക് മാത്രമല്ല എല്ലാവർക്കും ജീവിതത്തിന്റെ ഉന്നതമായ അവസ്ഥയിലേയ്ക്ക് എത്താൻ സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവർക്ക് വിദ്യപകർന്നുകൊടുത്ത അദ്ധ്യാപകർ, അവർക്ക് കൈത്താങ്ങായി നിന്ന മാതാപിതാക്കൾ എല്ലാവരെയും സ്മരിക്കുന്നു. തുടർന്നും വിദ്യയിലൂടെ ജീവിതത്തിന്റെ ഉന്നതിയിലേയ്ക്ക് എത്താൻ ദൈവം എല്ലാവരെയും സഹായിക്കട്ടെ.

ക്നാനായ സമുദായത്തെ പതിറ്റാണ്ടുകൾ ശുശ്രൂഷിച്ച് ദൈവസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത കൂബർ നീത്തി ഹാക്കിമോ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്തായുടെ 21–ാ മത് ശ്രാദ്ധപ്പെരുന്നാൾ ഈ മാസം 29, 30 തീയതികളിൽ നാം ആചരിക്കുകയാണല്ലോ. അഭി.പിതാവ് കബറടങ്ങിയിരിക്കുന്ന ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ അതിവിപുലമായ രീതിയിൽ ശ്രാദ്ധപ്പെരുന്നാൾ ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ എല്ലാ ആളുകളും ഈ ദിവസങ്ങളിൽ നടക്കുന്ന എല്ലാ ശുശ്രൂഷകളിലും പങ്കെടുക്കുവാൻ ശ്രമിക്കണം. അഭി. തിരുമേനിയുടെ പ്രാർത്ഥന നമുക്കെന്നും കോട്ടയായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ കാലാവധി പൂർത്തീകരിച്ചിരിക്കുകയാണല്ലോ. ഈ വർഷങ്ങളിൽ സമുദായത്തിന്റെ പുരോഗതിയിലേയ്ക്ക് നയിച്ച എല്ലാ പ്രവർത്തനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. അതിന് നേതൃത്വം നൽകിയ സമുദായ സെക്രട്ടറി, ട്രസ്റ്റികൾ, കമ്മറ്റി അംഗങ്ങൾ, അസ്സോസിയേഷൻ അംഗങ്ങൾ, വിവിധ സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകിയവർ എന്നിവരോടുള്ള നന്ദിയും അറിയിയ്ക്കുന്നു. എല്ലാവരുടെയും അദ്ധ്വാനമാണ് സമുദായത്തിനെന്നും മുതൽക്കൂട്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം ആത്മാർത്ഥമായി സഹകരിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. തുടർന്ന് തെരഞ്ഞെടുക്കപ്പെടുന്ന അസ്സോസിയേഷനും എല്ലാ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

(സമുദായ മെത്രാപ്പോലീത്ത)

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

ഈ ടേമിലെ അവസാനത്തെ ക്നാനായ അസ്സോസിയേഷനാണ് കഴിഞ്ഞ ഓഗസ്റ്റുമാസം 22-ാം തീയതി കൂടിയത്.

അസ്സോസിയേഷന് 5 വർഷം കാലാവധി ഉണ്ടായിരുന്നു എന്നു വരുകിലും 2018/2023 കാലയളവിൽ കൊറോണ മൂലം 2 വർഷം പ്രവൃത്തിക്കുവാൻ അസ്സോസിയേഷന് സാധിച്ചില്ല. 2020 മാർച്ച് മുതൽ 2022 മാർച്ച് വരെ ദൈവാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും എല്ലാം ഭാഗികമായി മാത്രമെ പ്രവർത്തിക്കുവാൻ സാധിച്ചുള്ളു. പിന്നെ അവശേഷിച്ച മൂന്നു വർഷമാണ് യഥാർത്ഥത്തിൽ അസ്സോസിയേഷൻ അംഗങ്ങൾക്ക് ലഭിച്ചത്.

ഈ കാലയളവിൽ വസ്തു സമ്പാദനം ഉൾപ്പെടെ ഏകദേശം 15 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞ അസ്സോസിയേഷന് സാധിച്ചു.

ഇപ്രാവശ്യത്തെ അസ്സോസിയേഷനിൽ വളരെ ഭംഗിയായി എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയുണ്ടായി. കഴിഞ്ഞ അസ്സോസിയേഷനുകളിൽ നടന്നതുപോലെ യാതൊരു വാക്കുതർക്കങ്ങളും പ്രകോപനങ്ങളും ഇല്ലാതെയാണ് അസ്സോസിയേഷൻ കൂടി തീരുമാനമെടുത്തത്. ഇതിൽ സംബന്ധിച്ച എല്ലാ അസ്സോസിയേഷൻ അംഗങ്ങളെയും ബഹു. വൈദികരെയും അഭിനന്ദിക്കുന്നു. അതുപോലെതന്നെ അസ്സോസിയേഷൻ കൂടുന്നതിനെതിരെ അസ്സോസിയേഷൻ മെമ്പർമാരായ സ്ക്കറിയ അറയ്ക്കലും ജയിംസ് വിലങ്ങൻപാറയും ബഹു. കേരള ഹൈക്കോടതിയിൽ കൊടുത്ത കേസ് അസ്സോസിയേഷൻ കൂടി കഴിഞ്ഞതിനുശേഷം ആണ് ഓർഡർ വന്നത്. ഓർഡറിൽ ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്

കഴിഞ്ഞ (30-05-2023) ലെ അസ്സോസിയേഷൻ കഴിഞ്ഞതിനുശേഷം ബഹു. ഹൈക്കോടതിയിട്ട അതേ ഓർഡർ തന്നെയാണ് റിപ്പീറ്റ് ചെയ്തിരിക്കുന്നത്.

അസ്സോസിയേഷൻ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നത് കോടതി സ്റ്റേ ചെയ്തിട്ടില്ല.

എല്ലാ കേസുകൾക്കും ബാധകമാകുന്നതുപോലെ തന്നെ കോടതിയുടെ ഫൈനൽ ഓർഡർ അസ്സോസിയേഷൻ നടപ്പാകുന്ന തീരുമാനങ്ങൾക്ക് ബാധകമാണ് എന്ന് മാത്രമാണ് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ഓഗസ്റ്റുമാസം 22-ാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷന്റെ ചുരുങ്ങിയ വിവരണം ഇവിടെ രേഖപ്പെടുത്തുകയാണ്. ക്നാനായ സമുദായ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മോർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ രാവിലെ 10.30 ന് പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

റവ. ഫാ. രാജൻ ഏബ്രഹാം കുളമടയുടെ ധ്യാന പ്രസംഗത്തിനുശേഷം താൽക്കാലിക അസ്സോസിയേഷൻ പ്രസിഡന്റ് ആയി റവ. ഫാ. വി.ഏ. ഏബ്രഹാം ഇളയശ്ശേരിയെ യോഗം തിരഞ്ഞെടുത്തു. പിന്നീട് സമുദായത്തിലെ ഇപ്പോഴത്തെ വിഷയങ്ങളെക്കുറിച്ചും ഈ അസ്സോസിയേഷൻ കാലയളവിൽ 5 വർഷക്കാലം കൊണ്ട് ഒരു രൂപപോലും ലോൺ എടുക്കാതെ 15 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ സമുദായത്തിൽ നടത്തിയെന്നും സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ വിശദീകരിച്ചു. അതിനു ശേഷം അസ്സോസിയേഷൻ അംഗങ്ങൾ അവതരിപ്പിച്ച താഴെ പറയുന്ന പ്രമേയങ്ങൾ ചർച്ചയ്ക്കുശേഷം പാസ്സാക്കി.

**1. പ്രമേയം**

ക്നാനായ സമുദായത്തിലെ മുഴുവൻ വൈദികരുടെയും ജനറൽ ട്രാൻസ്ഫർ സമുദായ ഭരണഘടന 84(1) E, 111B (4) പ്രകാരം സമുദായ മെത്രാപ്പോലീത്ത മാത്രമേ ഇനിയും മേലിൽ നടത്തുവാൻ പാടുള്ളൂ എന്ന് തീരുമാനിച്ചു.

2. കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസലർക്കും, കേരള ഫാർമസി കൗൺസിൽ രജിസ്ട്രാർക്കും ബാങ്ക് മേധാവികൾക്കും ഉൾപ്പെടെ പലർക്കും സമുദായത്തെയും സമുദായ മെത്രാപ്പോലീത്തയെയും ഇകഴ്ത്തി കാണിച്ചു കൊണ്ട് സമുദായം ഫാർമസി കോളേജ് പണയപ്പെടുത്തി ലോൺ എടുക്കുവാൻ പോകുന്നു എന്ന വ്യാജ വാർത്ത സൃഷ്ടിച്ചു കൊണ്ട് അഡ്വ. റാബി ജോർജ് മുഖാന്തിരം വക്കീൽ നോട്ടീസ് അയച്ചു സമുദായത്തെ അപമാനിച്ച കാവാലം പള്ളി മെമ്പർ ശ്രീ. സ്ക്കറിയ അറയ്ക്കലിനെ അടുത്ത 15 വർഷത്തേയ്ക്ക് ക്നാനായ സമുദായത്തിലെയോ പള്ളികളിലെയോ സ്ഥാനങ്ങളോ ചുമതലകളോ വഹിക്കുന്നതിൽ നിന്നും വിലക്കണം എന്ന് പാസ്സാക്കി.

3. സമുദായ മെത്രാപ്പോലീത്തായുടെയോ സമുദായത്തിന്റെയോ അറിവോ അനുവാദമോ ഇല്ലാതെ സമുദായത്തിലെ പള്ളികളെ വിഭജിച്ച് വെട്ടി മുറിച്ച് ഭരണഘടനാ ലംഘനമായ സമാന്തര സമുദായ പ്രവർത്തനം നടത്തുവാൻ സിൽവാനോസ് മെത്രാച്ചനെയും അങ്ങനെയുള്ള പള്ളികളിൽ ശുശ്രൂഷ നടത്തുന്ന വൈദികരെയും ക്നാനായ സമുദായത്തിന്റെ പള്ളികളിൽ പ്രവേശിക്കുവാനും കർമ്മങ്ങൾ നടത്തുവാനും അനുവദിക്കരുതെന്നും അവരെ ക്നാനായ സമുദായത്തിൽ നിന്നും അകറ്റി നിർത്തണമെന്നും തീരുമാനിച്ചു.

4. വൈദിക വിദ്യാർത്ഥികളുടെ സെമിനാരി പഠനത്തിനായി സ്ഥാപിച്ചിരുന്ന ഡോ. സൈമൺ കോർ എപ്പിസ്ക്കോപ്പ എൻഡോവ്മെന്റ് ഫണ്ടിലെ മുഴുവൻ തുകയും (25 ലക്ഷം) ബഹു. കെ.സി.ഏബ്രഹാം അച്ചൻ വിവിധ ചെക്കുകളിലായി പിൻവലിച്ചത് തിരികെ കിട്ടുന്നതുവരെ അച്ചനെ ശുശ്രൂഷകളിൽ നിന്ന് മാറ്റി നിർത്തണമെന്ന് അഭി. സമുദായ മെത്രാപ്പോലീത്തായോട് ആവശ്യപ്പെടണമെന്നും അച്ചന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കണമെന്നും തീരുമാനിച്ചു.

പിന്നീട് ചോദ്യോത്തരങ്ങളിലേയ്ക്ക് കടന്നു. പ്രധാന ചോദ്യങ്ങളുടെ ഉത്തരം ഇവിടെ അറിയിക്കുന്നു

1. സമുദായ ഭരണഘടന 36 വകുപ്പ് അനുസരിച്ച് പള്ളികളുടെ വാർഷിക റിപ്പോർട്ട്, കണക്ക് തുടങ്ങിയവ വികാരി സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. അങ്ങനെ ചെയ്യാത്ത വികാരിമാരുടെമേൽ നടപടി എടുക്കേണ്ടതാണെന്നും തീരുമാനിച്ചു.

2. അമേരിക്കയിൽ അടുത്ത കാലത്ത് പരി. പാത്രിയർക്കീസ് ബാവ ഇടപെട്ടതിനെക്കുറിച്ചും അവിടുത്തെ സംഭവവികാസങ്ങളെക്കുറിച്ചും സമുദായ മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് മുടങ്ങിക്കിടന്നിരുന്ന ദൈവാലയങ്ങളിൽ വി. കുർബ്ബാന അർപ്പിച്ചു എന്ന കാരണത്താൽ അമേരിക്കയിൽ രണ്ട് അച്ചന്മാരെ പാത്രിയർക്കീസ്

ബാവ മുടക്കിയത് ക്നാനായ സമുദായം അംഗീകരിക്കില്ലെന്നും, നാട്ടിലെ ദൈവാലയങ്ങളിൽ അവർക്ക് വി. കുർബ്ബാന അർപ്പിക്കുന്നതിൽ തടസ്സം ഒന്നും ഇല്ലെന്നും, അവിടുത്തെ പുരാതന ദൈവാലയങ്ങളിൽ നിന്ന് പിരിഞ്ഞു പുതിയതായി സൃഷ്ടിച്ച ദൈവാലയങ്ങൾ എന്നു പറയുന്നവയെ സമുദായം അംഗീകരിക്കുകയില്ലെന്നും തീരുമാനിച്ചു.

3. ഫാ. അനിൽ കൊന്നയ്ക്കൽ, ഫാ. സിബി പടിപ്പുരയ്ക്കൽ എന്നീ അച്ചൻമ്മാർ ചുരുങ്ങിയ സമയത്തെ അവധിക്കായി അമേരിക്കയിൽ പോയതാണെന്നും സമുദായത്തിന്റെ അറിവോടെയല്ല അമേരിക്കയിൽ ശുശ്രൂഷകൾ നടത്തുന്നതെന്നും അറിയിച്ചു.

4. ഇന്ത്യയ്ക്ക് വെളിയിൽ സമുദായം അംഗീകരിക്കുന്ന ദൈവാലയങ്ങളിൽ നിന്നും സമുദായത്തിനുള്ള വിഹിതം തരുന്നുണ്ടെന്നും അറിയിച്ചു.

5. ഇപ്പോൾ വള്ളംകുളം അരമനയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ക്നാനായ മാനേജിംഗ് കമ്മിറ്റി അറിഞ്ഞിട്ടാണോ എന്നുള്ള ചോദ്യത്തിന്, മാനേജിംഗ് കമ്മിറ്റിയുടെ അറിവോടെ അല്ല അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് ഉത്തരം ലഭിച്ചു.

6. സമുദായത്തിലെ ശാശ്വത സമാധാനത്തിന് കഴിഞ്ഞ അസ്സോസിയേഷൻ എടുത്ത തീരുമാനം അനുസരിച്ച് സമുദായ മെത്രാപ്പോലീത്താ സഹായ മെത്രാൻമാരെയും ക്നാനായ കമ്മിറ്റിയെയും വൈദിക കൗൺസിലിനേയും ചേർത്തുള്ള മീറ്റിംഗ് വിളിച്ചു എന്നും സഹായ മെത്രാൻമാർ മീറ്റിംഗിൽ പങ്കെടുത്തില്ലായെന്നും സമുദായ സെക്രട്ടറി അറിയിച്ചു

7. മോർ സേവേറിയോസ് വിദ്യാഭ്യാസനിധി സൈമൺ കോർ എപ്പിസ്ക്കോപ്പാ ഫണ്ട്, ഓതറ സ്കൂൾ എന്നിവയെക്കുറിച്ച് വിശദമായി ചർച്ചനടത്തുകയും മേൽപ്പറഞ്ഞതൊന്നും ഇപ്പോൾ സമുദായത്തിന്റെ നിയന്ത്രണത്തിൽ അല്ലെന്നും അവയെക്കുറിച്ച് അറിയില്ലെന്നും, കണക്കുകൾ ലഭിക്കുന്നില്ലെന്നും അറിയിച്ചു. അവയുടെയൊക്കെ നിയന്ത്രണം സമുദായം ഏറ്റെടുക്കണമെന്നും തീരുമാനിച്ചു.

8. സമുദായ മെത്രാപ്പോലീത്തായേയും മൂന്നു സഹായ മെത്രാൻമാരേയും പാത്രിയർക്കീസ് ബാവ ലെബാനോനിൽ ചർച്ചയ്ക്ക് വിളിച്ചതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ എന്ന ചോദ്യത്തിന് ക്നാനായ സമുദായത്തിലെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ഒരു ഡെലിഗേറ്റിനെ ഇങ്ങോട്ട് അയക്കാം എന്ന് പാത്രിയർക്കീസ് ബാവ പറഞ്ഞതായി സമുദായ മെത്രാപ്പോലീത്താ അറിയിച്ചതായി സമുദായ സെക്രട്ടറി പറഞ്ഞു. എന്നാൽ ഇതുവരെ ഡെലിഗേറ്റ് വന്നിട്ടില്ല എന്നും വെളിപ്പെടുത്തി.

9. ലെബനോനിൽ രണ്ട് വൈദികരെ മേൽപ്പട്ടസ്ഥാനത്തേയ്ക്ക് ഉയർത്തിയ ചടങ്ങിൽ ക്നാനായ മെത്രാൻമാർ ആരും കാപ്പ ധരിക്കേണ്ടയെന്ന് പാത്രിയർക്കീസ് ബാവ പറഞ്ഞതുകൊണ്ട് അവർക്ക് കാപ്പ കൊടുത്തില്ലായെന്നും ക്നാനായ സമുദായ പ്രത്യേകതയായ എൻഡോഗമിയ്ക്ക് എതിരായി ചർച്ചകൾ നടന്നതായി ഞങ്ങളും അറിഞ്ഞു എന്നും ക്നാനായക്കാർ യഹൂദവംശജരാണെന്ന് അവകാശപ്പെടുന്നു എന്ന് വളരെ പുച്ഛത്തോടെ പാത്രിയർക്കീസ് ബാവ പറഞ്ഞു എന്നും ഇതിനെതിരായ നീക്കങ്ങൾ ക്നാനായ സമൂഹം അംഗീകരിക്കയില്ലെന്നും തീരുമാനിച്ചു.

10. കഴിഞ്ഞ അസ്സോസിയേഷനിൽ എടുത്ത വലിയ മെത്രാപ്പോലീത്തായുടെ ആർച്ച് ബിഷപ്പ് സ്ഥാനവും സമുദായ വലിയമെത്രാപ്പോലീത്താ സ്ഥാനവും പുനരാലോചനയ്ക്ക് സമുദായ മെത്രാപ്പോലീത്താ മടക്കി അയച്ചത് വീണ്ടും അസ്സോസിയേഷനിൽ അതുപോലെ തന്നെ പാസ്സാക്കി.

11. 2022/2023 ലെ റിപ്പോർട്ടും കണക്കും 2023/2024 ലേയ്ക്കുള്ള ബഡ്ജറ്റും അസ്സോസിയേഷൻ ചർച്ച ചെയ്ത് പാസ്സാക്കി.

ആറു മണിയ്ക്ക് പ്രാർത്ഥനയോടുകൂടി യോഗം അവസാനിച്ചു.

കഴിഞ്ഞ മാസത്തെ ക്നാനായ ദീപത്തിൽ ക്നാനായ സമുദായ ഭരണസമിതി ഈ ടേമിൽ ചെയ്ത വികസന പ്രവർത്തനങ്ങൾ അക്കമിട്ട് 30 കൂട്ടം കാര്യങ്ങൾ എഴുതിയിരുന്നത് ഇനിയും റിപ്പീറ്റ് ചെയ്യേണ്ട ആവശ്യമില്ലല്ലോ?

സമുദായത്തിലെ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പണവും സമുദായത്തിലെ ദൈവാലയങ്ങൾ, വിദേശത്തുള്ള നമ്മുടെ സഹോദരങ്ങളുടെയും വിദേശ ദൈവാലയങ്ങളുടെയും പങ്കാളിത്ത്വവും അതിൽ മുൻപന്തിയിൽ നിൽക്കുന്നത് ഓതറ ഫാർമസി കോളേജ്, ക്ലീമ്മീസ് സ്ക്കൂൾ, ഓതറ നസ്രേത്ത് ആശ്രമം തുടങ്ങിയതിൽ നിന്നുമാണ് ഏറിയ പങ്കും നിറവേറ്റുവാൻ ആയിട്ട് സാധിച്ചത്.

1. കൊടുങ്ങല്ലൂർ പൈതൃക സ്മാരകം
2. വടപുറം സ്കൂൾ നവീകരണവും പുതിയ കോൺക്രീറ്റ് ബിൽഡിംഗ് നിർമ്മാണവും
3. അപ്രേം സെമ്മിനാരിയുടെ നവീകരണം
4. തോട്ടയ്ക്കാട്ട് പത്തേക്കർ വസ്തു സമ്പാദനവും കോളേജ് കെട്ടിട നിർമ്മാണവും
5. ഓതറ ഫാർമസി കോളേജിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം, പുതിയ ബാസ്ക്കറ്റ് ബോൾ കോർട്ട് നിർമ്മാണം, പുതിയ ലിഫ്റ്റ് നിർമ്മാണം.
6. ക്ലീമ്മീസ് സ്കൂൾ നവീകരണം
7. പാലിയേറ്റീവ് കെയർ യൂണിറ്റ് ചിങ്ങവനത്ത്
8. റാന്നി മോതിരവയലിൽ ഹൗസിംഗ് പ്രോജക്ട്
9. ഇപ്പോൾ നമ്മൾ ഇരിക്കുന്ന അസ്സോസിയേഷൻ ഹാളിന്റെ പുനരുദ്ധാനവും നവീകരണവും
10. കൂടാതെ സമുദായത്തിലെ വൈദികർക്ക് മാന്യമായ ഒരു ശമ്പള സ്കെയിൽ കൊണ്ടുവരുവാനും പ്രാബല്യത്തിൽ വരുത്തുവാനും ഞങ്ങൾക്ക് സാധിച്ചു.
11. കോവിഡ് കാലത്തും മഹാമാരിയുടെ കാലത്തും ക്നാനായ സമുദായ അംഗങ്ങളെ ഒരു പരിധിവരെ സഹായിക്കാൻ സാധിച്ചു.
12. സമുദായം മറ്റ് ക്രൈസ്തവ സഭകളുടെ ഇടയിലും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടയിലും അറിയപ്പെടുവാൻ തക്കവണ്ണം മന്ത്രിമാർ, സഭാമേലദ്ധ്യക്ഷന്മാർ, രാഷ്ട്രീയ സാമൂഹിക നേതാക്കന്മാർ തുടങ്ങി പ്രധാനമന്ത്രിയുടെ മുമ്പിൽ വരെ സമുദായത്തിന്റെ യശസ്സ് ഉയർത്തി എത്തിക്കുവാൻ തക്കവണ്ണമുള്ള (മെറിറ്റ് അവാർഡു ഉൾപ്പെടെയുള്ള) പരിപാടികൾ നടത്തുവാൻ സാധിച്ചു.

ഈ കാര്യങ്ങളിൽ എല്ലാം ഞങ്ങൾക്ക് നേതൃത്വം നൽകിയ സമുദായ വലിയ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടും, അസ്സോസിയേഷൻ അംഗങ്ങളോടും ബഹു. വൈദിക ശ്രേഷ്ഠരോടും ഈ കാര്യങ്ങളിൽ എല്ലാ രീതിയിലും സഹകരിച്ച സമുദായത്തിലെ ആബാലവൃദ്ധം ജനങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നു.

ഇനിയും അടുത്ത അഞ്ചുവർഷം സമുദായം ധാരാളം പടവുകൾ താണ്ടേണ്ടതായിട്ടുണ്ട്.

1. തോട്ടയ്ക്കാട് സേവേറിയോസ് ക്നാനായ കോളേജിന്റെ പൂർത്തീകരണം
2. ആരോഗ്യരംഗത്ത് ആശുപത്രി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ തുടങ്ങിയവ ഉണ്ടാകണം
3. വിദേശത്തും സ്വദേശത്തും ജോലി ചെയ്യുന്ന സമുദായ അംഗങ്ങളുടെ മാതാപിതാക്കൾ അവരുടെ ജീവിത സായാഹ്നം സന്തോഷകരമാക്കുവാൻ ദൈവാലയം ഉൾപ്പെടെയുള്ള റിട്ടയർമെന്റ് സമുച്ചയം.

4. മറ്റു ക്രൈസ്തവ സഭകൾക്കുള്ളതുപോലെ ക്നാനായ സമുദായത്തിന് സ്വന്തമായി ഒരു ഓൺലൈൻ ചാനൽ ഉണ്ടാകണം.

5. സമുദായ അംഗങ്ങളായ ധാരാളം യുവതീ യുവാക്കൾക്ക് ജോലി ലഭിക്കുന്നതിന് കോപ്പറേറ്റീവ് സൊസൈറ്റി തുടങ്ങുവാൻ ശ്രമിക്കും.

6. ഭവനരഹിതരായ സമുദായ അംഗങ്ങൾക്ക് റാന്നി മോതിരവയലിൽ നിർമ്മിക്കുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിന്റെ പൂർത്തീകരണം

7. ഏത് വലിയ ശക്തികൾ എതിരെ നിന്നാലും ക്നാനായ സമുദായത്തിന്റെ സ്വവംശ വിവാഹനിഷ്ഠ (endogamy) കാത്തു പരിപാലനം.

8. സുപ്രീം കോടതി അംഗീകരിച്ച ക്നാനായ സമുദായ ഭരണഘടന നിലനിർത്തണം.

അടുത്ത അഞ്ചു വർഷത്തേയ്ക്ക് ഭരണത്തിൽ വരുന്ന പുതിയ ഭരണസമിതിയ്ക്ക് ഈ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

കഴിഞ്ഞ സെപ്തംബർ മാസം ക്നാനായ സമുദായത്തിലെ പ്രഗത്ഭരായ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് വിതരണം ചെയ്യുവാൻ സാധിച്ചു. അതിൽ കേരളത്തിലെ മന്ത്രിയും വിശിഷ്ഠ അതിഥികളും പങ്കെടുത്ത് അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ ഓതറ നസ്രേത്ത് കോളേജിൽ സേവേറിയോസ് അക്കാഡമിക് ബ്ലോക്ക് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുകയുണ്ടായി.

തോട്ടയ്ക്കാട്ട് നിർമ്മിക്കുന്ന സേവേറിയോസ് ക്നാനായ കോളേജിന്റെ ന്യൂ ബ്ലോക്കിന്റെ ശിലാസ്ഥാപനകർമ്മം ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നിർവ്വഹിച്ചു. ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, രാജു മങ്ങാട്ട് എന്നിവർ പങ്കെടുത്തു.

ക്നാനായ സമുദായത്തിൽ സമാധാനം ഉണ്ടായി ഒറ്റക്കെട്ടായി മുന്നേറുവാൻ ക്നാനായ കമ്മിറ്റിയുടെ ഭാഗത്തുനിന്നും എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും അതിൽ സഹായ മെത്രാൻമാർ സഹകരിക്കാഞ്ഞതിനാൽ ഞങ്ങൾക്ക് അത് സാധിച്ചില്ല. പരി. പാത്രിയർക്കീസ് ബാവ ഒരു ഡലിഗേറ്റിനെ അയയ്ക്കാം എന്ന് 2019 ൽ പറഞ്ഞിരുന്നു. അതു കഴിഞ്ഞ് ലബനോനിൽ കഴിഞ്ഞ മാസം നടന്ന സിനഡിലും പറഞ്ഞിരുന്നു. അവരും ഇതുവരെയായിട്ടും എത്തിയിട്ടില്ല. അത് മാത്രമേ ഈ ടേമിലെ കമ്മിറ്റിയ്ക്ക് സാധിക്കാതെ പോയിട്ടുള്ളൂ. അടുത്തു വരുന്ന ഭരണസമിതികൾക്ക് അത് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞങ്ങൾക്ക് എല്ലാവിധമായ പിന്തുണയും തന്നെ സമുദായത്തിലെ ആബാലവൃദ്ധം സമുദായ അംഗങ്ങളോടുമുള്ള നന്ദി അറിയിച്ചുകൊണ്ട് നിർത്തുന്നു

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയ്ക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

# The History of Syrian Knanaya Christian Migration to NewZealand from Malankara

The First Family Migrated to NewZealand was Mr. Sunny Jacob Moozhiparampil, and family on 1997. The second family migrated to NewZealand was Mr. Jiji Kurian Manimala,and family followed by other families. In 2009 December, Six Knanaya families in NewZealand gathered together and decided to form a Knanaya association. Hence, they declared "Knanaya Jacobite Association NewZealand" officially on 24 th October 2010, for which Mr. Sunny Jacob Moozhiparampil was president and Mr. Sudeep Raju Aronnil was the Secretary.The members met together during special occasions every year and discussions made regarding the progress of the Community.On 2013 Mr. Soman Mathew Kalayithra as President and Mr.Sujith Zachariah Konnackal as Secretary. On 2015,a meeting conducted in Auckland for the New Zealand Knanayites and elected Mr. Sibi Kurien Perumkannaril as President & Mr. JinuThomas Vadakkel Puthenveedu as Secretary. A get together had arranged at the home of Mr. Sibi and did a conversation with Knanaya Samudaya Metropolitan H.E Mor Severios Kuriakose and decided to start Holy Qurbana once in a month; thus, Holy Qurbana started there on 25 th May 2016 Rev.Dr.James JacobThodathil celebrated the first Holy Qurbana. During the First Pastoral Visit of H.E.Mor.Severios Kuriakose Metropolitan, Auckland Association was upgraded to a Church in the name of Mother Mary and it became the First parish of NewZealand on 25 th September 2016.Since every year we have been conducting regular Holy Week service and monthly Holy Qurbana(alternate sundays ) lead by Knanaya and Jacobites priests who were sent by Knanaya Samudaya Metropolitan. Currently we have regular Holy Qurbana on all sundays and other spiritual services under the leadership of Rev.Fr.Shibin Abraham Manimalethu. Now we have 28 Knanaya Families in Auckland and more than 10 Families living in different areas of the New Zealand.

# ദൈവമാതാവായ മറിയം

അഖിൽ മനോജ് പുന്നുശ്ശേരിൽ

യേശുവിന്റെ ജീവിതത്തെ രൂപീകരിച്ച ഒരു വലിയ ശക്തി തന്റെ മാതാവിന്റെ പ്രതിഷ്ഠാ ജീവിതവും വിനയസ്വഭാവവും ആണ്. ഒരുവന്റെ ജീവിതത്തെ മുഴുവനായി നിയന്ത്രിക്കുന്നത് ശൈശവകാലത്തെ പരിശീലനമാണ്. പരിശുദ്ധ കന്യകമറിയാമിന്റെ ആകർഷകത്വമുള്ള ദൈവഭക്തി ജീവിതവും താഴ്മയും സൗമ്യതയും നിരന്തരമായ പ്രാർത്ഥനാ ജീവിതവും എല്ലാ യേശുവിനെ ശക്തമായിട്ട് സ്പർശിച്ചിരിക്കണം. സ്ത്രീ എന്തായിരിക്കണമെന്നും എങ്ങനെ ആയിരിക്കണം എന്നും ആരായിരിക്കണം എന്നുമുള്ള ചോദ്യത്തിന് വ്യക്തമായ മറുപടിയാണ് പരിശുദ്ധ കന്യകമറിയാം. സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയും, നിയമ പെട്ടകവും, മന്ന നിക്ഷേപിത ചെപ്പും, അഹരോന്റെ തളിർത്ത വടിയുമാണ് പരിശുദ്ധ അമ്മ. "കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം'' എന്ന് ഗബ്രിയേൽ മാലാഖയും, 'സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ, എന്റെ കർത്താവിന്റെ അമ്മ' എന്ന് എലിശബേത്തും വിശേഷിപ്പിച്ച സ്ത്രീത്വത്തിന്റെ മകുടമാണ് പരിശുദ്ധ കന്യകമറിയാം. അവതരിച്ച വചനത്തിന്റെ മാതാവ് ആകുവാൻ വിളിക്കപ്പെട്ട മറിയാം എളിയവളായിരുന്നു. നസ്രത്തിലെ ഗ്രാമീണ ഭവനത്തിൽ അദ്ധ്വാനത്തിന്റെ ജീവിതം നയിച്ചവൾ ആയിരുന്നു. അന്നത്തെ ഗ്രാമീണ വനിതകളുടെ തൊഴിൽ തുണി നെയ്ത്തായിരുന്നു. എല്ലാവരെയുംപോലെ മറിയവും തുണി നെയ്യുന്ന ജോലി ചെയ്തിരുന്നു. അദ്ധ്വാനത്തിന്റെയും, കഷ്ടപ്പാടിന്റെയും ജീവിതമായിരുന്നു പരിശുദ്ധ അമ്മയുടേത്. അന്നും ഇന്നും എന്നും മറിയത്തിന്റെ ഈ ജീവിത മാതൃക അനുകരണീയമാണ്. സ്വന്തം കൈകൊണ്ട് അദ്ധ്വാനിക്കണം. ലോകത്തിന്റെ ദാരിദ്ര്യവും, കഷ്ടപ്പാടുമകറ്റാൻ ഒരു പങ്ക് നമുക്ക് വഹിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുന്ന ഒരു മാതൃക മറിയത്തിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. യേശുവിനെ പരിശുദ്ധ കന്യക മറിയാം ഉൾക്കൊണ്ട് ലോകത്തിന് കൊടുത്തതുപോലെ സ്വീകരിക്കുകയും കൊടുക്കുകയും ചെയ്യുക. അതാണ് യഥാർത്ഥ ഒരു ക്രൈസ്തവന്റെ ധർമ്മം. മറ്റാരെയുംകാൾ കൂടുതലായി പരിശുദ്ധ മറിയത്തിന് ദാസി എന്ന പദവി ലഭിക്കുന്നത് വി. ലൂക്കോസ് 1:38-ാം വാക്യത്തിൽ നാം കാണുന്നു. സ്വഭാവികമായി ഒരു കന്യക ഇഷ്ടപ്പെടാത്ത കൃത്യത്തിനാണ് മറിയാം ദൈവത്തിനു മുമ്പിൽ ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നു പറഞ്ഞത്. അത് ദൈവീക പദ്ധതി ആണെന്ന് ഉത്തമമായ ബോധ്യമുണ്ടായിരുന്നു പരിശുദ്ധ അമ്മയ്ക്ക്.



അമ്മയുടെ ജീവിതത്തിലെ ബലിയർപ്പണമാണ് ''ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്ക് പോലെ എനിക്ക് ഭവിക്കട്ടെ" എന്നുള്ളത്. വരാനിരിക്കുന്ന വേദനകളും ബുദ്ധിമുട്ടുകളും കണ്ടുകൊണ്ടുതന്നെയാണ് മാതാവ് ഇത് ഏറ്റു പറഞ്ഞത്. ജീവിതത്തിന്റെ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ ദൈവഹിതം ആരാഞ്ഞു ആ വഴിയെ പോകുവാൻ പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് സ്വീകരിക്കാം. ഗബ്രിയേൽ മാലാഖയുടെ വാക്ക് കേട്ട് അതിനെ സ്വീകരിച്ച മറിയാം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറയപ്പെട്ടു. മറിയാമിന്റെ ഉദരത്തിൽ വളർന്നുകൊണ്ടിരുന്ന ദൈവപുത്രനെ പ്രസവിക്കുംവരെ കാത്തുനിൽക്കാതെ ലഭിച്ച പരിശുദ്ധാത്മാവിനെ എത്രയും വേഗം എലിസബേത്തിന് പകർന്നു നൽകുവാൻ തുടക്കത്തിൽ പുറപ്പെട്ടു. യാത്രയുടെ ദൂരമോ, ദുർഘടമോ, ഗർഭാവസ്ഥയോ പരിശുദ്ധ അമ്മയ്ക്ക് തടസ്സമായില്ല. ആഴമേറിയ സമർപ്പണ ജീവിതം നൽകുന്ന വ്യക്തിക്ക് മാത്രമേ എപ്പോഴും ദൈവത്തെ സ്തുതിക്കുവാൻ സാധിക്കൂ. പരിശുദ്ധ ദൈവമാതാവ് ദൈവഹിതത്തിന് തന്നെത്തന്നെ മുഴുവനായി സമർപ്പിച്ചു. പിന്നീട് തന്റെ ജീവിതത്തിലുണ്ടായ എല്ലാ തിക്താനുഭവങ്ങളെയും സമചിത്തതയോടെ നേരിടുവാനുള്ള ശക്തി ഈ സമർപ്പണത്തിലൂടെ മാതാവിന് ലഭിച്ചു. നമ്മുടെ പദ്ധതിയല്ല, മറിച്ച് ദൈവീക പദ്ധതി നമ്മുടെ ജീവിതത്തിൽ നിറവേറ്റപ്പെടാനുള്ള സമർപ്പണം നടത്തുന്നതിലൂടെ നമ്മുടെ ജീവിതത്തിലെ എല്ലാ അനുഭവങ്ങളും ദൈവ കരങ്ങളിൽനിന്നു സ്വീകരിക്കാനുള്ള ശക്തി ദൈവം നമുക്ക് നൽകും.

മറിയത്തെപ്പോലെ ദൈവവചനത്തിനനുസൃതമായാണ് നാം ജീവിക്കുന്നതെങ്കിൽ പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവും ശക്തിയും സമാധാനവും നമുക്ക് ലഭിക്കും.

# ദൈവത്തിന്റെ മറുപടികത്ത്

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

അമേരിക്കയിൽ ജോലി ചെയ്തുകൊണ്ടിരുന്ന വെറും മുപ്പത്തിയേഴു വയസ്സുമാത്രം പ്രായം ഉണ്ടായിരുന്ന ഒരു ഡോക്ടർ താൻ മരിക്കുന്നതിനുമുൻപ് ഒരു ഡയറിയിൽ പലതും എഴുതിവച്ചിരുന്നു. അദ്ദേഹം ഒരു ന്യൂറോ സർജൻ മാത്രമായിരുന്നില്ല, ഒരു സാഹിത്യകാരനും തത്വചിന്തകനുമായിരുന്നു. വളരെ ഉന്നതിയിലേക്ക് കുതിച്ചു ഉയർന്നുകൊണ്ടിരുന്ന ഡോക്ടർക്ക് മുപ്പത്തിയേഴാമത്തെ വയസ്സിൽ കാൻസർ പിടിപ്പെട്ടു. താൻ ഇനിയും അധികനാൾ ജീവിച്ചിരിക്കില്ല എന്നു മനസ്സിലാക്കിയിട്ടാണ് ഈ ഡയറി എഴുതിയത്. എങ്ങനെയോ ഈ ഡയറി വളരെ പ്രസിദ്ധനായ ഒരു മനുഷ്യന്റെ കയ്യിൽ കിട്ടി. ഇതിൽ എഴുതിയിരിക്കുന്നതൊക്കെ വായിച്ചപ്പോൾ അദ്ദേഹത്തിനു കരച്ചിൽ വന്നു. അദ്ദേഹം ലോകത്തിന്റെ അധിപതിയായ ദൈവത്തിനു ഒരു കത്തെഴുതി. അതിന്റെ മറുപടി വന്നത് കെട്ടുകഥയാണെങ്കിൽപോലും നമുക്കൊന്നു വായിച്ചു നോക്കാം. സ്നേഹിതരേ മറുപടി ഇപ്രകാരമാണ്. എനിയ്ക്കിവിടെ നിങ്ങളെപ്പോലെ വലിയ തിരക്കൊന്നുമില്ലാത്തതുകൊണ്ട് ഉടനെതന്നെ മറുപടി തരുകയാണ്. നീ ഈ എഴുത്ത് എനിയ്ക്കെഴുതിയതിന്റെ കാരണം മരിക്കാറായ ഒരു മനുഷ്യന്റെ ഡയറി നീ വായിച്ച് മനസ്സു തകർന്നപ്പോഴാണ് എന്ന് എനിക്കു മനസ്സിലായി. ഇതുപോലുള്ള വിഷയ പ്രശ്നങ്ങൾ വരുമ്പോൾ മാത്രമേ നിങ്ങൾ മനുഷ്യൻ ദൈവത്തേക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തിക്കുകയുള്ളു എന്നെനിക്കറിയാം. എനിക്കതിൽ പരാതിയില്ല. ശരാശരി 70–80 വയസ്സാണ് ഞാൻ മനുഷ്യർക്കുവച്ചിരിക്കുന്നത്. ഏതു നിമിഷവും നിലയ്ക്കാവുന്ന ഒരു ഘടികാരമാണ് നിങ്ങൾ, അല്ലെങ്കിൽ ഏതു നിമിഷവും അണയാവുന്ന ഒരു തിരിനാളമാണു നിങ്ങൾ. ഞാൻ നിങ്ങൾക്കു ലോകത്തിൽ അനുവദിച്ചു തന്നിരിക്കുന്ന സമയം നിങ്ങൾ എത്രമാത്രം നല്ലകാര്യത്തിനു ഉപയോഗിക്കുന്നുണ്ട്. പരദൂഷണം പറയാനും, മറ്റുള്ളവരുടെ കാര്യങ്ങളിൽ കയറി ഇടപെടാനും തമ്മിൽതല്ലാനും കേസു കൊടുക്കാനും, മതം, ജാതി പറഞ്ഞു വഴക്കുണ്ടാക്കാനും ഏറെ സമയം ചിലവഴിക്കുന്നു. കഴിഞ്ഞ ദിവസം ദൈവമായ ഞാൻ നിങ്ങളുടെ നാട്ടിൽകൂടി തീവണ്ടിയിൽ ഒരു യാത്ര ചെയ്യാനിടയായി. ഒരു പാടു സമയം വണ്ടിയിൽ. ആരും എന്നോടു ഒന്നും മിണ്ടിയില്ല. കൊച്ചുകുട്ടികൾപോലും നിശ്ശബ്ദരാണ്. കാരണം എല്ലാവരും വാട്ട്സാപ്പിലും ഫെയ്സ്ബുക്കിലുമൊക്കെയാണ്. പണ്ടൊന്നും ഇങ്ങനെയൊന്നുമല്ലായിരുന്നു. ദിവസത്തിന്റെ മുക്കാൽ സമയവും ഇങ്ങനെയൊക്കെ ചിലവഴിച്ചിട്ട് ജീവിതം പാഴാക്കികളയുന്നല്ലോന്ന് ഓർത്തുപോയി.



ഇപ്പോൾ നിങ്ങൾ സമയം ചിലവാക്കുന്നത് എനിക്കുവേണ്ടിയെന്നു പറയും. കാരണം കോൺക്രീറ്റുകൊണ്ടു ചുട്ടുപൊള്ളുന്ന ആലയമുണ്ടാക്കി, അതു മോടിപിടിപ്പിച്ചു. എന്റെ പേരു പറഞ്ഞു സംഘടനകൾ ഉണ്ടാക്കി പണം പിരിച്ച് തമ്മിൽതല്ലി കേസും പറഞ്ഞ് എന്തുമാത്രം സമയം ചിലവഴിക്കുന്നു. എന്റെ പേരുപറഞ്ഞു വഴക്കുണ്ടാക്കാനും പണം പിരിക്കാനും ആരാണ് നിങ്ങളെ ഏല്പിച്ചത്. ജീവിതം എന്നു പറയുന്നത് ഒരു മരച്ചുവട്ടിലെ മനോഹരമായ ഉറക്കമാണ്, അല്ലെങ്കിൽ മയക്കമാണ്. ഒരാൾക്ക് മറ്റൊരാളെ ശാരീരികമായും മാനസികമായും ഉപദ്രവിക്കാൻ അവകാശമില്ല. പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ച എനിക്കറിയാം എന്റെ കാര്യം നോക്കാൻ. എന്റെ കാര്യത്തിൽ ആരും ആകുലരാകേണ്ട എന്ന് എല്ലാവരോടും പറയുന്നു. ദുഷ്ടചിന്തകളെ മാറ്റി തമ്മിൽ തമ്മിൽ സ്നേഹം വാക്കുകളിൽ ഒതുക്കാതെ ജീവിതത്തിൽ കാട്ടുവാൻ ശ്രമിക്കുക എന്നുള്ള മറുപടിയുമായി നിർത്തുന്നു. ഈ ലോകത്തിലുള്ള മനുഷ്യർക്കുവേണ്ടിയുള്ള ദൈവത്തിന്റെ മറുപടി കെട്ടുകഥയാണെങ്കിൽപോലും എത്ര സത്യമാണ്. “ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു” (സഭ.7:29). ദൈവത്തിന്റെ പേരു പറഞ്ഞു പണം പിരിക്കാനും സ്ഥാനമാനങ്ങൾ നേടിയെടുക്കാനും എന്തൊരു തിടുക്കമാണ്. നിന്റെ ഹൃദയത്തിന്റെ ദുഷ്ടത കഴുകി കളക. നിന്റെ ദുഷ്ട വിചാരങ്ങൾ എത്രത്തോളം നിന്റെ ഉള്ളിൽ ഇരിക്കും(യിരമ്യ. 4:14). വിശ്വാസികൾക്കുപോലും വിശ്വാസം നഷ്ടപ്പെട്ടുപോകുന്നരീതിയിൽ ആരാധന ആലയങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ആരാധനാലയത്തിന്റെ ഭംഗിക്കാണ് പ്രസക്തി, ആരാധനയ്ക്കല്ല. ഓരോ പട്ടക്കാരും മാറിമാറിവരും; അവര് ആ പള്ളിയിൽ എന്തു പുരോഗമനം വരുത്തി എന്നുള്ളതിലാണ് അച്ചനുള്ള പ്രസക്തി. അതിലുള്ള മനുഷ്യമനസ്സിനു എന്തു മാറ്റം വരുത്തി എന്നുള്ളതിലല്ല പ്രസക്തി. ആടുകളെ മേയിക്കേണ്ട ആട്ടിടയൻ ആട്ടിൻകൂട് നന്നാക്കിയിട്ടുപോയാൽ എന്തു പ്രയോജനം. ആടുകളെല്ലാം കൂട്ടം തിരിഞ്ഞു നടക്കുന്ന കാരണം ഭംഗിയായി കിടക്കുന്ന ആട്ടിൻകൂട്ടിൽ ആടില്ല. കൂടിന്റെ ഭംഗിയേയുള്ളു; വേണ്ടുന്ന ഭക്ഷണമില്ല. ആടുകൾ ഭക്ഷണം തിരക്കി വേറെപോകുന്നു. “നീ എന്നെ മറന്നു വ്യാജത്തിൽ ആശ്രയിച്ചിരിക്കകൊണ്ട് ഇത് നിന്റെ ഓഹരിയും ഞാൻ അളന്നു തന്ന അംശവുമാകുന്നു എന്നു യഹോവയുടെ അരുളപ്പാട്” (യിരമ്യ.13:25) അവൻ ആശ്രയിച്ച കൂടാരത്തിൽനിന്ന് അവൻ വേർപിരിഞ്ഞുപോകും.

# വിവാഹിതരായി



Advt - O

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ തെക്കേപ്പറമ്പിൽ Siby T. Simon-ന്റെയും Suma Sibyയുടെയും മകൾ **Richa Anna Siby** യും ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ മാലത്തുശ്ശേരിൽ പരേതനായ M.A. Mathew-ന്റെയും Jolly Mathew-ന്റെയും മകൻ **Jelin Mathew**–ഉം തമ്മിലുള്ള വിവാഹം 29/07/2023 ൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ നടത്തപ്പെട്ടു.

## *50th Wedding Anniversary*

09-09-2023



## LILLY ABRAHAM & PC ABRAHAM

### PLANTHARAYIL- HOUSE, MANNAR

'HAPPY GOLDEN ANNIVERSARY' to APPACHAN & AMMACHY

With Love, Salmon, Daniel, Darin & Sera

Advt - O



# St. Mary's Knanaya Church

Auckland, New Zealand


## Managing Committee
## 2022 to 2024




**Fr. Shibin Abraham**
Manimalethu (H)
Vechoochira
President/Vicar



**Alex John**
Thachileth (H)
Ramamangalam
Vice President



**Abey Chacko**
Kodinjoor (H)
Thiruvalla
Secretary



**Boney Thomas**
Kodathuparambil (H)
West Othera
Trustee



**Nijo Abraham Jacob**
Kulangara
Chettiyakunnel (H)
Chingavanam
C. Member



**Cicin Baboo Kurian**
Edavazhickal (H)
Ernakulam
C. Member



**John Lolak Sabu**
Manimalethu (H)
Ranni
C. Member



**Mathew Jacob**
Puthiyamadom (H)
Kurichy
C. Member



**Ansu Lijo**
Karamkuttiyil (H)
Ranni
Vanitha Samj.
Secretary



**Sani Nijo**
Kulangara
Chettiyakunnel (H)
Chingavanam
Vanitha Samj.
Co-ordinator



**Sonia Mathew**
Puthiyamadom (H)
Kurichy
Vanitha Samj.
Trustee



**Nisha Sibi**
Perumkannaril (H)
Mannar
Sunday School
Headmistress



**Soman Mathew**
Kalayithra (H)
Ranni
Auditor

Advt - O

# St. Mary's Knanaya Church

Auckland, New Zealand

## Church Events 2022 to 2023

























Advt - O

# St. Thomas Valiyapally Ranni

Angadi P.O., 689674
Ranni, Pathanamthitta Dist.
Kerala State, India
Phone: 04735-296794

Website: www.valiyapallyranni.com
E-mail: vicar@valiyapallyranni.com
Secretary@valiyapallyranni.com
Trustee@valiyapallyranni.com

## Edavaka Niravahaka Samithi 2023-2025



Rev. Fr. Anub C. Stephen
Veliyathu Thundiyil
Vicar




Rev. Fr. Binu Mathew
Payyanattu



M.K. Andrews (Bichu)
Aykkattumannil
Trustee




T.K. Kurian (Babu)
Mepparathil Thekkattil
Secretary



K.A. Abraham (Kunjumon)
Kannankara Vadakkethil



K.P. Alex
Kavumkal



Tinku P. Shaji
Pullampallil



Bibin Kuruvilla
Kallamparambil



Joseph Thomas (Rajan)
Edasseril



Kuriakose Idiculla (Sunny)
Kulamadayil



Saji Punnoose
Cheriyamoozhiyil



Titus Mathew
Mundapalackal Paroor



Thomson Kuruvilla (Tibu)
Purackal



A.C. Thomas
Edasseril



Thomas P. Mathew (Thomaskutty)
Puthenpurackal



Prasad Stephen
Kavumkal
(Auditor)

Advt - S

# ST. GEORGE KNANAYA CHURCH, MANCHESTER, UK

## Managing Committee 2023-2025

**Vicar**



Rev. Fr. Jomon Punnoose
Kochuparambil
Chingavanam

**Asst. Vicar**



Rev. Fr. Nidhin Sunny
Vallappurakal
Kallissery

**Trustee**



Abraham T Kurian
Thyparambil
Venpala

**Secretary**



Santhosh Kuruvilla
Palakudiyil
Chingavanam

**Committee Members**



Binu Jacob
Ayroor
Kurichy




Binu Punnoose
Keelathra
Mazhukeer



Mano P Stephen
Puthanpurackal
Ranni



Mano Thomas
Valiyavettil Padickal
Kattodu



Reji Joseph
Panachayil
Kallissery

**Com. Member**



Shiju Korah
Mundukottackal
Mannumarathy

**Auditor**




Ranju P Thomas
Puthenkalathil
Neelamperoor

**Vanitha Samajam Co-Ordinator**



Bindhu Binu
Ayroor
Kurichy



Smija Shelly
Kuttisseril
Chingavanam

Advt - O

# വിവാഹിതരായി



Advt -S

റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ ചരിവുപറമ്പിൽ Jacob C. Joseph (Jim)-ന്റെയും Susan Jacob-ന്റെയും മകൻ **Joseph Jacob**-ഉം തിരുവനന്തപുരം പാറ്റൂർ സെന്റ് ഇഗ്നാത്തിയോസ് പള്ളി ഇടവകയിൽ കോടത്ത് K.K. Abraham-ന്റെയും Lila Abraham-ന്റെയും മകൾ **Sera Abraham**-ഉം തമ്മിലുള്ള വിവാഹം 2023 ജൂലൈ 9-ാം തീയതി റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ റവ. ഫാ. ജിക്കു സഖറിയ ചരിവുപറമ്പിലിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



Advt - O

# അഭിനന്ദനങ്ങൾ



മെഡിക്കൽ ലാബ് ടെക്നോളജിയിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും PHD നേടിയ, തിരുവനന്തപുരം ഗവൺമെന്റ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ – **മിനി ജോസഫ്.**

ചിങ്ങവനം വെളുത്തേടത്ത് മാവേലിൽ പരേതനായ V.O. ജോസഫിന്റെയും ലീലാമ്മ ജോസഫിന്റെയും മകളാണ്. ഭർത്താവ് തിരുവല്ല തെങ്ങേലി, മണലിത്തറ ശ്രീ. എം.കെ. തോമസുകുട്ടി (ചീഫ് മാനേജർ, SBI, AO, തിരുവനന്തപുരം). തെങ്ങേലി സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗമാണ്.

മക്കൾ: ഹിമ, വിശാൽ & റൊഷേൽ, കൊന്നക്കൽ
സാന്ദ്ര & മിഥുൻ, മുക്കാട്ട്

Advt - O

# ആശംസകൾ



**Alexander K. Philip (Alex, Eranjal)**

May 2004 മുതൽ അഭി. സമുദായ മെത്രാപ്പോലീത്തായുടെ PA Cum Office Secretary എന്ന സ്തുത്യർഹമായ സേവനത്തിൽ നിന്നും 1st September 2023 – നു വിരമിച്ചു. വിശ്രമ ജീവിതത്തിനു സർവ്വവിധ ആശംസകളും നേരുന്നു.

ഫാ. ഏലിയാസ് സ്കറിയാ ഇളവൻകളം
ഭദ്രാസന സെക്രട്ടറി

# ക്നാനായ സമുദായ മെറിറ്റ് അവാർഡ് 2023




ക്നാനായ സമുദായ മെറിറ്റ് അവാർഡ് ബഹു. മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ മെത്രാപ്പോലിത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി റ്റി.ഒ.ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറൽ ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരി, വൈദിക ട്രസ്റ്റി ഫാ.മോനായി ഫിലിപ്പ് കർക്കടകംപള്ളിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ് കുട്ടി മറ്റക്കാട്ട്, ആലിച്ചൻ ആറൊന്നിൽ വില്ലി വടാമറ്റം, റ്റി.സി.തോമസ് തോപ്പിൽ, ഉതുപ്പാൻ ജോസഫ് ചരിവുപറമ്പിൽ, സാബു കണ്ണാട്ടിപ്പുഴ, ഫാ. ഏലിയാസ് സ്ക്കറിയാ ഇളവൻകളം, ഫാ. ജേക്കബ് കല്ലുകുളം എന്നിവർ സമീപം.

# ശിലാസ്ഥാപന കർമ്മം



കോട്ടയം തോട്ടയ്ക്കാട് നിർമ്മിക്കുന്ന സേവേറിയോസ് ക്നാനായ കോളജിന്റെ ന്യൂ ബ്ലോക്കിന്റെ ശിലാസ്ഥാപന കർമ്മം ഗവ. ചീഫ് വിപ്പ് Dr. N. ജയരാജ് നിർവഹിക്കുന്നു. **ക്നാനായ സമുദായ മെത്രാപ്പോലിത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, ഡീക്കൻ , ചിക്കു ബേബി, രാജു മരങ്ങാട്ട് എന്നിവർ സമീപം.

# 'സ്വാതന്ത്ര്യദിന സ്മൃതിസംഗമം'



ക്നാനായ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ **'സ്വാതന്ത്ര്യ ദിന സ്മൃതി സംഗമം'** ക്നാനായ **സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മാർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജേക്കബ് കല്ലുകുളം, ഫാ. തോമസുകുട്ടി മങ്ങാട്ട്, റോയ് പുത്തൻപുരയ്ക്കൽ, അനീഷ് റ്റി. സി. തകിടിയിൽ, സജി താന്നിക്കൽ, സുമിത്ത് മാക്കോന്തറ, സജി തോണ്ടുകുഴിയിൽ, അനു പാടകശ്ശേരിയിൽ, ജൂബി കൊല്ലംപറമ്പിൽ, ഡീക്കൻ ചിക്കു കാരിമറ്റം, ഡീക്കൻ മെറ്റോ വെട്ടിപ്പറമ്പിൽ, സജി തകിടിയിൽ എന്നിവർ സമീപം

# ക്നാനായ സമുദായ വികസന സ്മരണിക പ്രകാശനം



ക്നാനായ സമുദായ വികസന സുവർണ്ണ കാലഘട്ടം 2018 – 2023 സ്മരണികയുടെ പ്രകാശനം **ക്നാനായ സമുദായ മെത്രാപ്പോലിത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയിൽ** നിന്നും സ്വീകരിച്ച് റാന്നി MLA അഡ്വ. പ്രമോദ് നാരായൺ നിർവഹിക്കുന്നു. വികസന സ്മരണിക സമുദായത്തിലെ എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതാണ്.
റ്റി.ഒ. ഏബ്രഹാം, സമുദായ സെക്രട്ടറി

# കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പ്രതിഷേധജ്വാല



മണിപ്പൂരിൽ നടക്കുന്ന വംശീയകലാപത്തിൽ പ്രതിഷേധിച്ചുകൊണ്ട് ക്നാനായ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പ്രതിഷേധജ്വാല തെളിയിച്ചു. അക്രമം ഉടൻ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തു നിന്ന് ഉണ്ടാവണമെന്ന് ക്നാനായ സമുദായ മെത്രാപ്പോലിത്ത കുറിയാക്കോസ് മോർ സേവേറിയോസ് പറയുകയുണ്ടായി. കേന്ദ്ര പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിക്കുകയുണ്ടായി.



# നേതൃത്വം: അടുത്ത തലമുറ എന്ത് കണ്ടുപഠിക്കും?

സുനിൽ ഡി. കുരുവിള

"Before you are a leader, success is all about growing yourself. When you become a leader, success is all about growing others".- Jack Welch

നേതാവാകാൻ എല്ലാവർക്കും വലിയ താല്പര്യമുള്ള കാലമാണ്. എല്ലാരംഗത്തും നേതൃത്വത്തിന് ക്ഷാമവുമുണ്ട്. സ്ഥാനമാനങ്ങളും privilege കളും ആണ് നേതൃത്വം എന്ന് ഏറെക്കുറെ എല്ലാവരും മനസ്സിലാക്കിയിരിക്കുന്നു. അതുതന്നെയാണ് അപകടവും! നേതൃത്വം ഉത്തരവാദിത്വമാണ് എന്ന തിരിച്ചറിവിലേയ്ക്ക് സമൂഹത്തെ നയിച്ചേപറ്റൂ! ഇല്ലെങ്കിൽ സർവ്വനാശമായിരിക്കും ഫലം!

രാഷ്ട്രീയം, മതം, സാമൂഹികം എന്നീ മേഖലകളിൽ പ്രത്യേകിച്ച് ഒരു eligibility യും ഇല്ലാത്തവർക്കും നേതാവാകാൻ സാധിക്കും. ഇന്ന് അത്തരം ആൾക്കാരുടെ ഒരു പ്രവാഹം തന്നെ ഈ മേഖലയിൽ ഒക്കെ കാണാൻ കഴിയുന്നുണ്ട്. ഇങ്ങനെയുള്ളവർ നേതൃസ്ഥാനത്തു വന്നാൽ അവരെ മുതലെടുത്ത് ഒരു 'സ്തുതിപാടക' കൂട്ടം കൂടെക്കൂടുകയും അവരെ വച്ച് മുതലെടുക്കുകയും ചെയ്യും!

വേറൊന്ന്, കഴിവുണ്ട് എന്നാൽ മൂല്യബോധമില്ല എന്നുള്ള അവസ്ഥയുള്ളവരാണ്. ഇത്തരക്കാർ സ്വാർത്ഥരും ആർത്തിയുള്ളവരും അഴിമതിക്കാരും ആയിരിക്കും! നല്ല നേതൃത്വം ലഭിക്കുക എന്നത് ഈ കാലഘട്ടത്തിൽ ഒരു ഭാഗ്യമാണ്!

ഇന്ന് നമ്മുടെ സമൂഹം എല്ലാ മേഖലയിലും അധ:പതിച്ചിട്ടുണ്ടെങ്കിൽ അതിനു കാരണം merit ഉള്ളവർക്ക് നേതൃത്വത്തിലേയ്ക്ക് വരാൻ കഴിയാത്തതാണ്! മികവുള്ളവരെ സംഘടിതമായി തമസ്ക്കരിച്ചും അപകീർത്തിപ്പെടുത്തിയും ഭയപ്പെടുത്തിയും ഒക്കെ നേതൃരംഗത്ത് നിന്ന് അകറ്റി നിർത്താൻ വലിയ ശ്രമം തന്നെ നടക്കുന്നുണ്ട്. വിദ്യാഭ്യാസമില്ലാത്തവർ വിദ്യാഭ്യാസ മന്ത്രിയാകുന്നതും യാതൊരു സ്വഭാവമോ വ്യക്തിത്വമോ ഇല്ലാത്തവർ സംഘടയുടെയൊക്കെ നേതൃത്വത്തിൽ വരുന്നതും ഒക്കെ ഇന്ന് സർവ്വസാധാരണമായി കഴിഞ്ഞു. നേതൃത്വത്തിൽ ഇന്ന് വളരാൻ കഴിയുന്നത് അടിമകൾക്കാണ്. വ്യക്തിത്വവും മൂല്യങ്ങളും നിലപാടുകളും ബാധ്യതയായി മാറിയിരിക്കുന്നു. ചെറിയ പ്രായം മുതലേ കുട്ടികൾക്കും ലഭിക്കുന്നത് ഈ വികലമായ നേതൃമാതൃകയാണ്. ഇത് ഭാവിയിലും നേതൃരംഗങ്ങളെ വികലമാക്കും സംശയമില്ല.

ഒരിക്കൽ Charlie Chaplin പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്, "നന്മ ചെയ്യാൻ അധികാരം വേണമെന്നില്ല എന്നാൽ തിന്മ ചെയ്യാൻ അത് കൂടിയേ തീരൂ". അധികാരം ഇന്ന് നന്മ ചെയ്യാനുള്ള ഒരു platform ആയി ആരും പൊതുവെ കാണുന്നില്ല. അധികാരം ഇന്ന് കൂടുതൽ പണമുണ്ടാക്കാനും അറുമാദിക്കാനും ഒക്കെയുള്ള വേദിയായി മാറിക്കഴിഞ്ഞു. എങ്ങനെ കൂടുതൽ കയ്യടി വാങ്ങാം. പോപ്പുലർ ആകാം സ്വന്തക്കാരെ 'നല്ലതിലും വലുതിലും' ഒക്കെ തള്ളിക്കയറ്റാം... ഇങ്ങനെ പോകുന്നു രാഷ്ട്രീയം!

പ്രായമായാൽപോലും തൃപ്തിയില്ല... മതി എന്നൊരു വികാരമേയില്ല. തൊണ്ണൂറു വയസ്സായാലും മാറിക്കൊടുക്കാതെ കസേരയും കെട്ടിപിടിച്ചിരിക്കുന്നവരെ ഇന്ന് എല്ലാരംഗത്തും കാണാം! പ്രത്യേകിച്ച് ഒരു മൂല്യവുമില്ല. ഏതു തെറ്റിനെയും കാര്യസാധ്യത്തിനുവേണ്ടി ന്യായീകരിക്കാം! ഏതു കൊള്ളക്കാരുടെ കൂടെയും പങ്കുചേരും... ആരെ വേണമെങ്കിലും പുകഴ്ത്തും.... എനിക്കും കിട്ടണം അവാർഡ്, അത്രമാത്രം! "നീ എന്റെ പുറം ചൊറി ഞാൻ നിന്റെ പുറം ചൊറിയാം"!

ഇതാണോ നേതൃത്വം? ചിന്തിക്കാം. നീ അളക്കുന്ന നാഴിയിൽ തന്നെ നിനക്കും അളന്നു കിട്ടും. നീ കുഴിച്ച കുഴിയിൽ നീ തന്നെ വീഴും! നീ വിതച്ചത് നീ കൊയ്യും! നമ്മൾ ഓരോരുത്തരെയും പറ്റിയ്ക്കുമ്പോൾ നമ്മളും പറ്റിക്കപ്പെടുകയാണ് ഓർക്കാം. കാരണം ഈ അധികാരവും ഭൂരിപക്ഷവും പണവും ഒന്നും എന്നും നമ്മുടെ ഭാഗത്തു തന്നെ ഉണ്ടാവണം എന്നില്ല. ലോകത്തിലെ ഏറ്റവും ശക്തർ എന്ന് സ്വയം പുകഴ്ത്തിയവർ ഒക്കെ നരകിച്ചു ചാകുന്നതോ അല്ലെങ്കിൽ നിരാശയോടെ ജീവിതം തള്ളിനീക്കുന്നതോ ആത്മഹത്യ ചെയ്യുന്നതോ ഒക്കെ ലോകം കണ്ടു! വാരിക്കൂട്ടിയവന്റെയൊക്കെ തലമുറ നശിക്കുന്നത് കണ്ടു? ഒരു രോഗാണുവിനുപോലും നമ്മൾ വാരിക്കൂട്ടിയ സകലതും ഞൊടിയിടയിൽ ഇല്ലാതാക്കാൻ കഴിയും എന്ന് RCC ൽ നമ്മൾ കണ്ടു! വെള്ളപ്പൊക്കവും കോവിഡും ഒക്കെ ഒരുപാടു പാഠങ്ങൾ നൽകി എങ്കിലും അതിൽ നിന്നു പഠിക്കാനുള്ള ജ്ഞാനം എല്ലാവരിലും പ്രതീക്ഷിക്കുന്നത് ആർഭാടമാണ് എന്ന് അറിയാം!

സ്നേഹിച്ചതും സഹായിച്ചതും വിട്ടുകൊടുത്തതും ക്ഷമിച്ചതും ഒക്കെയായിരുന്നു യഥാർത്ഥ നേതൃഭാവം എന്ന് ഒരു നേതാവിന്റെ വിലാപയാത്ര ഈ നാളുകളിൽ നമുക്ക് കാട്ടിത്തന്നിട്ടും അധിക ദിവസം ആയില്ല! ഓർക്കാം! 41 ദിവസം കഴിഞ്ഞിട്ടും ആ കബറിങ്കലേക്കു ജനം ഒഴുകിയെത്തുന്നുണ്ടെങ്കിൽ അതിൽ കൂടുതൽ എന്താണ് ഒരു നേതാവിന് ലഭിക്കാനുള്ളത്? വെട്ടിപിടിച്ചവനല്ല വിട്ടുകൊടുത്തവനാണ് യഥാർത്ഥ നേതാവ്! കൂലിക്കു നിർത്തിയവരൊക്കെ വീഴും വരെ മാത്രമെ കൂടെ കാണൂ! PR Agency കൂലികൊടുക്കും വരെയേ കൂടെ ഉണ്ടാകൂ!

അദ്ധ്യാപകർ പോലും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും അടിമകളായി കഴിയുന്ന ഒരു സമൂഹത്തിൽ നല്ല നേതൃത്വം ആര് കാണിച്ചുകൊടുക്കാനാണ്. സമൂഹത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ കഴിയാത്തവർ ഒക്കെ 'Professor' ആണ് എന്ന് പറയുമ്പോൾ എത്ര ദരിദ്രമാണ് ഈ സമൂഹം. എന്റെ പിതാവ് ജോലിയിൽ നിന്ന് റിട്ടയർ ചെയ്തപ്പോൾ പറഞ്ഞതോർക്കുന്നു. 'ഇനിയുള്ള കാലം

സമൂഹത്തിലെ സാംസ്ക്കാരിക ഉന്നമനമാണ് ലക്ഷ്യം. കൂടുതൽ സന്തോഷവും positivity യും സമൂഹത്തിൽ ഉണ്ടാക്കാൻ ശ്രമിക്കണം'!

പ്രായമായി കഴിഞ്ഞെങ്കിലും പേടിയൊക്കെ വെടിയാം. സത്യം വിളിച്ചുപറയാം. ശരിയുടെ വശത്തു നിൽക്കാം. തെറ്റ് ചൂണ്ടിക്കാട്ടാം. ചിലപ്പോൾ ഷെവലിയർ സ്ഥാനവും പട്ടും പൊന്നാടയും കിട്ടിയേക്കില്ല. പക്ഷെ നമുക്ക് അഭിമാനത്തോടെ തലയുയർത്തി നിൽക്കാം. സമാധാനത്തോടെ ഉറങ്ങാം. ശാന്തമായി മരിക്കാൻ കഴിയും. തലമുറ നശിക്കില്ല!

രണ്ടുതരം നേതാക്കന്മാരുണ്ട് GIVERS & TAKERS ഈ Takers ഒരുപാടു ഉണ്ണും. എന്നാൽ Givers നന്നായി ഉറങ്ങും! ഇന്ന് കോടിക്കണക്കിന് രൂപയാണ് രൂപയാണ് ഉറക്കഗുളികയ്ക്ക് മാത്രം നമ്മുടെ സമൂഹം ചെലവിടുന്നത്! അടുത്ത തലമുറയുടെ നിലവാരത്തിന് അനുസരിച്ചു മാത്രമായിരിക്കും നമ്മുടെ സമൂഹത്തിന്റെ സമാധാനവും അഭിവൃദ്ധിയും! അവരെ നല്ല മാതൃകകൾകൊണ്ട് നയിക്കാം! ചട്ടപ്പടി പരിപാടികൾ അവസാനിപ്പിക്കാം. മികച്ച ഒരു യുവസമൂഹത്തിനായി നിക്ഷേപിക്കാം! അവർക്കു നല്ല കാഴ്ചകളും നല്ല അനുഭവങ്ങളും അതിലപുരി നല്ല ദർശനവും നൽകാം. മരാമത്ത് പണിയ്ക്കല്ല. കുട്ടികളിലേക്കാണ് ഇനി നിക്ഷേപിക്കേണ്ടത്! നല്ല നേതാക്കന്മാരെ സൃഷ്ടിക്കും.

എല്ലാ രംഗത്തുമുള്ള അധാർമികതയും നിയമരാഹിത്യവും സ്വജനപക്ഷപാതവും അഴിമതിയും ഒക്കെ കണ്ണും പൂട്ടി സഹിക്കുമ്പോൾ അല്ലെങ്കിൽ സ്വന്തം കാര്യം മാത്രം നോക്കി പങ്കാളിയാകുമ്പോൾ ഓർക്കുക, ഇതിന്റെ മുഴുവൻ വിലയും കൊടുക്കേണ്ടിവരുന്നത് അടുത്ത തലമുറയാണ്. അവർക്കു ഈ പിച്ചിച്ചീന്തിയ ഒരു ലോകം മാത്രമായിരിക്കും ബാക്കി, അതിൽ എന്റെയും നിങ്ങളുടെയും ഒക്കെ മക്കളും കൊച്ചുമക്കളും ഉണ്ടാകും! മക്കളെ വിദേശത്തേക്ക് export ചെയ്തു എന്ന് ആശ്വസിക്കുന്നവർക്കും വലിയ ആശ്വാസത്തിന് വഴിയില്ല. നാളെ വിദേശത്തുനിന്നു ഒരു പുറപ്പാട് തിരികെ സംഭവിക്കില്ല എന്ന് ആര് കണ്ടു. അവനവന്റെ സമൂഹം അവനവന്റെ കടമയും ഉത്തരവാദിത്വവും ആയാൽ നാളെ ദുഃഖിക്കേണ്ടിവരില്ല!

"Invest in the potential of youth skills, and watch the world transform in to a mastepiece"

ഏവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ

(Sunil D. Kuruvilla is the founder of Insight Mission, a centre committed to youth and Human Resources Development. He is a consultant career counsellor and a life guidance expert.

He can be contacted: @ +919847400712
Email: sunil_kuruvilla@rediffmail.com
web www.insightmission.in)

# യഹോവ നല്ല ഇടയൻ

**സീമ ഷിന്റോ, കന്ന്യയിൽ, റാന്നി**

യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാവില്ല "The Lord is my shepherd . I Have Everything I Need". നമുക്ക് ഏറ്റവും സുപരിചിതമായതും നമ്മുടെ മനസ്സിനെ ആശ്വസിപ്പിക്കുന്നതുമാണ് സങ്കീർത്തനം 23. നമ്മുടെ ഇടയനായ യേശു കൂടെയുള്ളപ്പോൾ നമുക്ക് ഒന്നിനും കുറവില്ല എന്ന് നാം ഏറ്റു പറയുന്നു. ഇടയൻ കൂടെയുള്ള ആട്ടിൻകൂട്ടത്തിന് വലിയ ആശ്വാസമാണ്. കാരണം ആടുകൾക്ക് സംരക്ഷണവും, വെള്ളവും, ആഹാരവും തക്കസമയത്ത് ഇടയൻ നൽകുന്നു. അതുപോലെയാണ് നാം ഓരോരുത്തരും, നമ്മുടെ കർത്താവായ ഇടയൻ കൂടെയുണ്ടെങ്കിൽ നമ്മൾക്ക് ഒന്നിനെക്കുറിച്ചും ആകുലത വേണ്ടെന്നും സങ്കീർത്തനം 23 നമ്മെ ഓർമ്മിപ്പിക്കുന്നു.

ജീവിതത്തിൽ പലവിധമായ ഭാരങ്ങളിൽ ഉഴലുമ്പോൾ പച്ചയായ പുൽപ്പുറങ്ങൾ നമ്മുടെ ഇടയൻ നമുക്കു വേണ്ടി ഒരുക്കുന്നു. പ്രതിസന്ധികളിൽപെട്ട് ഇനി എവിടെയാണ് ആലംബം എന്നോർത്ത് കരയുമ്പോൾ നമ്മുടെ ഇടയൻ സ്വസ്ഥതയുള്ള വെള്ളത്തിനരികിലേയ്ക്ക് നമ്മെ നടത്തുന്നു. സമാധാനമില്ലാത്ത ഈ ലോകത്തിൽ പലവിധ പ്രയാസങ്ങൾക്കിടയിലും നമ്മുടെ പ്രാണനെ തണുപ്പിക്കാൻ നമ്മുടെ ഇടയൻ നമ്മോട് ഒപ്പമുണ്ട്. കൂരിരുൾ താഴ്വരയിലൂടെയാണ് നടക്കുന്നതെങ്കിലും ഇടയൻ കൂടെയുണ്ടെങ്കിൽ ഒരു അനർത്ഥവും ഭയപ്പെടേണ്ടതില്ല.

നീറുന്ന പ്രതിസന്ധികളിൽ നിന്ന്, ആർത്തട്ടഹസിക്കുന്ന ശത്രുക്കളിൽ നിന്ന്, ജീവിതത്തിലെ ഒരിക്കലും തീരാത്ത പ്രശ്നങ്ങളിൽ നിന്നെല്ലാം നമ്മെ പൊതിഞ്ഞു പിടിക്കുന്ന ഒരു കരം കൂടെയുള്ളതിനാൽ ഭയപ്പെടേണ്ട കാര്യമില്ലല്ലോ.

നല്ല ഇടയൻ സ്വന്തം ആടുകൾക്കുവേണ്ടി ജീവൻ ത്യജിക്കാൻ പോലും മടിക്കുന്നില്ല. നമ്മുടെ കർത്താവ് നല്ല ഇടയനാണ്. സ്വന്തം ജനതയെ പാപാന്ധകാരത്തിൽ നിന്നും രക്ഷിക്കാൻ കാൽവറി കുന്നിൽ മൂന്നാണികളിന്മേൽ തറയ്ക്കപ്പെട്ടു സ്വന്തജീവൻ ബലി നൽകിയ സ്നേഹമാണ് നമ്മുടെ ഇടയൻ നമുക്ക് നൽകുന്നത്. അതിനുമപ്പുറം ഒരു സ്നേഹമോ ത്യാഗമോ നമുക്ക് എവിടെയെങ്കിലും കാണാൻ കഴിയമോ? യഹോവയാകുന്ന നമ്മുടെ രക്ഷകൻ നമ്മുടെ വീണ്ടെടുപ്പു കാരനാണ്.

യെഹസ്ക്കേൽ 34:15 "ഞാൻ തന്നെ എന്റെ ആടുകളെ മേയിക്കുകയും കിടത്തുകയും ചെയ്യുമെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്, കാണാതെ പോയതിനെ ഞാൻ അന്വേഷിക്കുകയും, ഓടിച്ചുകളഞ്ഞതിനെ തിരിച്ചുവരുത്തുകയും, ഒടിഞ്ഞതിനെ മുറിവുകെട്ടുകയും, ദീനം പിടിച്ചതിനെ ശാക്തീകരിക്കയും ചെയ്യുന്നു". നമ്മുടെ ഇടയൻ പലവിധമായ പാപങ്ങളിൽ തെറ്റിപ്പോകുന്ന നമ്മെ അന്വേഷിച്ച് തിരിച്ചുകൊണ്ടുവന്നു സ്വഭവനത്തിൽ ചേർക്കുന്നവനാണ്. പലവിധ വേദനകളാൽ മുറിപ്പെട്ട ഹൃദയവുമായി ജീവിക്കുന്നവർക്ക് സാന്ത്വനമാണ്. രോഗഭാരത്താൽ നീറുന്ന രോഗിക്ക് ദിവ്യഔഷധമാണ്. അതുകൊണ്ട് ജീവിതത്തിൽ തോറ്റുപോകുന്ന അവസ്ഥകൾ ഉണ്ടായാലും, ഒടിഞ്ഞാലും, പൊട്ടലുകൾ ഉണ്ടായാലും, മുറിപ്പെട്ടാലും, ദീനം പിടിച്ചാലും ഭയപ്പെടേണ്ടതില്ല. യിസ്രായേലിൽ പുഷ്ടിയുള്ള മേച്ചിൽപ്പുറങ്ങൾ നമുക്കായി ഒരുങ്ങുന്നു. നമ്മുടെ പാനപാത്രം നിറഞ്ഞു കവിയുക തന്നെ ചെയ്യും. അതുകൊണ്ട് നമുക്കും വിശ്വാസത്തോടെ ഏറ്റു പറയാം.

YES, THE LORD IS MY SHEPHERD. I HAVE EVERY THING I NEED.

# സമ്പത്തും സന്തോഷവും

റ്റി.സി. തോമസ്, തോപ്പിൽ
(ക്നാനായ കമ്മിറ്റി അംഗം)

ഒരിക്കൽ വളരെ ദുഃഖിതനായ ഒരു ധനികൻ തന്റെ ദുഃഖത്തിന്റെ കാരണം കണ്ടുപിടിച്ചു തരണമെന്ന് അപേക്ഷിച്ച് ഒരു സന്യാസിയെ സമീപിച്ചു. ജീവിതത്തിൽ താങ്കൾ പ്രാധാന്യം നൽകിയിരിക്കുന്നത് എന്തിനെല്ലാമാണ്? സന്യാസിയുടെ ചോദ്യത്തിന് അയാൾ പറഞ്ഞത് പണസമ്പാദനത്തിനും സുഖഭോഗങ്ങൾക്കുമാണെന്നാണ് എന്ന ഉത്തരമാമാണ്. നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിനും മറ്റുള്ളവർക്കും എന്തു സ്ഥാനമാണുള്ളത് എന്ന് സന്യാസി ചോദിച്ചു. അയാൾ പറഞ്ഞു എന്റെ ജീവിതത്തിൽ ദൈവത്തിന് ഒരു സ്ഥാനവുമില്ല. ദൈവത്തിനു ജീവിതത്തിൽ ഒരു സ്ഥാനവുമില്ലാത്തതാണ് നിന്റെ സകല ദുഃഖങ്ങൾക്കും കാരണം. ശാന്തിയുടെയും സമാധാനത്തിന്റെയും ഉറവിടവും ഉത്ഭവവുമായ ദൈവം നൽകുന്ന സന്തോഷം ഒരു ഭൗതിക സമ്പത്തിനും നൽകുവാൻ കഴിയുകയില്ല. സന്യാസിയുടെ ഉപദേശം സ്വീകരിച്ച് ദൈവത്തെ സ്നേഹിക്കാൻ പഠിച്ച ആ മനുഷ്യന് അതുവരെ അനുഭവിച്ചിട്ടില്ലാത്ത സ്നേഹവും ആന്തരിക സമാധാനവും ലഭിക്കുവാൻ തുടങ്ങി. ഉള്ളതിൽ തൃപ്തിപ്പെടുകയും തനിക്കുള്ളത് മറ്റുള്ളവർക്കുകൂടി ദാനം ചെയ്യുവാൻ താല്പര്യപ്പെടുകയും ചെയ്യുന്നവർക്കു മാത്രമേ യഥാർത്ഥ സന്തോഷം ലഭ്യമാകുകയുള്ളു. സമ്പത്തല്ല സന്തോഷത്തിന്റെ അളവുകോൽ. അതി സമ്പന്നരായ പല കോടീശ്വരന്മാരോടും സുഖമാണോ? എന്ന് ചോദിച്ചാൽ പലരും പറയും 'ഓ ഇങ്ങനെയൊക്കെ പോകുന്നു' എന്ന്. കരിയർ, സമ്പത്ത് തുടങ്ങിയവയൊക്കെ നമ്മുടെ മുൻഗണനാ പട്ടികയിൽ സ്ഥാനം പിടിച്ചപ്പോൾ നമ്മൾ മറ്റുള്ളവരോടുള്ള സ്നേഹവും കരുതലും പ്രകടിപ്പിച്ചിരുന്ന വാക്കുകളുടെ ഉപയോഗത്തിലും കുറവു വന്നു. മൊബൈൽ ഫോണിൽ വിളിച്ചാൽപോലും പലരും സംഭാഷണം ആരംഭിക്കുന്നത് സുഖമാണോ എന്ന ചോദ്യത്തോടെയല്ല. മറിച്ച് എവിടെയാണിപ്പോൾ? എന്നാണ് ചോദിക്കുന്നത്.

ഒരിക്കൽ ഒരു വലിയ അമേരിക്കൻ ബിസിനസ്സുകാരൻ ഒരു കടലോരഗ്രാമം സന്ദർശിക്കാനെത്തി. അവിടെ വച്ച് അദ്ദേഹം ഒരു മുക്കുവനെ പരിചയപ്പെട്ടു. മുക്കുവന്റെ തോണി നിറയെ സ്വർണ്ണ നിറത്തിലുള്ള ട്യൂണാ മത്സ്യങ്ങൾ ഉണ്ടായിരുന്നു. ഇതുകണ്ട് ആ ബിസിനസ്സുകാരൻ മുക്കുവനെ അഭിനന്ദിച്ചു. എത്ര സമയം വേണം നിങ്ങൾ ഇത്രയും മത്സ്യങ്ങളെ പിടിക്കുവാൻ? അയാൾ മുക്കുവനോടു ചോദിച്ചു. നാലു മണിക്കൂർ. മുക്കുവൻ മറുപടി നൽകി. എന്തു കൊണ്ടാണ് നിങ്ങൾ കൂടുതൽ സമയം മത്സ്യബന്ധനത്തിനായി വിനിയോഗിക്കാത്തത്?. അങ്ങനെയെങ്കിൽ നിങ്ങൾക്കു കൂടുതൽ മീനുകളെ കിട്ടുകയില്ലേ. ബിസിനസ്സുകാരൻ വീണ്ടും ചോദിച്ചു. എന്റെ ദൈനംദിന ചെലവുകൾ നടന്നുപോകുവാൻ ഇത്രയും മീനുകൾ മതി. അയാൾ മറുപടി പറഞ്ഞു. അങ്ങനെയെങ്കിൽ ബാക്കിയുള്ള സമയം നിങ്ങൾ എങ്ങനെയാണ് ചെലവഴിക്കുന്നത് ബിസിനസ്സുകാരൻ അടുത്ത ചോദ്യത്തിലേക്കു കടന്നു. ഞാൻ എന്റെ കുട്ടികളോടും ഭാര്യയോടുമൊപ്പം ചെലവഴിക്കും. ചിലപ്പോൾ ഷോപ്പിംഗിനും സിനിമയ്ക്കും പോകും. സായാഹ്നങ്ങളിൽ നടക്കുവാൻ പോകും. അങ്ങനെ ഓരോ ദിവസവും ആസ്വദിച്ചും സന്തോഷിച്ചുമാണ് ജീവിക്കുന്നത്.

ഇതിനു മറുപടിയായി ആ ബിസിനസ്സുകാരൻ പറഞ്ഞു. ഞാൻ ഹാർവാർഡിൽനിന്നും എം.ബി.എ. കഴിഞ്ഞയാളാണ്. നിങ്ങൾ വലിയ നിലയിൽ ഉയരുവാനുള്ള ഒരു ബിസിനസ്സ് പ്ലാൻ ഞാൻ പറഞ്ഞു തരാം. നാലു മണിക്കൂറിനു പകരം നിങ്ങൾ ഇരട്ടി സമയം മത്സ്യബന്ധനത്തിനായി ഉപയോഗിച്ചാൽ കൂടുതൽ മത്സ്യം നിങ്ങൾക്കു ലഭിക്കും. അങ്ങനെ ലാഭമുപയോഗിച്ച് നിങ്ങൾ ഒരു ബോട്ടു വാങ്ങണം. അപ്പോൾ കൂടുതൽ കൂടുതൽ മീൻ പിടിക്കാം. ആ ലാഭം കൊണ്ട് കൂടുതൽ ബോട്ടുകൾ വാങ്ങുക. നിങ്ങൾ ഒരുപാട് ബോട്ടുകളുടെ ഉടമസ്ഥനായിത്തീരും. അപ്പോൾ ഇടനിലക്കാരെ ഒഴിവാക്കി ഒരു മത്സ്യ മാർക്കറ്റിംഗ് കമ്പനി സ്ഥാപിച്ച് നിങ്ങൾ വലിയൊരു വ്യവസായ സാമ്രാജ്യത്തിന്റെ ഉടമസ്ഥനായിത്തീരും. എന്നിട്ടോ? മുക്കുവൻ ബിസിനസ്സുകാരനോടു ചോദിച്ചു. നിങ്ങളുടെ കമ്പനി ലാഭകരമായി മുന്നോട്ടു പോകുമ്പോൾ ഇനീഷ്യൽ പബ്ലിക്ക് ഓഫർ (ഐ.പി.ഒ) മുഖാന്തരം നിങ്ങളുടെ സ്ഥാപനത്തിന്റെ ഒരു ഭാഗം ഷെയറുകൾ ഉയർന്ന ലാഭത്തിൽ വിറ്റഴിക്കാം. അവസാനം ആ ലാഭവും കൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ ഗ്രാമത്തിൽവന്ന് ശിഷ്ടകാലം കൂടുതൽ ഉറങ്ങിയും കുടുംബത്തോടൊപ്പം ചെലവഴിച്ചും സുഹൃത്തുക്കളുമായി ഒത്തുചേർന്നും കഴിയാം. ഇതൊക്കെ യാഥാർത്ഥ്യമാകുവാൻ കുറഞ്ഞത് എത്ര വർഷം എടുക്കും സാർ? മുക്കുവൻ ചോദിച്ചു. ഒരു പതിനഞ്ചു വർഷംകൊണ്ട് നിങ്ങൾക്ക് ഇതൊക്കെ സാധിക്കും. അപ്പോൾ മുക്കുവന്റെ മറുപടി ഇങ്ങനെയായിരുന്നു. പതിനഞ്ചു വർഷം കഴിഞ്ഞ് എനിക്കു ചെയ്യുവാൻ സാധിക്കുമെന്ന് പറയുന്ന കാര്യങ്ങൾ തന്നെയല്ലേ ഇപ്പോൾ ഞാൻ ചെയ്യുന്നത്. ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം പണം മാത്രമല്ല. സമാധാനവും സന്തോഷവും ശാന്തിയും ഒക്കെ നിറയുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. പലരും സമ്പത്തിനുവേണ്ടി പരക്കം പായുമ്പോൾ ജീവിതത്തിൽ ആവശ്യംവേണ്ട പല ഘടകങ്ങളും മറന്നുപോകുന്നു. സമ്പത്ത് കുറവാണെങ്കിലും ഉള്ളതിൽ സന്തോഷം കണ്ടെത്തുന്നതും സംതൃപ്തി ലഭിക്കുന്നതുമാണ് പ്രധാന കാര്യം.

ജീവിതത്തിന്റെ നിയന്ത്രണം ഭൗതിക താല്പര്യത്തിനു കൊടുക്കാതെ ദൈവത്തിനു വിട്ടു കൊവിടുക്കുന്നവർക്കു മാത്രമേ സന്തോഷത്തോടെ ജീവിക്കുവാനും സന്തോഷത്തോടെ മരിക്കുവാനും സാധിക്കുകയുള്ളു. കാരണം നമ്മുടെ ജീവിതം ദൈവത്തിന്റെ ദാനമാണ്. കൂടുതൽ സന്തോഷം തേടിതേടി അധികാരത്തിനും ആഡംബരത്തിനും പുറകെ പോയി ജീവിതം നഷ്ടപ്പെടുത്തുന്നവരാണ് ആധുനിക മനുഷ്യരിൽ ഏറിയ പങ്ക്. രവിന്ദ്രനാഥടാഗോർ പറയുന്നു ജീവിതം നമുക്ക് ദാനമായി നൽകപ്പെട്ടിരിക്കുന്നു. നാമത് അനുഭവിക്കുന്നത് അതിനെ ദാനമായി നൽകുമ്പോഴാണ്. 'A Sound mind in a Sound body'. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്. ലോകത്തെ ഏറ്റവും സന്തോഷകരമായ അവസ്ഥയുടെ ചെറുതെങ്കിലും പൂർണ്ണമായ വിവരണം ഇതത്രേ. ഹിന്ദുപുരാണത്തിൽ പ്രഹ്ലാദനെപ്പറ്റി ഒരു കഥ പറയുന്നുണ്ട്. ഭഗവാൻ ഒരിക്കൽ അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടിട്ട് ഇഷ്ടമുള്ള വരം ചോദിക്കുവാനാവശ്യപ്പെട്ടു. എനിക്കു വരം ഒന്നും വേണ്ട എന്നു പറഞ്ഞ പ്രഹ്ളാദനെ ഭഗവാൻ വീണ്ടും നിർബന്ധിച്ചു. അങ്ങേയ്ക്കു നിർബന്ധമാണെങ്കിൽ ഒരു വരം മാത്രം മതി. എന്നെ ഉപദ്രവിച്ചിട്ടുള്ള ആർക്കും ഒരു ദോഷവും വരരുത്. പ്രഹ്ളാദന്റെ മറുപടിയിൽ ഭഗവാൻ പ്രീതനായി. അദ്ദേഹം ആവശ്യപ്പെട്ട വരം നൽകി. നമ്മെ ഉപദ്രവിക്കുന്നവർക്ക് ഒരു ദോഷവും വരാതിരിക്കുവാൻവേണ്ടി നാം പ്രാർത്ഥിച്ചാൽ നാമറിയാതെ നമ്മുടെ ഉള്ളം സന്തോഷംകൊണ്ട് നിറയും. മരുഭൂമിയിൽ ഒറ്റപ്പെട്ടവന്റെ കൈയ്യിൽ കോടികൾ ഉണ്ടായിട്ടും കാര്യമില്ല. അയാൾക്ക് വേണ്ടത് ഒരു തുള്ളി ജലമാണ്.

# A Soulful Epistle to the Knanaya Church

*In these challenging times marked by division and strife, let us turn to the profound teachings of St. Paul's epistles on unity. Together, we can stand strong and resolute against the forces that seek to divide us. If St. Paul were with us today, he would undoubtedly emphasize the importance of standing firm in faith and loving one another unconditionally. Presented here is a compilation of St. Paul's epistles to various churches emphasizing his profound teachings on the themes of division and unity. May these teachings strengthen our resolve and inspire us to embody unity and love, just as St. Paul intended in his letters to various churches.*

**Philip Abraham Malecheril**

Paul, an apostle of Christ Jesus by the will of God to the Knanaya Church together with all the saints. Grace and peace to you from God our Father and the Lord Jesus Christ. Praise be to the God and Father of our Lord Jesus Christ, the Father of compassion and the God of all comfort who comforts us in all our troubles so that we can comfort those in any trouble with the comfort we ourselves have received from God.

I have great sorrow and unceasing anguish in my heart. My brothers, I understand that there are quarrels among you. In the first place, I hear that when you come together as a church, there are divisions among you and to some extent I believe it. The God has combined the members of the body and has given greater honour to the parts that lacked it so that there should be no division in the body, but its parts should have equal concern for each other. If one part suffers, every part suffers with it, if one part is honoured, every part rejoices with it. Now you are the body of Christ and each one of you is a part of it.

If any of you have a dispute with another, dare he take it before the ungodly for judgment instead of before the saints. If you have disputes about any matters, appoint as judges even men of little account in the Church. Is it possible that there is nobody among you wise enough to judge a dispute between believers? But instead, one brother goes to law against another and this in front of unbelievers! The very fact that you have lawsuits among you means you have been completely defeated already. Why not rather be wronged? Why not rather be cheated? Instead, you yourselves cheat and do wrong and you do this to your brothers?

Since there are jealousy and quarrelling among you, are you not worldly? Are you not acting like mere humans? For when one says, "I follow one faction," and other, "I follow yet another faction," are you not mere human beings? What, after all, are these factions? They are servants of God and the Lord has assigned each HIS task. One planted the seed and the other watered it, but God has been making it grow. The one who plants and the one who waters have one purpose, and they will each be rewarded according to their own labour. For we are co-workers in God's service, you are God's field, God's building. Don't you know that you yourselves are God' temple and that God's Spirit dwells in your midst? If anyone destroys God's temple, God will destroy that person, for God's temple is sacred and you together are that temple.

I appeal to you, brothers, in the name of our Lord Jesus Christ, that all of you agree with one another so that there may be no divisions among you and that you may be perfectly united in mind and thought. Do not deceive yourself. If any one of you thinks he is wise by the standards of this age, he should become a "fool" so that he may become wise. For the wisdom of this world is foolishness in God's sight. I am not writing this to shame you, but to warn you, as my dear children. Some of you have become arrogant.

If you keep on biting and devouring each other, watch out or you will be destroyed by each other. Let us not become conceited, provoking and envying each other. If anyone thinks he is something when he is nothing, he deceives himself. Do not use your freedom to indulge the sinful nature, rather serve one another in love. Therefore, as we have opportunity, let us do good to all people especially to those who belong to the family of believers.

I urge you brothers to watch out for those cause divisions and put obstacles in your way that are

contrary to the teaching you have learned. Keep away from them. For such people are not serving our Lord Christ, but their own appetites. By smooth talk and flattery they deceive the minds of naïve people. Warn a divisive person once, and then warn him a second time, after that have nothing to do with him. The one who is throwing you into confusion will pay the penalty whoever he may be.

What do righteousness and wickedness have in common? Or what fellowship can light have with darkness? You are all sons of the light and sons of the day. We do not belong to the night or to the darkness. So then, let us not be like others who are asleep but let us be alert and self-controlled. We demolish arguments and every pretensions that sets itself up against the knowledge of God and we take captive every thought to make it obedient to Christ. You are looking only on the surface of things. If anyone is confident that he belongs to Christ, he should consider again that we belong to Christ just as much as he.

I am afraid that just as Eve was deceived by the serpent's cunning, your minds may somehow be led astray from your sincere and pure devotion to Christ. Examine yourselves to see whether you are in the faith, test yourselves. Do you not realize that Christ Jesus is in you, unless of course you fail the test? I trust that you will discover that we have not failed the test. Do nothing out of selfish ambition or conceit, but in humility consider others better than yourselves. Each of you should look not only to your own interests, but also to the interests of others. Your attitude should be same as that of Christ Jesus.

We ask you, brothers to respect those who work hard among you, who care for you in the Lord and who admonish you. Hold them in the highest regard in love because of their work. Live in peace with each other. See to it that no one takes you captive through hollow and deceptive philosophy, which depends on human tradition and the basic principles of this world rather than on Christ. For in Christ all the fullness of the Deity lives in bodily form and you have been given fullness in Christ who is the head over every power and authority. Everyone must submit himself to the governing authorities, for there is no authority except that which God has established. The authorities that exist have been established by God. Consequently, he who rebels against the authority is rebelling against what God has instituted and those who do so will bring judgment on themselves.

Why do you judge your brother? Or why do you look down on your brother? For we must all appear before the judgment seat of Christ, that each one may receive what is due him for the things done

while in the body whether good or bad. Each of us will give an account of himself to God. You have no excuse, you who pass judgment on someone else, for at whatever point you judge the other, you are condemning yourself. Therefore, let us stop passing judgment on one another. Instead, make up your mind not to put any stumbling block or obstacle in your brother's way. Let us therefore make every effort to do what leads to peace and to mutual edification. Accept one another then just as Christ accepted you in order to bring praise God. Be completely humble and gentle, be patient, bearing with one another in love. Make every effort to keep the unity of the Spirit through the bond of peace. Each of you must put off falsehood and speak truthfully for we are all members of one body. In your anger, do not sin, do not let the sun go down while you are still angry and do not give the devil a foothold. Do not let any unwholesome talk come out of your mouths but only what is helpful for building others up according to their needs. Get rid of all bitterness, rage, anger, brawling and slander along with every form of malice. Be kind and compassionate to one another, forgiving each other just as in Christ God forgave you.

Avoid foolish controversies and genealogies and arguments and quarrels about the law, because these are unprofitable and useless. Let your conversations be always full of grace, seasoned with salt so that you may know how to answer everyone. Avoid godless chatter, because those who indulge in it will become more and more ungodly. Do not have anything to do with foolish and stupid arguments because you know they produce quarrels. Lord's servant must not quarrel, instead he must be kind to everyone, able to teach not resentful.

May the God who gives endurance and encouragement give you a spirit of unity among yourself as you follow Christ Jesus. We live by faith not by sight. So we fix our eyes not on what is seen, but on what is unseen. For what is seen is temporary but what is unseen is eternal. We are Christ's ambassadors as though God were making His appeal through us. We implore you on Christ's behalf. Be reconciled to God.

Finally brothers, aim for perfection, listen to my appeal, be of one mind, live in peace. Greet one another with a holy kiss. All the saints send their greetings. Now we pray to God that you will not do anything wrong. May the grace of the Lord Jesus Christ and the love of God and the fellowship of the Holy Spirit be with you all.

# ക്നാനായ സമുദായം -ചരിത്രവഴികളിലൂടെ

പ്രൊഫ. പി. കെ. സ്കറിയ, കുന്നത്തിൽ

**1. സിറിയൻ കുടിയേറ്റം – ക്രിസ്തു വർഷം 345**

4–ാം നൂറ്റാണ്ടിൽ ക്രൈസ്തവ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻമാർ അന്ത്യോഖ്യാ, അലക്സാന്ത്രിയ, റോമാ എന്നീ സിംഹാസനങ്ങളിലെ മേലദ്ധ്യക്ഷൻമാർ ആയിരുന്നു. എ.ഡി. 325 ലെ നിഖ്യാ സുന്നഹദോസുകൂടി ഇൻഡ്യയും ചൈനയും വരെ നീണ്ടു കിടക്കുന്ന കിഴക്കൊക്കെയുടെയും ആത്മീയ മേലധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനു കരഗതമായി. ഈ സാഹചര്യത്തിലാണ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര സീമയിൽപ്പെട്ട ഉറഹാ (ഉർഫാ) അഥവാ എഡേസ്സായിൽ നിന്ന് എ. ഡി. 345 ൽ ഒരു ക്രിസ്ത്യൻ സമൂഹം മലങ്കരയിൽ കുടിയേറിയത്.

ധനാഢ്യനായ വണിക് ശ്രേഷ്ഠൻ ക്നായി തോമ്മാ വാണിജ്യ ആവശ്യങ്ങൾക്കായി ഇൻഡ്യയിലെ അന്നത്തെ ഒരു പ്രധാന തുറമുഖം ആയിരുന്ന 'മുസ്സിറിസ്സിൽ' (കൊടുങ്ങല്ലൂർ) ആദ്യമായി വന്നിറങ്ങിയപ്പോൾ ഇവിടുത്തെ നാട്ടു ക്രിസ്ത്യാനികൾ നേതൃത്വഅഭാവം മൂലം കഷ്ടാവസ്ഥയിൽ ആണെന്നു കണ്ടറിഞ്ഞ് താമസിയാതെ മടങ്ങിപ്പോയി. ഈ അവസരത്തിൽ തന്നെ ഉറഹായിലെ മാർ യൗസേഫ് മെത്രാന് മലങ്കരയിൽ സഹായം ഇല്ലാതെ കഷ്ടപ്പെടുന്ന ക്രൈസ്തവ സമൂഹത്തെക്കുറിച്ച് ഒരു ദർശനം ഉണ്ടായി എന്നു പറയപ്പെടുന്നു. ഏതായാലും ക്നായി തോമ്മായിൽ നിന്നുകൂടി മലങ്കര ക്രിസ്ത്യാനികളുടെ ശോച്യാവസ്ഥ മനസ്സിലാക്കിയ യൗസേപ്പ് മെത്രാനും ക്നായ് തോമ്മായും കൂടി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുഗ്രഹ കല്പനയും വാങ്ങി ഏഴുഗോത്രങ്ങളിൽ നിന്നായി 72 കുടുംബങ്ങളിൽ നിന്നുള്ള 400 ഓളം ക്രിസ്ത്യാനികളുമായി കടൽമാർഗ്ഗം പുറപ്പെട്ടു.

എ.ഡി. 345 –ൽ നടന്ന ഈ സിറിയൻ കുടിയേറ്റത്തെക്കുറിച്ച് കേരള സഭാചരിത്രകാരൻമാരിൽ പഴക്കമേറിയ ഇട്ടൂപ്പ് റൈറ്റർ എഴുതിയിരിക്കുന്നത് ഉദ്ധരിക്കട്ടെ.

"ക്നായി തോമ്മാച്ചൻ കൊടുങ്ങല്ലൂരിലെത്തി അഴിമുഖത്ത് കരയ്ക്ക് ഇറങ്ങി നോക്കിയാറെ മാർ തോമ്മാശ്ലീഹായുടെ പ്രയത്നത്താൽ മ്ശിഹായെ അനുസരിച്ച് ഇതുവരെ പല ഞെരുക്കങ്ങളും നിന്നും കാവ്യരിൽ നിന്നും കാവ്യരാജാക്കൻമാരിൽ ഏറ്റാറെയും സത്യവിശ്വാസത്തിൽ നിന്ന് തെറ്റാതെ നിന്ന ക്രിസ്ത്യാനികളെ അവർക്ക് അന്ന് ഒരടയാളമായി കഴുത്തിൽ കുരിശ് ധരിച്ചിരിക്കുന്നതിനെ കണ്ടറിഞ്ഞ് കീഴിലുണ്ടായ വർത്തമാനങ്ങളെ ചോദിച്ചാറെ പട്ടക്കാരില്ലായ്കയാലുള്ള സങ്കടം അധികമെന്നും അതിനാൽ സഭയ്ക്ക് ഇളക്കം തട്ടിയിരിക്കുന്ന പ്രകാരം ഗ്രഹിക്കയാൽ താമസിച്ചു കൂടാ എന്നു നിശ്ചയിച്ച് തൽക്കാലം കിട്ടിയിടത്തോളം കുരുമുളക് മുതലായ ചരക്കുകൾ ആ തുറയിൽ നിന്നു കയറ്റി കപ്പൽ നീക്കി ദൈവകൃപയാൽ ഏറെ താമസിയാതെ യരുശലേമിൽ എത്തി. മലയാളത്തിൽ താൻ കണ്ടറിഞ്ഞ വസ്തുതകൾ ഒക്കെയും വിവരമായിട്ട് യറുശലേമിലെ കാതോലിക്കായോട് അറിയിച്ചു. എന്നാറെ അന്ത്യോഖ്യായിലെ യുസ്ത്രദിയോസ് (ഒസ്ത്താത്തോയോസ്) പാത്രിയർക്കീസ് ബാവായുടെ അനുവാദത്തോടുകൂടി ഉറഹായിലെ യൗസേപ്പ് എപ്പിസ്ക്കോപ്പായെയും പല കശ്ശീശന്മാരെയും ഏറിയ പുരുഷന്മാരെയും സ്ത്രീകളെയും പൈതങ്ങളെയും കൂടെ നാനൂറ്റിൽ ചില്യാനം ആളുകളെയും ബഹു. ക്നായ് തോമ്മാച്ചന്റെ മേൽവരുതിയിൽ മലയാളത്തേയ്ക്ക് യാത്രയാക്കി. അവർക്കെല്ലാവർക്കും വാഴ്‌വും കൊടുത്ത് ഉരുവിൽ കയറ്റി അയക്കുകയും ചെയ്തു"

"ഇവരെല്ലാവരും ക്രി. 345–ൽ മലയാളത്തിൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. എന്നാറെ കോട്ടക്കായൽ പരിധിയിൽ ഉണ്ടായിരുന്ന ജനങ്ങളും "ധരിയായ്ക്കൾ" എന്നു വിളിക്കപ്പെട്ട ക്രിസ്ത്യാനികളും ഒരുമിച്ചു കൂടി ഇവരെ എതിരേറ്റു. യരുശലേമിൽ നിന്നു വന്ന യൗസേപ്പ് എപ്പിസ്ക്കോപ്പായെ മലയാളത്തെ തങ്ങളുടെ മെത്രാപ്പോലീത്ത ആയിട്ട് കീഴ്‌വഴങ്ങി. സഭാ കാര്യങ്ങളെ തോമ്മാച്ചൻ മുതൽ പേർ ക്രമപ്പെടുത്തി നടന്നു വരികയും ചെയ്തു".

"ഈ കാലം മലയാള നാടുവാഴും 'ചേരമാൻ പെരുമാൾ' രാജാവിനെ തോമ്മാച്ചൻ ചെന്നു കണ്ട് തിരുമുൽ കാഴ്ചയും വച്ച് ക്രിസ്താനികളുടെ ഞെരുക്കങ്ങളെയും മറ്റും കുറിച്ച് അറിയിച്ചാറെ രാജാവ് **തെളിഞ്ഞ** 'നാട്ടുടയവനാൽ പേരുതൊക്കെയും ചെയ്തു തരുന്നതിനു സംശയമില്ല' എന്നു കല്പിച്ചു പദവികൾ ഒക്കെയും ചെമ്പുതകിടിൽ എഴുതി തുല്യം ചാർത്തി ആയതും കൊടുങ്ങല്ലൂർ ദേശത്ത് ഒരു പറ നെല്ല് ചിതറിയതിനകം ആനക്കോലാൽ 244 കോൽ ഭൂമി അളന്നു തിരിച്ച് ആയതും നരപതി ചേരമാൻ പെരുമാൾ തൃക്കൈയാൽ പൂവും നീരോടും കൂടെ പരദേശിയായ തോമ്മായ്ക്ക് എഴുതി കൊടുത്ത് മേലെഴുതിയ ആണ്ട് കുംഭമാസം 29–ാം തീയതി ശനിയാഴ്ചയും സപ്തതിയും അന്ന് കർക്കിടകരാശിയും ആയനേരത്തിൽ വാങ്ങിച്ചുകൊണ്ട് കൊടുങ്ങല്ലൂർ ദേശത്ത് 'മഹാദേവൻ പട്ടണം' എന്നു പേരു വിളിച്ച് അവിടെ ശക്തിയോടു കൂടി പാർത്തുവന്നു"

**ചേരമാൻ പെരുമാൾ കല്പിച്ചു നൽകിയ പദവികൾ**

തണ്ടും പല്ലക്കും പരവതാനിയും, പഞ്ചവട്ടം വെഞ്ചാമരം ആലവട്ടം, തഴയും കുടയും നടയും നടത്തും, നാൽവായ് കുരവയും, തകിലും മുരിശും, വീരമദ്ദളം പഞ്ചവാദ്യം അഞ്ചുവർണ്ണകുടയും പകൽ വിളക്കും പാവാടയും മണൽക്കോലവും ചണ്ണയും ചണ്ണ മേൽക്കെട്ടിയും ഉച്ചിപ്പൂവും നെറ്റിപ്പട്ടം, മുൻ കൈയും മുൻകൈമേൽ പതക്കവും തോൾവളയും, വീര ചങ്ങലയും വീര തണ്ടും, കാൽചിലമ്പും ശംഖും ശംഖുചക്രവും ഇട്ടുപടി നഗര തോരണവും നന്താവിളക്കും ഹസ്തകടകം, കനകമുടിയും മുടിക്കീഴ് ആഭരണങ്ങളും ആനമേൽ അമ്പാരിയും മുതലായ 72 പദവിയും.

"വിശേഷിച്ചും ഒരു മുടി മേൽ പതിക്കുന്നതിനു മതിയായ രത്നങ്ങൾ (നിറനാഴി) ചേരമാൻ പെരുമാൾ രാജാ




*ക്നാനായ യാക്കോബായ/കത്തോലിക്ക സമുദായ അംഗങ്ങളുടെ പൊതു സംഘടനയായ 'ക്നാനായ സോഷ്യൽ ഫോറം' നടത്തിയ ഉപന്യാസ മത്സരത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയ ഉപന്യാസം*

വിന് തോമ്മാച്ചൻ കൊടുക്കയും രാജാവിന്റെ നേർക്ക് യുദ്ധത്തിനു വന്നവരോട് പോരാടുകയും ചെയ്കയാൽ പ്രീതനായ രാജാവ് ഇവരുടെ ആവശ്യത്തിനും ചിറ്റഴ്മയ്ക്കും പ്രതിവേറെ 17 ജാതിക്കാരെകൂടി ചേർത്തു കൊടുക്കുന്നതിന് 'ചെപ്പേട്' എഴുതി കൊടുത്തിരിക്കുന്നു".

മഹാദേവൻ പട്ടണത്തിന്റെ തെക്കെ തെരുവിൽ താമസമാക്കിയ സിറിയൻ കുടിയേറ്റക്കാരെ 'തെക്കുംഭാഗർ' എന്നും വടക്കെ തെരുവിൽ താമസിച്ചിരുന്ന നാട്ടു ക്രിസ്ത്യാനികളെ 'വടക്കും ഭാഗർ' എന്നും അറിയപ്പെട്ടു പോന്നു.

ക്നായ് തോമായുടെ നേതൃത്വത്തിൽ വന്നവരായതുകൊണ്ട് തെക്കുംഭാഗരെ പിന്നിട് 'ക്നാനായക്കാർ' എന്നു വിളിക്കപ്പെട്ടു 'ക്നാൻ' എന്ന പദത്തിന് പുരാതന പാലിഭാഷയിൽ 'വണിക് ശ്രേഷ്ഠൻ' എന്ന് അർത്ഥം ഉണ്ട്.

**2. ക്നാനായക്കാർ എവിടെ നിന്നു വന്നു?**

ഇപ്പോഴത്തെ ടർക്കിയുടെ ഏറ്റവും തെക്കെ അറ്റത്തു കിടക്കുന്ന ഉറഹാ (ഉർഫാ) അഥവാ എഡേസ്സായിൽ നിന്നാണ് ക്നാനായക്കാർ പുറപ്പെട്ടതെന്നും സിറിയയുടെ അതിർത്തിയോട് ചേർന്നു കിടക്കുന്ന ഈ സ്ഥലത്തുനിന്നും യൂഫ്രട്ടീസ് നദി വഴിയായി സഞ്ചരിച്ച് ഇപ്പോഴത്തെ ഇറാക്കിലെ ബസ്റാ തുറമുഖത്തു നിന്നായിരിക്കണം ക്നാനായക്കാർ കൊടുങ്ങല്ലൂരിലേയ്ക്ക് കപ്പൽ കയറിയതെന്നും വിശ്വസിക്കപ്പെടുന്നു. ബസ്റാ തുറമുഖം അക്കാലത്ത് ഭാരതവുമായി കപ്പൽ മാർഗ്ഗ വ്യാപാരം നടത്തിയിരുന്ന പ്രധാന കേന്ദ്രം ആയിരുന്നു. സുറിയാനി സംസാരിക്കുന്ന ക്രിസ്ത്യാനികളുടെ ഏറ്റവും പുരാതന വാസകേന്ദ്രമായിരുന്നു എഡേസ്സാ. മലങ്കരയിലേയ്ക്ക് സുറിയാനി വേദപുസ്തകവും കുർബ്ബാനക്രമവും കൊണ്ടുവന്നത് സിറിയൻ കുടിയേറ്റക്കാരാണ്. അതുകൊണ്ടുതന്നെ പിന്നീട് കേരള ക്രിസ്ത്യാനികൾ സുറിയാനിക്കാർ എന്ന് അറിയപ്പെട്ടു.

കാലാന്തരത്തിൽ വിവിധ കാരണങ്ങളാൽ ക്നാനായക്കാർ കൊടുങ്ങല്ലൂരിൽ നിന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കുടിയേറി.

മലങ്കരയിലേയ്ക്ക് കുടിയേറിയത് 7 ഗോത്രങ്ങളിൽ നിന്നുള്ള 72 കുടുംബങ്ങളിലെ 400 ഓളം ആളുകൾ ആണല്ലോ. ആ 7 ഗോത്രങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു. (1) ബാജി (2) ഹാദായി (3) കോജാ (4) ബേൽകോത്ത് (5) കുജാലിക്ക് (6) മജുമോത്ത് (7) തെജുമുത്ത്.


ക്നായ് തോമ്മായ്ക്കു ലഭിച്ച ചെമ്പു തകിടുകളും ചെപ്പേടുകളും പോർട്ടുഗീസ്കാർ ഇവിടെ വന്നപ്പോൾ സൂക്ഷിക്കാനായി അവരെ ഏൽപ്പിച്ചെന്നും പിൽക്കാലത്ത് അവ നഷ്ടപ്പെട്ടെന്നും പറയപ്പെടുന്നു.

(തുടരും)

# ക്നായിതോമ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ പ്രാർത്ഥനായോഗം 24-09-2023-ൽ ഞായർ വൈകുന്നേരം 6 മണിക്ക് നടത്തുന്നതാണ്. പാക്കിൽ സെന്റ് തോമസ് യാക്കോബായ പള്ളിയുടെ പാരീഷ് ഹാളിൽവച്ച് നടത്തുന്നു. റവ.ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരി മുഖ്യ സന്ദേശം നൽകുന്നതാണ്. ക്നായിതോമ പ്രയർ ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് റവ.ഫാ. സി.സി. ഏലിയാസ് കട്ടയിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുന്നതാണ്.

# എവൻഗേലിയോൻ ദീപം



ജോയൽ ജെബു മാലത്തുശ്ശേരിൽ

## സ്ലീബാ പെരുന്നാളിനുശേഷം ഒന്നാം ഞായർ (വി. മർക്കോസ് 13:30–38) 17–09–2023

ദൈവത്തിന്റെ മാറ്റമില്ലാത്ത വചനത്തെക്കുറിച്ചും ലോകാവസാനത്തെക്കുറിച്ചും, കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചുമാണ് ഈ വേദഭാഗം പറയുന്നത്.

വേദഭാഗത്തിന്റെ തുടക്കത്തിൽ പറയുന്ന പ്രധാന കാര്യമെന്നത് ദൈവവചനത്തിന് ഒരുകാലത്തും അഴിവുണ്ടാകുകയില്ല എന്നതാണ്. ദൈവവചനം എക്കാലത്തും നിലനിൽക്കും, അത് സ്ഥിരമാണ്. ലോകത്ത് അനേകം പുസ്തകങ്ങൾ നമുക്ക് വാങ്ങുവാനും വായിക്കുവാനും സാധിക്കും. അതിൽ കുറച്ചു പുസ്തകങ്ങൾ മാത്രമെ നമുക്ക് നന്നായി മനസ്സിലാക്കുവാനും ഹൃദയത്തിൽ പതിപ്പിക്കുവാനും സാധിക്കുകയുള്ളൂ. അതുപോലെ ആയിരിക്കണം ദൈവവചനവും, ദൈവവചനം വായിച്ച് ധ്യാനിക്കുകയും നല്ല ഫലം പുറപ്പെടുവിക്കുവാനും അത് നമ്മുടെ ഉള്ളിൽ ആക്കുകയും ചെയ്യണം. യേശുതമ്പുരാൻ നമ്മോട് പറയുകയാണ്, ദൈവവചനം ഒരു കാലത്തും ഒഴിഞ്ഞുപോകുകയില്ല. ഒഴിഞ്ഞു പോകുന്നതിനേക്കാൾ ഒഴിഞ്ഞുപോകാത്തതിന് നാം പ്രാധാന്യം നൽകണം. അത് എന്നും നിലനിൽക്കുക തന്നെ ചെയ്യും. വെളിപാട് 1:3 ൽ പറയുന്നു: വചനം വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവനും, പ്രമാണിക്കുന്നവനും ഭാഗ്യവാന്മാർ. വചനം പ്രമാണിക്കുവാൻ നാം അത് രുചിച്ചറിയണം. സങ്കീർത്തനക്കാരൻ നമ്മോട് പറയുന്നു "യഹോവ നല്ലവൻ എന്ന് രുചിച്ചറിയുവിൻ" അതുകൊണ്ട് വചനം വായിക്കുവാനും അതിനെ മനസ്സിലാക്കി ഉൾക്കൊള്ളുവാനും നമുക്ക് സാധിക്കണം.

അടുത്തതായി മർക്കോസ് 13:27 ൽ പറയുന്ന ആശയം എന്നത് നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കണം എന്നാണ്.

നാം ഈ ഒരു ചിന്ത ആഴത്തിൽ പരിശോധിക്കുമ്പോൾ നാം എപ്രകാരം ആണ് ഉണർന്നിരിക്കേണ്ടതെന്ന് വചനം നമുക്ക് പറഞ്ഞു തരുന്നു.

"ക്രിസ്തുവിന്റെ വരവും ലോകാവസാനവും എന്നുണ്ടാകും എന്നറിയായ്ക കൊണ്ട് ഉണർന്നിരുന്ന് പ്രാർത്ഥിക്കണം"

നാം ഓരോരുത്തരും കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നവരാണ്. പത്തു കന്യകമാരുടെ ഉപമയിൽ അഞ്ച് പേർ ഒരുക്കത്തോടെ മണവാളനെ കാത്തിരുന്നില്ല. അവർ പാത്രത്തിൽ എണ്ണ കരുതിവെയ്ക്കാതിരുന്നതിനാൽ അർദ്ധരാത്രിയ്ക്ക് മണവാളൻ വന്നപ്പോൾ മണവാളനോടൊപ്പം സന്തോഷത്തിന്റെ അനുഭവത്തിൽ ആയിത്തീരുവാൻ കഴിഞ്ഞില്ല. എന്നാൽ ജാഗ്രതയോടെ ഉണർവ്വുള്ളവരായി മണവാളനെ കാത്തിരുന്നവരാണ് ബുദ്ധിയുള്ളവർ ആയ അഞ്ചു കന്യകമാർ. അതുകൊണ്ട് നാം എല്ലാം കാലത്തും ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാനും തുടർന്ന് മണവാളനോട് ഒപ്പം സന്തോഷത്തിന്റെ ഭവനത്തിലേയ്ക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ.

## സ്ലീബാ പെരുന്നാളിനുശേഷം രണ്ടാം ഞായർ (വി. മത്തായി 16:512) 24–09–2023

യേശു നമുക്ക് നൽകുന്ന പ്രബോധനമാണ് 16–ാം അദ്ധ്യായത്തിലുള്ളത്. ഇവിടെ പുളിച്ചമാവിനെ സൂക്ഷിച്ചുകൊൾവീൻ എന്ന് യേശു പറഞ്ഞിരിക്കുന്നത് പരീശന്മാരുടെയും സാദുക്യരുടേയും പ്രവർത്തിയില്ലാത്ത ഉപദേശത്തെ സൂക്ഷിച്ചുകൊള്ളണം എന്ന മുന്നറിയിപ്പാണ്. പരീശന്മാരും സാദൂക്യരും സമൂഹത്തിൽ നേതൃസ്ഥാനം അലങ്കരിക്കുന്നവരാണ്. അതുകൊണ്ട് അവരുടെ ഉപദേശം സമൂഹത്തെ സ്വാധീനിക്കുവാൻ സാധ്യതയുണ്ട്. പുളിച്ചമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ പരീശന്മാരുടെ ഉപദേശം സമൂഹത്തിൽ വ്യാപിക്കുവാൻ ഇടയുള്ളതുകൊണ്ട് കർത്താവ് അവരുടെ ഉപദേശത്തെ പുളിച്ചമാവിനോട് സാമ്യപ്പെടുത്തുന്നു. അതുകൊണ്ട് യേശു ഇവിടെ നമുക്ക് ഒരു മുന്നറിയിപ്പാണ് നൽകുന്നത്. സാധാരണ ജീവിതത്തിൽ ലഭിക്കുന്ന മുന്നറിയിപ്പുകളെക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട് കർത്താവിന്റെ മുന്നറിയിപ്പുകളെ. കാരണം, കർത്താവിന്റെ മുന്നറിയിപ്പുകൾ അവഗണിച്ചാൽ ശാരീരിക മരണത്തെക്കാൾ ഉപരി ആത്മീകമരണം സംഭവിക്കും.

ഇവിടെ പറയുന്ന പുളിപ്പ് ദൃശ്യമായ ഒരു വസ്തുവാണ്. അതു കെട്ടതെങ്കിൽ ഭക്ഷിക്കുന്ന വ്യക്തിയുടെ ശരീരത്തിന് ദോഷം ചെയ്യും. എന്നാൽ ഉപദേശം എന്നത് അദൃശ്യമായ ഒന്നാണ്. അത് കെട്ടതാണെങ്കിൽ അദൃശ്യമായ ആത്മാവിന് ദോഷം ചെയ്യും. പുളിപ്പിന് മാവിനെ സ്വാധീനിക്കുവാൻ കഴിയുന്നതുപോലെ ദുഷിച്ച ഉപദേശങ്ങൾക്ക് മനുഷ്യ ഹൃദയത്തെ സ്വാധീനിക്കുവാനും ദോഷപ്പെടുത്തുവാനും കഴിയും.

അടുത്തതായി വചനഭാഗത്ത് പറയുന്ന ഒരു വലിയ ചിന്ത എന്നത് യേശുവിനോടൊപ്പം ഗലീല കടൽതീരത്ത് നിന്ന് ശിഷ്യർ യാത്ര തുടങ്ങിയപ്പോൾ അവർക്ക് ആവശ്യമായ ഭക്ഷണം എടുക്കുവാൻ അവർ മറന്നുപോയി. തങ്ങളെ എന്നാളും പുലർത്തിയ യേശു കൂടെയുണ്ടായിട്ടും അവർ അവനിൽ വിശ്വസിക്കാതെ ആകുലപ്പെടുകയാണു ചെയ്തത്. ഇത് കണ്ടിട്ട് യേശു അവരോട് ചോദിക്കുകയാണ് നിങ്ങൾ ഓർക്കുന്നില്ലെ! അഞ്ചപ്പം കൊണ്ട് അയ്യായിരം ആളുകളെയും, ഏഴ് അപ്പം കൊണ്ട് നാലായിരം പേരെയും തൃപ്തിപ്പെടുത്തിയത്. ഇവിടെ ഇത് പറയുവാനുള്ള കാരണം അവർ കഴിഞ്ഞുപോയ കാലത്തെ മറന്നതുകൊണ്ടാണ്.

നാം ചിന്തിക്കേണ്ട പ്രധാന ചിന്ത നാം ഇന്നലകളെ മറക്കാതിരിക്കുക. ശിഷ്യന്മാർ തങ്ങളുടെ ഭൂതകാല അത്ഭുതങ്ങളെ വിസ്മരിച്ചതുകൊണ്ടാണ് അപ്പം എടുക്കാത്തതിനെ ഓർത്ത് വ്യാകുലപ്പെട്ടത്. അതുപോലെ തന്നെയാണ് നാം ഓരോരുത്തരും. ജീവിതത്തിൽ സംഭവിക്കുന്ന ഒരു മാനുഷിക ചിന്തയാണ് ഇന്നലകളെ മറക്കുക എന്നുള്ളത്. ദൈവം നമ്മെ അനുദിനം നടത്തുന്ന ഭൂതകാല വഴികളെ നാം വിസ്മരി

ക്കാതിരിക്കുക. കാരണം ഇന്നലകളുടെ ഓർമ്മ ഉള്ള ആളുകൾക്കെ ഇന്നത്തെ ആത്മീയതയെ രൂപപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

ഓർമ്മകളെക്കുറിച്ച് ഇപ്രകാരം പറയുന്നു "Memories are timeless treasure of Heart" (ഹൃദയത്തിന്റെ വിലമതിക്കാനാകാത്ത നിധിയാണ് ഇന്നലകളിലെ ഓർമ്മ).

ആത്മീയ ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടതാണ് ഓർമ്മകൾ. വേദശാസ്ത്രത്തിൽ ഓർമ്മ എന്ന് പറയുന്നത് ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെക്കുറിച്ചുള്ളതാണ്. അതുകൊണ്ട് ദൈവത്തിന്റെ മഹാകൃപകളെ നാം ഓർക്കുകയും ഇന്നത്തെ കാലഘട്ടത്തിൽ അതനുസരിച്ച് ജീവിക്കുകയും ചെയ്യുവാനും ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

## സ്ലീബാ പെരുന്നാളിനുശേഷം മൂന്നാം ഞായർ (വി.മർക്കോസ് 2:23-28) 01-01-2023

യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭഘട്ടത്തിൽ ശാബതിലെ ആരാധന കഴിഞ്ഞ് ശിഷ്യന്മാരുമൊത്ത് ഗോതമ്പ് വിളഞ്ഞു നിൽക്കുന്ന വിളഭൂമിയിൽ കൂടി യേശു കടന്നുപോകുകയായിരുന്നു. വിശപ്പുമൂലം ശിഷ്യന്മാർ കതിർ പറിച്ച് തിന്നുവാൻ തുടങ്ങി. പരീശന്മാരും ശാസ്ത്രിമാരും ഉൾപ്പെട്ട വലിയ ഒരു സമൂഹം യേശുവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. അവർക്ക് ശിഷ്യന്മാർ ചെയ്തത് ഇഷ്ടപ്പെട്ടില്ല. ശാബതിൽ വിഹിതമല്ലാത്തത് ശിഷ്യന്മാർ പ്രവർത്തിച്ചതിൽ അവർ യേശുവിനോട് പരാതിപ്പെട്ടു. ആയതിന് മറുപടിയായി പഴയനിയമകാലത്ത് ദാവീദും കൂട്ടരും പുരോഹിതന്മാർക്ക് മാത്രം ഭക്ഷിക്കുവാൻ അനുവാദമുള്ള കാഴ്ചയപ്പം ഭക്ഷിച്ച സംഭവം അവരെ ഓർമ്മിപ്പിക്കുകയും, മനുഷ്യൻ ശാബത് നിമിത്തമല്ല, ശാബത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായതെന്നും പറയുന്നു.

**1. യേശുവിന്റെ ശിഷ്യന്മാർ ശാബത് ലംഘിച്ചിട്ടില്ല.**

ശാബതിനെ ശുദ്ധമായി ആചരിക്കുക എന്നത് പത്ത് കല്പനകളിൽ നാലാമത്തേതാണ്. യേശുതമ്പുരാൻ ലോകത്ത് വന്നത് പഴയതിനെ നീക്കുവാനല്ല നിവർത്തിക്കാൻ എന്ന് നാം വായിക്കുന്നുണ്ട്. ശാബത് വിശ്രമത്തിനും ദൈവാരാധനയ്ക്കുമായി ചെലവഴിക്കണമെന്നാണ് നിയമം. ശാബത് നിയമത്തിൽ പറയുന്നു: കൂട്ടുകാരന്റെ വിള ഭൂമിയിൽ കൂടി കടന്നുപോകുമ്പോൾ നിനക്ക് കതിർ പറിക്കാം, എങ്കിലും കൂട്ടുകാന്റെ വിളഭൂമിയിൽ അരിവാൾ വയ്ക്കരുത് (ആവർ.23:25). ഇതനുസരിച്ച് ശിഷ്യന്മാർ ചെയ്തത് തെറ്റല്ല. എന്നാൽ പരീശന്മാർ ശാബതിൽ ചെയ്യുവാൻ പാടില്ലാത്തതായി 89 കല്പനകൾ ഉണ്ടാക്കി ശാബതു നിയമം കഠിനമുള്ളതാക്കി. പത്ത് കല്പനകളെപ്പോലെ ഇവയും എല്ലാവരും അനുസരിക്കണമെന്ന് അവർ ശഠിച്ചു. ശാബതിൽ കൊയ്യുവാനോ, മെതിക്കുവാനോ പാടില്ല. എന്നാൽ യേശുവിന്റെ ശിഷ്യന്മാർ കതിർ പറിച്ചത് കൊയ്ത്തിന് സമമായും, കതിർ കൈയ്യിൽ വച്ച് തിരുമ്മിയത് മെതിക്കലിന് സമമായും അവർ വ്യാഖ്യാനിച്ചു.

നിയമം വേലിയാണ്. കുഴിയിൽ വീഴാതിരിക്കാൻ വേലി വേണം എന്നതുപോലെ നിയമവും ആവശ്യമാണ്. എന്നാൽ വീഴ്ച സംഭവിക്കുന്നില്ല എന്നതുകൊണ്ട് മാത്രം ആദ്ധ്യാത്മികമായ പുരോഗതി ഉണ്ടാകണമെന്നില്ല. നിയമങ്ങൾ അനുഷ്ഠിക്കുന്നതോടൊപ്പം കാരുണ്യപ്രവർത്തികളും ഉണ്ടാകണം. സ്വാർത്ഥരായ പരീശന്മാർക്ക് ഇല്ലാത്തതും അതായിരുന്നു. അതുകൊണ്ട് കർത്താവ് അവരെ വിമർശിച്ചു.

**2. വിശക്കുന്നവരോട് തത്വം പറയുന്നത് യേശു ഇഷ്ടപ്പെടുന്നില്ല.**

ശാബതിൽ ശിഷ്യന്മാർ കതിർ പറിച്ച് തിന്നപ്പോൾ, നിന്റെ ശിഷ്യന്മാർ ശാബതിൽ വിഹിതമല്ലാത്തത് പ്രവർത്തിച്ചതെന്ത് എന്ന് പരീശന്മാർ ചോദിച്ചു. അതിന് മറുപടിയായി അവർ നിയമം ലംഘിച്ചില്ല എന്നു പറയാതെ, ദാവീദും കൂട്ടരും വിശന്നപ്പോൾ പുരോഹിതന്മാർക്കല്ലാതെ ആർക്കും തിന്നാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്ന സംഭവത്തെ ഓർമ്മിപ്പിക്കുന്നു. നോബ് എന്ന പട്ടണത്തിലെ പുരോഹിതനായ അഹീമേലെക്കാണ് കാഴ്ചയപ്പം അവർക്ക് വിശപ്പിന് ഭക്ഷിക്കുവാൻ നൽകിയത് (1 ശമു.1:2-6). ഇതൊരു തെറ്റായി യേശു കാണുന്നില്ല.

എന്താണ് കാഴ്ചയപ്പം? ശാബത്തുതോറും പ്രത്യേക മേശമേൽ യഹോവയുടെ സന്നിധിയിൽ രണ്ട് അടുക്കായിട്ട്, ഓരോ അടുക്കിൽ ആറാറുവീതം ക്രമീകരിച്ചുവയ്ക്കുന്ന അപ്പമാണ് കാഴ്ചയപ്പം. ഓരോ അപ്പവും രണ്ടിടങ്ങഴി മാവുകൊണ്ടുള്ളതായിരിക്കണം. അപ്പത്തിന്മേൽ നിർമ്മലമായ കുന്തിരിക്കം വയ്ക്കും. ഇത് യഹോവയ്ക്ക് സൗരഭ്യവാസനയായ ദഹനയാഗം. അഹറോനും പുത്രന്മാരും ഓരോ ആഴ്ചയിലും പുതിയവ ക്രമീകരിക്കുമ്പോൾ പഴയത് വിശുദ്ധസ്ഥലത്തുവച്ച് തിന്നു തീർക്കണം (ലേവ്യ.24:5-9).

ക്രിസ്തുമതം ചില നിയമങ്ങൾ പാലിക്കുന്നതിനുള്ള ഉപാധിയല്ല, നല്ല കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഒരു മാധ്യമം കൂടിയാണ്. പുതിയ ഇസ്രായേലാകുന്ന ക്രിസ്തുസഭ ശാബതുപോലെ വിശുദ്ധമായി ആചരിക്കുന്ന ദിവസമാണ് കർത്തൃദിവസമായ, ആഴ്ചവട്ടത്തിലെ ഒന്നാം ദിവസമായ ഞായറാഴ്ച. ക്രിസ്തുവിന്റെ ഉയിർപ്പും പുതിയ സൃഷ്ടിയെ പൂർത്തീകരിക്കുന്നവനായ പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ ആവസിച്ചതും ഞായറാഴ്ചയാണ്. ക്രിസ്ത്യാനികൾക്ക് ഏറ്റവും പ്രധാനപ്പെട്ടത് ഞായറാഴ്ച ആചരണമാണ്. ഞായറാഴ്ച ദൈവാരാധന, വിശ്രമം എന്നിവയോടൊപ്പം നല്ല പ്രവർത്തികൾ ചെയ്യുന്നതിൽ യാതൊരു തടസ്സവുമില്ല.

സത്യവും, നീതിയും, സ്നേഹവും കുറഞ്ഞുവരുന്ന ഒരു സമൂഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്. നാളുകൾക്ക് മുൻപ് ഇംഗ്ലീഷ് പത്രമായ ഇന്ത്യൻ എക്സ്പ്രസ്സിൽ ഒരു കാർട്ടൂൺ കാണുകയുണ്ടായി. Truth, Justice, Love എന്നിവ ഓരോ ചാക്കിൽ കെട്ടി കാഴ്ചബംഗ്ലാവിൽ വച്ചിരിക്കുന്നതായിട്ടാണ് കാർട്ടൂൺ. ഇന്നല്ലെങ്കിലും താമസിയാതെ ഇതു ശരിയാകും എന്നാണ് തോന്നുന്നത്. ഇന്നത്തെ കുട്ടികളോട് ഓലക്കുട എന്താണെന്ന് ചോദിച്ചാൽ പറയുവാൻ അറിയില്ല. ഇതുപോലെ കുറെനാളുകൾക്കുശേഷം സത്യം, നീതി, സ്നേഹം എന്നിവ എന്താണെന്ന് ശരിയായി അറിയാൻ പാടില്ലാത്ത ഒരു സമൂഹം ഉണ്ടാകാം. അതാണ് കാഴ്ചബംഗ്ലാവിന്റെ കാർട്ടൂൺ സൂചിപ്പിക്കുന്നത്. ഈ ഒരവസ്ഥ ഉണ്ടാകാതിരിക്കാൻ ജനങ്ങൾ നല്ല പ്രവർത്തികൾ ചെയ്ത് ജീവിപ്പാൻ തയ്യാറാകണം. പരിശ്രമം വഴി അത് മാറ്റിയെടുക്കേണം. അതിനായി ഈ വേദഭാഗം നമ്മെ എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ (മർക്കോസ് 16:13-18) 08-10-2023

രണ്ട് യജമാനന്മാരെ സേവിപ്പാൻ ഒരുവനും കഴിയുകയില്ല എന്ന് പറഞ്ഞു കൊണ്ടാണ് ഈ ചിന്താവിഷയം തുടങ്ങുന്നത്. അതിനുശേഷം വേദഭാഗത്ത് പറയുന്നത് നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും ഒരുപോലെ സേവിപ്പാൻ കഴിയുകയില്ല. മാമ്മോൻ എന്നത് ഫൊയ്നിഷ്യ ഭാഷയിലെ ഒരു

വാക്കാണ്. ധനം, ദ്രവ്യം എന്നീ അർത്ഥങ്ങളാണുള്ളത്. ധനത്തിന്റെ ദേവൻ അറിയപ്പെടുന്നത് ഈ പേരിൽ തന്നെയാണ്. ധനത്തിന്റെ ദേവനായ മാമ്മോൻ ധനമോഹികളെ അനീതിയിലേയ്ക്ക് നയിക്കും എന്നതുകൊണ്ട് ധനത്തെ അനീതിയുള്ള മാമ്മോൻ എന്ന് യേശു പറയുന്നു. ലോകത്ത് ഓരോ മനുഷ്യനും ഈ രണ്ടു യജമാനന്മാരുമായി ബന്ധപ്പെട്ട് ജീവിക്കേണ്ട സാഹചര്യമാണുള്ളത്. എന്നാൽ സഹനത്തിന്റെയും ലോക സുഖങ്ങളെയും സ്നേഹിക്കുന്നതിനുപരിയായി ദൈവത്തെ സ്നേഹിച്ച് ആത്മീയ വളർച്ച പ്രാപിക്കുന്നതിനായിരിക്കണം നാം കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്ന് യേശു ഉപമയായി നമ്മോട് പറയുന്നു. ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്നതെല്ലാം മാമ്മോൻ ആണ്. അങ്ങനെ ധനത്തെ സ്നേഹിച്ചതുകൊണ്ട് സ്വർഗ്ഗരാജ്യം അന്യമാക്കിയ അനേകം വ്യക്തികളെ നമുക്ക് വേദപുസ്തകത്തിൽ കാണാം.

1. യേശുവിന്റെ അടുക്കൽ വന്ന ധനവാന്റെ യജമാനൻ ധനം ആയതിനാൽ അവന് നിത്യജീവൻ നഷ്ടമായി.

2. അമിതമായ ധനമോഹം തിന്മയാണെന്ന് മനസ്സിലാക്കാതെ യൂദാ ധനത്തിനുവേണ്ടി യേശുവിനെ ഒറ്റിക്കൊടുത്തതിനാൽ ദൈവരാജ്യം നഷ്ടമാക്കി.

3. അരാം രാജാവിന്റെ സൈന്യാധിപനായ നയമാനിൽ നിന്നും ഏലിശാ പ്രവാചകനറിയാതെ സമ്പത്ത് ചോദിച്ച് വാങ്ങിയ ഗേഹസിയും ദൈവത്തിൽ നിന്നും അകന്ന് മാമ്മോന്റെ സേവകനായി.

ഏലിശാ പ്രവാചകൻ യിസ്രായേൽ ജനത്തോടായി ചോദിക്കുന്നു നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽവയ്ക്കും. യഹോവ സത്യദൈവം എങ്കിൽ അവനെ അനുഗമിപ്പീൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ (1 രാജ: 18-21). ആകയാൽ ദൈവത്തെയും മാമ്മോനെയും ഒരുപോലെ സേവിപ്പാൻ ആർക്കും കഴിയുകയില്ല.

അതുകൊണ്ട് നാം എല്ലാ ലൗകിക സുഖങ്ങളെയും ഒരു നിയന്ത്രണരേഖയിൽ നിർത്തി ദൈവത്തെയും ദൈവീക ചിന്തകളെയും ദൈവീക കല്പനകളെ മുറുകെപ്പിടിച്ച് ജീവിക്കുവാൻ ശ്രമിക്കണം. അപ്രകാരം നമ്മുടെ ജീവിതത്തെ കൊണ്ടുവരാൻ സാധിച്ചാൽ നമ്മുടെ യജമാനനായ യേശു ക്രിസ്തു മുഖേന നമ്മുക്ക് സമാധാനവും സ്വസ്ഥതയും ലഭിക്കുകയും ചെയ്യും.

## സ്ലീബാ പെരുന്നാളിനുശേഷം അഞ്ചാം ഞായർ (വി. മത്തായി 28:1-12) 15-10-2023

വേദപണ്ഡിതന്മാരും പരീശന്മാരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു. അതുകൊണ്ട് അനുഷ്ഠിക്കണമെന്ന് അവർ പറയുന്ന സകലവും നിങ്ങൾ അനുഷ്ഠിക്കുക. എന്നാൽ അവരുടെ പ്രവർത്തികൾ അനുകരിക്കരുത്. അവർ പറയുന്നതേയുള്ളൂ; പ്രവർത്തിക്കുന്നില്ല.

അധികാരസ്ഥാനങ്ങൾ ദൈവദത്തമാകയാൽ അവയെ അനുസരിക്കേണ്ടത് നമ്മുടെ ധർമ്മമാകുന്നുവെന്നും, അധികാരസ്ഥാനികൾ തെറ്റിയാൽ അവരോട് ദൈവം ചോദിച്ചുകൊള്ളുമെന്നാണ് ക്രിസ്തുമത പഠിപ്പിക്കൽ. യാഹോവയായ ദൈവം ഈജിപ്റ്റിൽ അടിമകളായിരുന്ന ഇസ്രായേൽ ജനത്തെ ബലമുള്ള ഭുജം കൊണ്ട് വിടുവിച്ച് വാഗ്ദത്ത നാടായ കനാനിൽ എത്തിച്ചു. തന്റെ ജനം അനുസരിക്കുവാനായി പ്രവാചക ശ്രേഷ്ഠനായ മോശവഴി ന്യായപ്രമാണത്തെ ദൈവം അവർക്ക് കൊടുത്തു. മോശ മരിക്കാറായപ്പോൾ ജനത്തെ നയിക്കുവാനും ന്യായപ്രമാണം പഠിപ്പിക്കുവാനുമായി ദൈവം യോശുവായെ തിരഞ്ഞെടുത്തു. പിന്നീട് മൂപ്പന്മാരും പ്രവാചകരും ദൈവനിയോഗത്താൽ ആ ചുമതല നിർവ്വഹിച്ചു. പിൽക്കാലത്ത് ഈ അധികാരം പരീശന്മാരുടെയും ശാസ്ത്രിമാരുടെയും പക്കൽ എത്തിച്ചേർന്നു. ശാസ്ത്രിമാർ നിയമങ്ങൾ എഴുതി വയ്ക്കുന്നതിലും പരീശന്മാർ അവയെ പഠിപ്പിക്കുന്നതിലും ശ്രദ്ധിച്ചുപോന്നു. എന്നാൽ കർത്താവിന്റെ കാലമായപ്പോൾ അവർ നിയമത്തെ ഊതിവീർപ്പിച്ച് വലുതാക്കി അവയെ പ്രസംഗിച്ച് ജീവിക്കുന്നതല്ലാതെ അനുസരിക്കുന്നവരായിരുന്നില്ല. അതുകൊണ്ട് കർത്താവ് പറയുന്നു അവർ പറയുന്നത് ഒക്കെയും പ്രമാണിച്ചു ചെയ്‌വീൻ, അവരുടെ പ്രവർത്തികൾപോലെ ചെയ്യരുത് താനും.

വേദഭാഗത്ത് യേശു ജനത്തോടും ശിഷ്യന്മാരോടുമായി രണ്ട് കാര്യങ്ങൾ പറയുന്നു

**1. അനുസരിക്കണം 2) അനുകരിക്കരുത്**

മഹാപുരോഹിതന്മാരും പരീശന്മാരും മോശയുടെ സിംഹാസനത്തിൽ ഉപവിഷ്ഠരായിരിക്കകൊണ്ട് അവരെ അനുസരിക്കണമെന്ന് യേശു പറയുന്നു. അധികാരസ്ഥാനികൾ ദൈവ നിശ്ചയപ്രകാരം സ്ഥാനത്ത് വന്നവരാകയാൽ അവരെ അനുസരിക്കണമെന്നാണ് യേശു പറയുന്നത്. സിംഹാസനം വേണ്ട പൗരോഹിത്യം വേണ്ട എന്നു പറയുന്നവർക്കുള്ള മറുപടി കൂടിയാണിത്. ദൈവപുത്രനായ യേശു ക്രിസ്തുവിൽ നിന്നും പൗരോഹിത്യ നൽവരം പ്രാപിച്ച ശ്ലീഹന്മാരെയും, അവരുടെ കയ്‌വെയ്പ്പിന്റെ തുടർച്ചയായി അധികാരത്തിൽ വന്ന പുരോഹിത ശ്രേഷ്ഠരേയും അനുസരിക്കണമെന്നാണ് വി.വേദപുസ്തകം പഠിപ്പിക്കുന്നത്. പഴയനിയമത്തിൽ, പ്രബലനായ ഊസിയാ രാജാവ്, പുരോഹിതന്മാർ വിലക്കിയിട്ടും അവരെ കേൾക്കാതെ ധൂപകലശം പിടിച്ചു വാങ്ങി യഹോവയുടെ ആലയത്തിൽ ധൂപപീഠത്തിന്മേൽ ധൂപം അർപ്പിച്ചതുവഴി കുഷ്ഠരോഗിയായതും അധികാരം നഷ്ടപ്പെട്ട് നാശയോഗ്യനായതും നാം വായിക്കുന്നു (ദിന.26:16-19). പുരോഹിതന്മാർക്കല്ലാതെ മറ്റാർക്കും ചെയ്യുവാൻ പാടില്ലാത്തതാണ് രാജാവ് പ്രവർത്തിച്ചത്. പുരോഹിത സ്ഥാനികളെ അനുസരിക്കാതിരുന്നതാണ് രാജാവിന് സംഭവിച്ച തെറ്റ്, എന്നാൽ തെറ്റായ മാതൃകയുള്ള പൗരോഹിത്യസ്ഥാനികളെയും പരീശന്മാരെയും അനുകരിക്കരുത് എന്നു യേശു പറയുന്നു. എന്തുകൊണ്ടാണ് ഇവരെ അനുകരിക്കരുതെന്ന് യേശു പറയുന്നത് യേശു കുറ്റപ്പെടുത്തുന്നത് ശാസ്ത്രിമാരുടെയും പരീശന്മാരുടെയും പഠിപ്പിക്കലിനെയല്ല; അവരുടെ പ്രവർത്തിയില്ലാത്ത ജീവിതത്തെയാണ്. ഇവർ ന്യായപ്രമാണത്തോട് പുതിയ നിയമങ്ങൾ കൂട്ടിച്ചേർത്ത് സാധാരണക്കാർക്ക് അനുസരിക്കുവാൻ പ്രയാസമുള്ളതാക്കിത്തീർത്തു. കഴുതയുടെ പുറത്ത് കെട്ടുകളായി സാധനങ്ങൾ കൂട്ടുന്നതുപോലെ ജനങ്ങൾ പാലിക്കുന്നതിനായി നിയമങ്ങളാകുന്ന ചുമടുകളെ അവരുടെമേൽ കെട്ടിവെയ്ക്കുന്നു. പ്രമാണികളാകുന്ന അവർ വിരൽകൊണ്ടുപോലും അവയെ തൊടുന്നില്ല. ഉപദേശിക്കുന്നയാൾ ദൃഷ്ടാന്തം കാണിക്കുന്നില്ലെങ്കിൽ ഉപദേശം കൊണ്ട് എന്ത് പ്രയോജനം. പ്രസംഗവും പ്രവർത്തിയും തമ്മിൽ ബന്ധമില്ലാത്തത് കപടഭക്തിയാണ്.

ഇന്ന് ക്രിസ്ത്യാനികളിൽ പലരും കപടഭക്തരാണ്, ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുന്നതല്ലാതെ ദൈവകല്പനയനുസരിച്ച് ജീവിക്കുന്നില്ല. അയൽക്കാരനെ തന്നെപ്പോലെ കാണുന്നതിൽ വൈമനസ്യം കാട്ടുന്നവരാണ് ഭൂരിപക്ഷവും. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ എങ്ങനെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കും. മനുഷ്യ സ്നേഹത്തിലൂടെയുള്ള പ്രവർത്തനങ്ങൾ നമ്മിൽ ഉണ്ടാകുമ്പോഴാണ് നമ്മുടെ ഭക്തി ശരിയായ ഭക്തിയാകുന്നത്. അതുകൊണ്ട് ദൈവം നമുക്ക് കാണിച്ചു തന്ന വഴിയിലൂടെ സഞ്ചരിച്ച് ഒരു നല്ല വിശ്വാസി ആയിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുവിൻ (എഫെ. 5:16)

ഓമന സഖറിയ , പുതിയമഠം, യു.എസ്.എ.

ലോകം അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് ഓരോ സംഭവങ്ങളിൽ കൂടി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. യേശു ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു. "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങൾ ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." യേശുവിന്റെ ഈ വാക്കുകളെ ഉറപ്പിക്കുന്ന അനേകം വാക്യങ്ങൾ വേദപുസ്തകത്തിലുണ്ട്. (മത്താ. 24:25, മർക്കോ. 13, ലൂക്കോ. 21, യോഹ. 14). അതുകൊണ്ട് ഈ വാഗ്ദത്തം അക്ഷരം പ്രതി നിറവേറ്റും എന്നതിൽ സംശയമില്ല.

എന്നാൽ "ആ നാളും നാഴികയും സംബന്ധിച്ച് എന്റെ പിതാവ് മാത്രമല്ലാതെ സ്വർഗ്ഗത്തിലെ ദൂതന്മാരോ, പുത്രൻ പോലുമോ അറിയുന്നില്ല" (മത്താ. 24:36). എന്നാൽ അന്ത്യകാല ലക്ഷണങ്ങൾ യേശു ശിഷ്യന്മാർക്ക് പറഞ്ഞു കൊടുത്തിട്ട് "നോഹയുടെ കാലം പോലെ തന്നെയായിരിക്കും മനുഷ്യപുത്രന്റെ വരവ്" (മത്താ. 24:37). "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു'' (ഉല്പ. 6:5) അതുപോലെ തന്നെ ലോത്തിന്റെ കാലത്തും "എന്നാൽ ലോത്ത് സൊദോം വിട്ട നാളിൽ ആകാശത്തുനിന്നും തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചു കളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നേ ആകും." (ലൂക്കോ.17:30).

ലോകത്ത് എവിടെയും സമാധാനം നഷ്ടപ്പെട്ട ഒരു കാലത്തിലൂടെയാണല്ലോ നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ധാർമ്മികബോധം നഷ്ടപ്പെട്ടകാലം, പത്രവാർത്തകൾ വായിച്ചാൽ ഇതിനു മുൻപെങ്ങും കേട്ടുകേഴ്‌വി ഇല്ലാത്ത അതിക്രമങ്ങളും അനീതിയും നടക്കുന്നകാലം, ആരേയും വിശ്വസിക്കാൻ പറ്റാത്തകാലം, തിന്മയുടെ ശക്തി കൂടാരം അടിച്ചിരിക്കുന്ന കാലം, ഇന്ന് പല പാപങ്ങളും പുരോഗമന സംസ്കാരത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ആത്മീയ അന്ധത ബാധിച്ച് ക്രൈസ്തവ കുടുംബബന്ധങ്ങളിൽപോലും പരസ്പര സ്നേഹവും, സമാധാനവും നഷ്ടപ്പെടുന്നു. ദൈവാലയങ്ങളിൽ വഴക്കുകളും, കേസുകളും ഒക്കെയായി സമാധാനം നഷ്ടപ്പെട്ടിരിക്കുന്നു. "എന്നാൽ ശൂന്യമാകുന്ന മ്ലേഛത നില്ക്കരുതാത്ത സ്ഥലത്ത് നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ- വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ" (മർക്കോസ് 13:14).

ഇന്നത്തെ കുട്ടികൾ ദൈവാലയത്തിൽ പോകാൻ മടിക്കുന്നതിന്റെ കാരണവും ഇതുതന്നെയല്ലേ. ആധുനിക കാലത്തു വളരുന്ന കുട്ടികൾക്ക് മൂല്യബോധമുണ്ടായിരുന്ന പഴയകാലത്തിന്റെ സൗന്ദര്യവും, പക്വതയും പരിചയവുമില്ലല്ലോ. എല്ലാത്തിനോടും പൊരുത്തപ്പെടാനും, തിരുത്തപ്പെടാനും അവരെ പഠിപ്പിക്കണം. നന്മയും തിന്മയും തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കണം. നമ്മുടെ ഒരു കുട്ടിപോലും ഇരയാകാതെയും, പ്രതിയാകാതെയും ജീവിക്കട്ടെ.

നാം അറിയാതെ ഏതു നിമിഷവും കെട്ടു പോകുന്ന ഒരു വിളക്കാണ് നമ്മുടെ ജീവൻ. രോഗം പേടിച്ച് നാം ഭക്ഷണം നിയന്ത്രിക്കും, പക്ഷെ നരകം ഭയന്ന് ആരും തിന്മ ചെയ്യാതിരിക്കുന്നില്ല. ഇന്നത്തെ ജീവിതസുഖത്തിനുവേണ്ടിയാണ് എല്ലാവരും മത്സരിക്കുന്നത്. എന്നാൽ മരണശേഷമുള്ള സുഖത്തിനുവേണ്ടി ആരും അദ്ധ്വാനിക്കുന്നില്ല. ജീവിതം ഒരു നാൾ അവസാനിക്കും എന്ന് അറിയാമെങ്കിലും എല്ലാവർക്കും തിരക്കാണ്. ആരേയും ശ്രദ്ധിക്കാനോ, കേൾക്കാനോ സമയവുമില്ല. തിരക്കുകൾ അവസാനിക്കുന്നുമില്ല. ആഡംബരത്തിൽ മുഴുകി നമ്മുടെ ദൈവഭക്തി വികലമായി പോകുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പഴയ കാലത്ത് ദാരിദ്ര്യം ഉണ്ടായിരുന്നെങ്കിലും സ്നേഹമുണ്ടായിരുന്നു. എന്നാൽ ഇന്ന് എല്ലാവരും സമ്പന്നന്മാരാണ്, ഇന്ന് സ്നേഹ ദാരിദ്ര്യമാണ് അനുഭവപ്പെടുന്നത്.

നിത്യതയിലേക്ക് നമുക്ക് എന്തെങ്കിലും ഒക്കെ ശേഖരിക്കേണ്ടേ? ഈ ചെറിയവരിൽ ഒരുവനായി ദൈവം നമ്മുടെ മുമ്പിൽ വന്നു യാചിച്ചാൽ എന്തായിരിക്കും നമ്മുടെ പ്രതികരണം. ഓർക്കുക ഉള്ളവൻ ഒരു ഭാഗം ഇല്ലാത്തവനു നൽകണം. "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യ ജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായി തന്നേ പ്രവർത്തിക്കുവീൻ" (യോഹന്നാൻ 6:27) "നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ" (1. കൊരി. 15:19).

വിശക്കുന്നവന് ഭക്ഷണം നൽകുമ്പോൾ, വസ്ത്രം ഇല്ലാത്തവനു വസ്ത്രം നൽകുമ്പോൾ, രോഗിയേയും, മരണാസന്നനേയും ശുശ്രൂഷിക്കുമ്പോൾ നാം ദൈവത്തിനാണ് നൽകുന്നത്. ഈ കാണുന്നതിനപ്പുറം ഒരു നിത്യതയുണ്ട്. നിത്യരാജ്യത്തിലേക്കുള്ള വഴിയാത്രയിൽ നമ്മുടെ മുതൽക്കൂട്ട് സുകൃതങ്ങൾ ആണ്. "തുരുമ്പും, കീടവും നശിപ്പിക്കാത്തതും കള്ളൻ മോഷ്ടിക്കാത്തതുമായ അക്ഷയ നിക്ഷേപമാണ് സുകൃതങ്ങൾ. അന്ത്യന്യായവിധിക്കായി ദൈവതിരുമുമ്പിൽ നിൽക്കുമ്പോൾ കണക്കിലെടുക്കുന്നത് എങ്ങനെ ജീവിച്ചു; ദൈവത്തോടും, മനുഷ്യരോടും ഉള്ള ബന്ധങ്ങൾ എങ്ങനെയായിരുന്നു എന്നുള്ളതാണ്.

നാളത്തെ ദിവസത്തേക്ക് നീട്ടിവയ്ക്കാവുന്ന ഒരു കാര്യമല്ല ആത്മരക്ഷ എന്നത്. കാരണം നാളെ നമ്മൾ ജീവനോടിരിക്കുമോ എന്നു പറയുവാൻ സാധ്യമല്ലല്ലോ. ന്യായവിധി ദിവസത്തിൽ യേശുവിന്റെ മുമ്പിൽ മുട്ടുകുത്തിയതുകൊണ്ട് രക്ഷപ്രാപിക്കാൻ സാദ്ധ്യമല്ല. രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാളും ഈ കൃപായുഗത്തിൽ അനുതപിച്ച് ദൈവഇഷ്ടപ്രകാരം ജീവിച്ച് അവങ്കലേക്ക് തിരിയുക. "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല" (സങ്കീ. 34:5) "ഇപ്പോഴാകുന്നു സുപ്രസാധകാലം ഇപ്പോഴാകുന്നു രക്ഷാദിവസം"(2 കൊരി. 6:2).




# രാപ്പാടി പറഞ്ഞ സത്യങ്ങൾ

കർഷകൻ അത്താഴം കഴിഞ്ഞു കിടക്കാൻ പോവുകയായിരുന്നു. മുറ്റത്തെ തേന്മാവിൽനിന്ന് ഒരു രാപ്പാടിയുടെ മധുരമായ ഗാനം അയാളുടെ ശ്രദ്ധയെ ആകർഷിച്ചു. പക്ഷി പാടിക്കൊണ്ടേയിരുന്നു. ആ ഗാനം അയാളുടെ മനസ്സിൽ നിറഞ്ഞുനിന്നു. വളരെനേരം കഴിഞ്ഞാണ് അയാൾ ഉറങ്ങിയത്.

അടുത്ത രാത്രിയിൽ അയാൾ കെണിവെച്ചു രാപ്പാടിയെ പിടിച്ചു. പ്രത്യേകം തയ്യാറാക്കിയ ഒരു കൂട്ടിൽ അതിനെ അടയ്ക്കുകയും ചെയ്തു.

'ഹേ, മനോഹരി!' കർഷകൻ വിളിച്ചു: 'നിന്നെ ഞാൻ സ്വന്തമാക്കിരിക്കുന്നു. ഇനി ഈ കൂട്ടിലിരുന്നു നീ എനിക്കുവേണ്ടി എല്ലാ രാത്രിയിലും പാടുക!'

'പക്ഷേ, ഞങ്ങൾ രാപ്പാടികൾ കൂടുകളിൽ ഇരുന്ന് ഒരിക്കലും പാടില്ല.' പക്ഷി പറഞ്ഞു: 'ഞാൻ ഈ കൂട്ടിലിരുന്ന് ആഹാരം കഴിക്കാതെയും രോഗം പിടിച്ചും മരിക്കുകയേ ഉള്ളു. നിങ്ങൾ ഒരിക്കലും എന്റെ പാട്ടു കേൾക്കുകയില്ല.'

'അങ്ങനെയാണെങ്കിൽ ഞാൻ നിന്നെ ഇറച്ചിയട ഉണ്ടാക്കി കഴിക്കും. രാപ്പാടികളുടെ ഇറച്ചി വിശിഷ്ടവും സ്വദിഷ്ടവുമാണെന്നു ഞാൻ കേട്ടിട്ടുണ്ട്'.

'അയ്യോ! ദയവായി എന്നെ കൊല്ലരുത്.' രാപ്പാടി അപേക്ഷിച്ചു. 'നിങ്ങൾ എന്നെ സ്വതന്ത്രയാക്കുകയാണെങ്കിൽ ഞാൻ മഹത്തായ മൂന്നു സത്യങ്ങൾ പറഞ്ഞുതരാം. അത് എന്റെ നിസ്സാരമായ ഈ ശരീരത്തെക്കാൾ വളരെ വിലപ്പെട്ടതും വിശിഷ്ടവും ആണെന്ന് നിങ്ങൾക്ക് ഉറപ്പിക്കാം.'

കർഷകൻ രാപ്പാടിയെ മോചിപ്പിച്ചു. അത് ഉടനെ തേന്മാവിന്റെ കൊമ്പിൽ പറന്നുചെന്ന് ആഹ്ലാദത്തോടെ ചിറകിളക്കി.

'ഇനി ഞാൻ മൂന്നു സത്യങ്ങൾ പറയാം' താഴെ നിൽക്കുന്ന കർഷകനെ നോക്കി രാപ്പാടി മൊഴി ഞ്ഞു: 'കെണിയിൽ അകപ്പെട്ട ഒരാളുടേയും വാക്ക് വിശ്വസിക്കരുത്. കൈയിലുള്ളത് നഷ്ടപ്പെടാതെ സൂക്ഷിക്കണം. വല്ലതും നഷ്ടപ്പെട്ടാൽ അതേപ്പറ്റി ഓർത്തു ദുഃഖിച്ചുകൊണ്ടിരിക്കാനും പാടില്ല.'

ഇത്രയും പറഞ്ഞശേഷം രാപ്പാടി വേറെ എവിടേയ്ക്കോ പറന്നുപോയി.

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. സുറിയാനിക്കാരുടെ കിരീടം ആര്?
2. തൂണിന്മേൽ തപസ്സിരുന്ന ആൾ?
3. വിശ്വാസപ്രമാണം ക്രോഡീകരിച്ചതെന്ന്?
4. യേശുക്രിസ്തുവാകുന്ന യജമാനന്റെ മുന്നോട്ടക്കാരൻ ആര്?
5. പൗരോഹിത്യത്തിലെ ഏഴു പടികൾ ഏതെല്ലാം?
6. കിഴക്കിന്റെ കാതോലിക്കയുടെ മറ്റൊരു പേരെന്ത്?
7. പാത്രിയർക്കീസിന്റെ സ്ഥാനപ്പേര് എന്ത്?
8. ദൈവാലയങ്ങളിൽ ഉയർത്തുന്ന കൊടി എന്തിനെ അനുസ്മരിപ്പിക്കുന്നു?
9. വിവാഹ കൂദാശ സ്ഥാപിച്ചത് ആര്? എവിടെ വെച്ച്?
10. സ്ലീബാപ്പെരുന്നാൾ ആചരിക്കുന്ന തീയതി ഏത്?

## ആഗസ്റ്റ് മാസത്തിലെ ഉത്തരങ്ങൾ

1. 7 എണ്ണം. വി. മാമ്മോദീസ, വി. മൂറോൻ, വി. കുർബ്ബാന, വി.കുമ്പസാരം, വി. പട്ടത്വം, വി. വിവാഹം, രോഗികളുടെ വി. തൈലാഭിഷേകം
2. വി. യോഹന്നാൻ സ്നാപകനെ
3. വി. ത്രിത്വം വെളിപ്പെട്ടതിനെ
4. 1. രഹസ്യ ഒരുക്ക ശുശ്രൂഷ (തൂയോബൊ)
   2. പരസ്യ ശുശ്രൂഷ
   3. രഹസ്യ സമാപന ശുശ്രൂഷ
5. വാങ്ങിപ്പോയ ആത്മീയ പിതാക്കന്മാരെ
6. മാർ കൂറിലോസ്
7. കിഴക്കിന്റെ കാതോലിക്കാ (മപ്രിയാനാ) ആയ ബാർ എബ്രായ
8. വെള്ളം, മാമ്മോദീസ സൈത്ത്, വി.മൂറോൻ എന്നിവ
9. ശിശുവിന്റെ നെറ്റിയിൽ തൈലം തൊടാതെ മൂന്നു പ്രാവശ്യം കുരിശടയാളങ്ങൾ വരക്കുന്നത്.
10. വി. കുർബ്ബാന അർപ്പിക്കാവുന്ന ഏതെങ്കിലും നോമ്പു ദിവസങ്ങളിലും (ഹൂദായ കാനോൻ) പെസഹാ ദിവസവും നടത്താം.


## സ്ഥലം വില്പനയ്ക്ക്

ചിങ്ങവനം M.C. Road, Fine Bakery സമീപം 40 സെന്റ് മൊത്തമായും, Plots ആയും വില്ക്കപ്പെടും.

**Ph. 09633103033**




# ക്നാനായദീപം

E-mail: kna.deepam@gmail.com,
Whats App No. 8547584440

## ക്നാനായദീപത്തിലെ പരസ്യചാർജ്ജുകളും വരിസംഖ്യയും അടയ്ക്കുന്നതിന്

Knanayadeepam Bank Details

| | |
|---|---|
| A/c.No. 57004254154<br>Chef Editor and Mg. Editor<br>Knanayadeepam<br>SBI Chingavanam<br>IFSC SBIN 0070128 | Knanayadeepam<br>A/c.No. 12990200001178<br>Federal Bank, Chingavanam.<br>IFSC. FDRL 0001299 |

പരസ്യചാർജ്ജുകളും,
വരിസംഖ്യയും
അടയ്ക്കുന്നതിന്
QR Code
സ്കാൻ ചെയ്യുക

SCAN & PAY

Contact :
മാനേജിംഗ് എഡിറ്റർ
9447563240
8547584440

## 4 – ാം ചരമവാർഷികം

8 – 10 – 2023



## സ്കറിയ സെഖറിയ (മോനിച്ചൻ)

കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

| 40 – ാം ചരമദിനം | 4 – ാം ചരമവാർഷികം |
|---|---|
| 01 – 10 – 2023 | 03 – 10 – 2023 |



**ചാച്ചിക്കുട്ടി കുരുവിള**

**കുരുവിള ഏബ്രഹാം**
(റിട്ട. ഹവിൽദാർ, ആസ്സാം റൈഫിൾസ്)

ആക്കൽ വടക്കേമലയിൽ, കുറ്റൂർ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

40 – ാം ചരമദിനം
26 – 09 – 2023




പി. പി. ഏബ്രഹാം
ആശാൻപറമ്പിൽ, തിരുവൻവണ്ടൂർ

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ

Advt -O

23rd Death Anniversary
07 – 09 – 2023



C.P. CHANDY
(Unnichayan)

Edasseril
Puthuvelil,
Mundapuzha,
Ranny

3rd Death Anniversary
21 – 09 – 2023



ALEYAMMA
ABRAHAM

Karingattil house,
Kuttoor

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ



40 – ാം ചരമദിനം
27 – 09 – 2023

അമ്മിണി തോമസ്
ചെറുവേലിൽ, കുറിച്ചി





Advt - O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 4 – ാം ചരമവാർഷികം
25 – 09 – 2023




# K. C. CHACKO
**(കുഞ്ഞൂഞ്ഞുകുട്ടി)**
**താന്നിയ്ക്കൽ, വാകത്താനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ

Advt - O

## 40 – ാം ചരമദിനം
09 – 09 – 2023



# K.K.UTHUPPAN
**Karikottu, Kurichy**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



## 2 – ാം ചരമവാർഷികം
17- 9 -2023

# C.T. CHACKO
**ചരിവുപറമ്പിൽ,**
**കല്ലിശ്ശേരി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 26 – ാം ചരമവാർഷികം

14 – 09 – 2023



Advt - R

## സിൽജി മോൾ

**D/o സാബു & കുഞ്ഞുമോൾ**


**പുറയാറ്റ്, കുഴിമറ്റം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 10 – ാം ചരമവാർഷികം

18- 09 -2023



Advt -R

## Chev. T.O.KURUVILLA

**Thamarappallil, Nattakom**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*



## 40 – ാം ചരമദിനം

06 – 09 – 2023

## RAMANI THOMAS

**W/o K.C. Thomas**

**Komadathusheril (H)**

**Mazhukeer**

Advt -O

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

**സന്തപ്ത കുടുംബാംഗങ്ങൾ**

## 4 – ാം ചരമവാർഷികം

23 – 09 – 2023



Advt -O

# CHACKO M.S.

### കാവനാൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം

11 – 9 – 2023



Advt -O

# M.P. KURIAN

### മംഗലത്ത്, ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

## 2nd Death Anniversary

18 – 09 – 2023



Advt - O

# Leemol Zachariah

### W/o Dr. Abraham K. Zachariah (Joy)

### Karot Kanyakonil, Chingavanam

*Greatly Loved, Deeply Missed,*
*Forever in our Hearts.*

Sorrowing Family

## 5 – ാം ചരമവാർഷികം

13 – 09 – 2023



Advt - O

# മേഴ്സി സ്റ്റീഫൻ

### കുളത്തുങ്കൽ,
### കുറിച്ചി (വെളിയനാട്)

*സന്തപ്ത കുടുംബാംഗങ്ങൾ*



## 2nd Death Anniversary

17-09-2023

# അമ്മിണി ജോസഫ്

കുളത്രാമണ്ണിൽ,
മഴുക്കീർ

Advt -O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ-മരുമക്കൾ-കൊച്ചുമക്കൾ

## 13-ാം ചരമവാർഷികം

02-09-2023



Advt -S

# കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)

കല്ലൻകുന്നിൽ, വല്ലംകുളം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5-ാം ചരമവാർഷികം

11-9-2023



Advt -S

# M. C. ഉണ്ണിട്ടൻ (ബേബി)

മുട്ടാണിശ്ശേരിൽ, മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*ഭാര്യ, മക്കൾ, കൊച്ചുമക്കൾ*



## 4th Birthday in Heaven
(03-10-2023)

## കുന്നുപറമ്പിൽ പുന്നൂസ് പുന്നൂസ്

(സണ്ണി)

**കുന്നുപറമ്പിൽ, കുറിച്ചി**

"ഞാൻ നിങ്ങളിൽനിന്നും
അകന്നുപോയെങ്കിലും എന്റെ സ്നേഹം
എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ."

*സന്തപ്ത കുടുംബാംഗങ്ങൾ*



## 2nd Birthday in Heaven
(01-09-2023)

## ശാന്തമ്മ പുന്നൂസ്

**കുന്നുപറമ്പിൽ, കുറിച്ചി**

"ഞാൻ നിങ്ങളിൽനിന്ന് വേർപിരിഞ്ഞെങ്കിലും
എന്റെ സ്നേഹവും സ്വർഗ്ഗപിതാവിന്റെ
പക്കലുള്ള എന്റെ പ്രാർത്ഥനയും എപ്പോഴും
നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കേണമേ."

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 7 – ാം ചരമവാർഷികം

22 – 09 – 2023



### തോമസ് ചെറിയാൻ (ബാബു)

കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt - S

## 26 – ാം ചരമവാർഷികം

30- 12 -2023

## 8 – ാം ചരമവാർഷികം

17- 09 -2023





### കെ. റ്റി. തോമസ്

### മേരിക്കുട്ടി തോമസ്

കണ്ണന്താനത്ത്,
പഴവങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 6th Death Anniversary

27 – 09 – 2023



### ABIN ABRAHAM

Elayasseril, Kuttoor, Thiruvalla

"You will live forever in our heart's"

By Loving Family

Advt - O

## 4th Death Anniversary

23 – 08 – 2023



### A.K. JACOB (JOY)

Kunnirickel Manackel
Kattode, Thiruvalla.

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

കഴിഞ്ഞ ലക്കം തുടർച്ച

**പഠനവൈകല്യം** (Learning Disability) (തുടർച്ച)

ഒരു ദിവസം പള്ളിക്കമ്മിറ്റിയോഗം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ അച്ചനെ കാത്ത് ഫൈവ് ഫിംഗേഴ്സും ടോണിയും നിൽക്കുന്നു. ജോജോ പറഞ്ഞു.

"അച്ചനെ കാണാൻ ഞങ്ങൾ കാത്ത് നിന്നതാണ്".

ശരി എങ്കിൽ എന്റെ ഓഫീസിലേയ്ക്ക് വരൂ.

അച്ചന്റെ ക്ഷണപ്രകാരം എല്ലാവരും അച്ചന്റെ മുറിയിൽ കസേരകളിലിരുന്നു.

"എന്തു പറ്റി വി. കുർബ്ബാന കഴിഞ്ഞ് ആരും വീട്ടിൽ പോയില്ലെ"?

'ഇല്ലല്ലോ, കാപ്പിയും സ്നാക്സും കിട്ടിയാൽ പിന്നെ ഉടനെ പോയില്ലെങ്കിലും കുഴപ്പമില്ല. ഉച്ചയ്ക്ക് ചെന്നാലും മതി". ടോണിയുടെ കമന്റ്.

"അച്ചോ, അത് അവന്റെ കാര്യം. അവന്റെ പിള്ളാർ ഊപ്പ പിള്ളാരാണ് അവർക്ക് സൺഡേസ്കൂൾ ഇല്ല. ഞങ്ങളുടെ കുട്ടികൾ സൺഡേസ്കൂളിലാണ്. അവർ വരുന്നത് കാത്ത് നിൽക്കുകയാണ്".

ബിനു പറഞ്ഞു.

"അപ്പോൾ എന്നെ കാണാൻ വന്നതിന്റെ ഉദ്ദേശം"? അച്ചൻ ചോദിച്ചു.

ലിസ്സിയാണ് മറുപടി പറഞ്ഞത്.

അച്ചോ ഉള്ളത് പറഞ്ഞാൽ കുട്ടികളുടെ Learning Disability എന്ന വിഷയം ഒരു വഴിക്ക് എത്തി നിൽക്കുകയാണ്. തുടർന്നു ക്ലാസ്സ് കേൾക്കാൻ കാത്തിരിക്കയാണ് ഞങ്ങൾ. അച്ചന്റെ സൗകര്യം എന്നാണ് എന്നറിയിച്ചാൽ നമുക്കു പ്രോഗ്രാം തയ്യാറാക്കാമായിരുന്നു

"ഓ അത് ശരിയാണല്ലോ. ഞാനും മറന്നു പോയിരുന്നു. ശരി പറഞ്ഞുകൊള്ളൂ. എപ്പോഴാണ് ക്ലാസ്സ് നടത്തേണ്ടത്"?

"അച്ചോ ഞങ്ങളിൽ പലരും പ്രൈവറ്റ് സെക്ടറിൽ ജോലി ചെയ്യുന്നവരാണ്. അവധി ലഭിക്കാൻ പ്രയാസമാണ്. ആയതിനാൽ ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് ആയാൽ നല്ലത്". സിബി പറഞ്ഞു.

എങ്കിൽ അടുത്തതിന്റെ പിന്നത്തെ ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഞാൻ ഫ്രീ ആണ്. അന്ന് നമുക്ക് ഒരുമിച്ചു കൂടാം. നിങ്ങൾ parents മാത്രമേ ഉള്ളൂ അല്ലെ. മൂന്നു മണി മുതൽ ആറ് മണിവരെ ആയിക്കോട്ടെ.

"അച്ചോ വൈകുന്നേരത്തെ കാപ്പി എങ്ങനെയാ"? ടോണി വീണ്ടും തമാശപൊട്ടിച്ചു.

"അത് ടോണിയുടെ വക". ജോസ് പറഞ്ഞു.

"എങ്കിൽ അങ്ങനെയാകട്ടെ". ടോണി ചിരിച്ചുകൊണ്ട് സമ്മതിച്ചു.

അച്ചൻ പറഞ്ഞതുപോലെ മൂന്നു മണി ആയപ്പോൾ ഫൈവ് ഫിംഗേഴ്സിന്റെ നേതൃത്വത്തിൽ കുറച്ച് ചെറുപ്പക്കാരായ മാതാപിതാക്കൾ പള്ളിയിലെത്തി. അച്ചൻ സംസാരിച്ചു തുടങ്ങി.

'കഴിഞ്ഞ ക്ലാസ്സ് അവസാനിപ്പിച്ചത് Disability എന്ന വിഷയം അവതരിപ്പിച്ചു കൊണ്ടാണ്. ഇന്ന് ഒരു വിശദമായ ചർച്ചയിലേയ്ക്ക് പോകാം. പഠന വൈകല്യം, സ്വഭാവവൈകല്യം എന്നീ വിഷയങ്ങൾ ചർച്ചചെയ്യുന്നതിന് ഞാൻ പ്രധാനമായും ആശ്രയിച്ചത് Dr. P.P. Vijayan ന്റെ Parenting, Dr. Siju Thomas Thottappily യുടെ New Generation Parenting, The ICD-10 Classfication Mental and Behavioral Disorders എന്നീ ഗ്രന്ഥങ്ങളാണ്.

പ്രധാനമായും നാല് വിധത്തിലുള്ള പഠനവൈകല്യങ്ങളാണ് ആധുനിക മനഃശാസ്ത്രം കണ്ടെത്തിയിരിക്കുന്നത്. ഓരോ കുട്ടിയിലും വ്യത്യസ്തമായിരിക്കും വൈകല്യങ്ങളുടെ അനന്തരഫലങ്ങൾ.

1. Dyslexia: വായനയ്ക്കുള്ള ബുദ്ധിമുട്ട്
2. Dyscalculia: കണക്കു കൂട്ടാനുള്ള കഴിവ് കുറവ്
3. Dysgraphia: എഴുതുവാനുള്ള ബുദ്ധിമുട്ട്
4. Dyspraxia: അവയവങ്ങളുടെ ഏകോപനത്തിനുള്ള പ്രയാസം.

**1. Dyslexia:** വായനയ്ക്കുള്ള ബുദ്ധിമുട്ടാണ് Dyslexia എന്ന പഠനവൈകല്യം. ഭാഷകൾ പഠിക്കുന്നതിനുള്ള വൈഷമ്യം. ഭാഷാ വൈകല്യത്തിന്റെ ഇരകളായ കുട്ടികൾ കണക്കിലും സയൻസിലും സമർത്ഥരാകാം. എന്നാൽ ചെറിയ വാക്കുകൾപോലും ഓർത്തിരിക്കാൻ കഴിയാതെ വരും. വാക്കുകൾ ഓർമ്മയിൽ സൂക്ഷിക്കുവാനോ ആവശ്യസമയത്ത് പ്രയോഗിക്കാനോ കഴിയാതെ വന്നേക്കാം. അക്ഷരങ്ങൾ പറയുന്നതും എഴുതുന്നതും രണ്ടായിരിക്കാം. അക്ഷരങ്ങൾ മാറിപ്പോകും. വായിക്കാനും എഴുതാനും കഴിയാതെ

വിഷമിക്കും. മറ്റ് കുട്ടികളുടെ മുൻപിൽ അവർ പരിഹാസ വിഷയമായേക്കാം. പഠനവൈകല്യത്തെക്കുറിച്ച് ശരിയായ അവബോധമില്ലാത്ത അദ്ധ്യാപകർ കുട്ടികളെ കളിയാക്കുകയും അനാവശ്യ ശിക്ഷകൾ നൽകുകയും ചെയ്തേക്കാം. അത്തരം ശിക്ഷാ നടപടികൾ അവരെ കൂടുതൽ തളർത്തിയേക്കാം. ചെറിയ ക്ലാസ്സുകളിലുള്ള അത്തരം കുട്ടികൾക്ക് സ്കൂളിൽ പോകുവാൻ പോലും ഭയമായിരിക്കും. മാതാപിതാക്കളും അദ്ധ്യാപകരും അത്തരം വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് അവയെ പരിഹരിക്കുവാൻ ശ്രമിക്കണം. കുട്ടികളുടെ Dyslexia തിരിച്ചറിയുന്നതിന് ചില നിർദ്ദേശങ്ങൾ:

1. ഓരോ വാക്കും പെറുക്കിപ്പെറുക്കി വായിക്കുക. ഇടയ്ക്കിടെ വാക്കുകൾ വിട്ടുകളയുകയോ ഇല്ലാത്തവ കൂട്ടിച്ചേർത്തോ വളരെ സാവധാനം വായിക്കുകയോ വാചകങ്ങൾ വിട്ടുകളയുകയോ വീണ്ടും വായിക്കുകയോ ചെയ്യുക.

2. അക്ഷരങ്ങളും അക്കങ്ങളും മാറിപ്പോകുക Eg. b,d, 6,9)

3. അക്ഷരങ്ങളും വാക്കുകളും പഠിക്കുന്നതിനുള്ള ബുദ്ധിമുട്ട്

4. ആഴ്ചയിലെ ദിവസങ്ങളും വർഷത്തിലെ മാസങ്ങളും ക്രമമായി പറയുവാനും എഴുതുവാനും പ്രയാസം.

ഇപ്രകാരം തന്റെ കുഞ്ഞിന് പഠനവൈകല്യം ഉണ്ടെന്ന് തിരിച്ചറിഞ്ഞ് പരിഹരിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം.

2007 ൽ അമീർഖാൻ സംവിധാനം ചെയ്ത് അഭിനയിച്ച *'താരെ സമീർ പർ'* എന്ന ഹിന്ദി സിനിമയിൽ Dyslexia ഉള്ള ഇഷാൻ എന്ന കുട്ടിയെ ആർട്ട് ടീച്ചറായ റാം ശങ്കർ എപ്രകാരം അവന്റെ പഠന വൈകല്യത്തെ തിരിച്ചറിഞ്ഞുവെന്നും അവനെ എങ്ങനെ സ്കൂളിലെ ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിയാക്കിയെന്നും വർണ്ണിച്ചിരിക്കുന്നു. സ്വന്തം മാതാപിതാക്കൾപോലും ആ കുട്ടിയെ അവഗണിച്ചപ്പോൾ റാം ശങ്കർ ആ കുട്ടിയെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിച്ചു.

"അച്ചോ, ഇപ്പോൾ എനിക്കു മനസ്സിലാകുന്നുണ്ട് എന്റെ മകന്റെ പ്രശ്നം" രജനിയാണ് പറയുന്നത്.

"ഓക്കെ, രജനി പറയൂ"

അച്ചോ, അവൻ വാക്കുകൾ മാറ്റി പറയുന്നത് എന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പഠിക്കുന്നതിനെക്കാൾ ഇഷ്ടം മറ്റ് കാര്യങ്ങൾ ആണ് എന്നുള്ളതിനാൽ കേവലം അശ്രദ്ധയായിട്ടാണ് ഞാൻ കണ്ടിരുന്നത്. ഉദാ. മലയാളത്തിൽ പര്യായപദം പഠിപ്പിക്കുമ്പോൾ പൂവ് എന്നതിന് മലർ, കുസുമം എന്നായിരിക്കും അവന്റെ ബുക്കിൽ എഴുതിയിരിക്കുന്നത്. എന്നാൽ അവൻ വായിക്കുമ്പോൾ 'മലർ, കുസുമം' എന്നതിന് പകരം 'കുസുമം, മലർ' എന്നാണ്.

രജനി പറയുന്നത് ശരിയാണ്. Dyslexia ഉള്ള കുട്ടി എന്നു പറയുമ്പോൾ വലിയ പ്രശ്നം ഉണ്ടെന്ന് തെറ്റിദ്ധരിക്കേണ്ട. അതിന്റെ തുടക്കമാണ്. ഏതായാലും നേരത്തെ ഐഡന്റിഫൈ ചെയ്തതിനാൽ ഒരു സൈക്കോളജിസ്റ്റിനെ കാണിച്ച് Special Educator Therapy കൊടുത്താൽ പ്രശ്നം പരിഹരിക്കാം. ഇതുപോലെ നിങ്ങളുടെ കുട്ടികൾക്ക് വായനയിലുള്ള എന്തെങ്കിലും വൈകല്യമുണ്ടെങ്കിൽ 'ബുദ്ധിക്കുറവ്' ആണെന്ന് പറയാതെ Therapy കൊടുത്ത് പരിഹരിക്കുവാൻ ശ്രദ്ധിക്കണം.

രേഷ്മ പറഞ്ഞു: അച്ചോ എനിക്ക് ഒരു അവസരം തരുമോ?

അതിനെന്താ രേഷ്മ പറഞ്ഞുകൊള്ളൂ.

"അച്ചോ, എന്റെ മകൾക്ക് ചെറിയ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ Spelling disorder ന്റെ പ്രശ്നം ഉണ്ടായിരുന്നു. വാക്കുകൾ തെറ്റിച്ചെഴുതുക, വായിക്കുന്നതിന് ബുദ്ധിമുട്ട്, തെറ്റായി ഉച്ചരിക്കുക തുടങ്ങിയവ മാത്രമല്ല; ചെരിപ്പ് ഇടുമ്പോൾപോലും ഇടതും വലതും മാറിപ്പോകുക, ചെരിപ്പിന്റെ strap ശരിയായി ഇടാൻ കഴിയാതെ വരിക തുടങ്ങിയ പ്രശ്നങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. അപ്പോഴൊക്കെ അവളുടെ അശ്രദ്ധയാണെന്നും അഹങ്കാരമാണെന്നുമൊക്കെ പറഞ്ഞ് ഞാൻ അവളെ തല്ലുകയും വഴക്കുപറയുമൊക്കെ ചെയ്തിട്ടുണ്ട്. ഇന്ന് അതൊക്കെ ഓർക്കുമ്പോൾ എനിക്കു വിഷമമാണ്. ഏതായാലും ഒരു Clinical Psychologist നെ കണ്ട് ഒരു assessment നടത്തിക്കഴിഞ്ഞപ്പോഴാണ് അവൾക്ക് ആവശ്യമായ Therapy നൽകി ശരിയായ ദിശയിൽ കൊണ്ടുവരാൻ കഴിഞ്ഞത്. അവൾ മൂന്നാം ക്ലാസ്സിൽ കയറി കഴിഞ്ഞാണ് അക്ഷരങ്ങൾ പഠിച്ചത്. പക്ഷെ ഞാൻ അവളുടെ കൂടെയിരുന്ന് അവളെ മനസ്സിലാക്കുവാനും അവളെ പഠിപ്പിക്കുവാനുമുള്ള Psychologist ന്റെ ഉപദേശപ്രകാരം പ്രവർത്തിച്ചപ്പോൾ എന്റെ മകളെ എനിക്ക് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ കഴിഞ്ഞു. ഞാൻ അതിനുവേണ്ടി വളരെയധികം അദ്ധ്വാനം ചെയ്തു. Spelling പഠിപ്പിക്കുവാൻ ഞാൻ ശ്രമിക്കുമ്പോൾ സാധാരണ കുട്ടികളെപ്പോലെ അടങ്ങി ഇരിക്കാറില്ല. അവൾ ജനലിൽ കയറി ഞാന്ന് കളിക്കുമ്പോൾ ആ കൂട്ടത്തിൽ ഞാൻ Spelling പറഞ്ഞുകൊടുക്കും. ഉച്ചാരണവും അർത്ഥവുമൊക്കെ ഒപ്പം പറയും. സ്കൂളിൽ അവളൊരു പരിഹാസ പാത്രമായിരുന്നു. എന്നാൽ പിന്നീട് അവൾ മിടുക്കിയായി പഠിച്ചു കയറി. ഇന്ന് എന്റെ മകൾ ഒരു മിടുക്കിയായ Post Graduate വിദ്യാർത്ഥിയാണ്. സഹനവും കഠിനാദ്ധ്വാനവും തന്ന് ദൈവം എന്റെ കൂടെയുണ്ടായിരുന്നതിനാൽ എന്റെ മകളെ തിരിച്ചറിയുവാനും അവൾക്ക് ശരിയായ Therapy നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ അവളെ കൊണ്ടുവരുവാനും കഴിഞ്ഞു.

അച്ചൻ പറഞ്ഞു:

രേഷ്മയ്ക്ക് ഒരു നല്ല കൈയ്യടി കൊടുക്കണം. ഒരു അമ്മയുടെ ശ്രദ്ധയും സഹനവും കഠിനാദ്ധ്വാനവും എത്രമാത്രം രേഷ്മയിലുണ്ടായിരുന്നു. അതുകൊണ്ടാണ് ആ മകൾ ഇന്നൊരു മിടുക്കി ആയിരിക്കുന്നത്.

**2. Dyscalculia:** ഗണിത ശാസ്ത്രത്തിലുള്ള വൈകല്യം അനുഭവിക്കുന്ന കുട്ടികൾ ആണ് Dyscalculia വിഭാഗത്തിലുൾപ്പെടുന്നത്. ഇവർക്ക് Language Skills അഥവാ ഭാഷാനൈപുണ്യം ഉണ്ടായിക്കും. എന്നാൽ ഗണിതശാസ്ത്ര വിഷയങ്ങൾ സംബന്ധിച്ച് അവർ അപ്രാപ്തരായിരിക്കും. പ്രായത്തിനനുസരണമായ ഗണിതശാസ്ത്രജ്ഞാനം ഇല്ലാതാകുമ്പോഴാണ് അവരുടെ വൈകല്യം ശ്രദ്ധിക്കപ്പെടുന്നത്. Dyslexia തിരിച്ചറിയുന്ന വേഗത്തിൽ Dyscalculia തിരിച്ചറിയില്ല. കണക്കിന്റെയും സയൻസിന്റെയും ഫോർമുലകളും അതിലുപയോഗിക്കുന്ന പദപ്രയോഗങ്ങളും അവയുടെ ഉദ്ദേശവും മനസ്സിലാക്കാതെ കുഴയുന്ന ഒരു സാഹചര്യമുണ്ടാകും. അതിന്റെ ചിഹ്നങ്ങൾ (Signs and Symbols) എന്തിനെന്ന് അറിയാതെ വിഷമിക്കും. അക്കങ്ങളുടെ വലിപ്പവ്യത്യാസം പോലും ചിലപ്പോൾ മനസ്സിലാകില്ല. അങ്ങനെയുള്ള കുട്ടികൾക്ക് Arithmetical disorder ഒരു സാധാരണ സംഭവമാകും. ക്ലാസ്സിൽ സഹപാഠികളുടെ മുൻപിൽ ഒരു പരിഹാസ പാത്രമായേക്കാം.

കഠിനാദ്ധ്വാനം ചെയ്യാൻ തയ്യാറായാൽപോലും വൈകല്യത്തിന്റെ ഇരയാണെങ്കിൽ വിജയിക്കണമെന്നില്ല. ചെറുപ്പത്തിൽ തന്നെ കുട്ടികളുടെ പ്രശ്നം തിരിച്ചറിയണമെങ്കിൽ മാതാപിതാക്കൾ നല്ല നിരീക്ഷകരാകണം. കുട്ടികളുടെ വൈകല്യം തിരിച്ചറിയാതെ പഠിക്കാത്തതിന്റെ പേരിൽ തല്ലിച്ചതച്ചാൽ അവർ പകയോടെ ആയിരിക്കും മുതിർന്നവരെ കാണുക. Dyscalculia ആയവരെ എങ്ങനെ തിരിച്ചറിയാം.

1. പുറകോട്ട് എണ്ണുവാനുള്ള പ്രയാസം (Descending order)

2. ഗണിത ശാസ്ത്രത്തിന്റെ ലളിതമായ അടിസ്ഥാന തത്വങ്ങൾപോലും മനസ്സിലാകാതെ വരിക

3. ചിഹ്നങ്ങളും അവയുടെ ഉദ്ദേശവും തിരിച്ചറിയാൻ പ്രയാസം
4. കണക്കുകൂട്ടുവാനുള്ള താമസം
5. ശരാശരിയിലും താഴെയുള്ള ഗണിത ശാസ്ത്ര അറിവ്
6. അക്കങ്ങൾ തിരിച്ചറിയാൻ പ്രയാസം
7. അടിസ്ഥാന മൂല്യങ്ങൾ അറിയാതിരിക്കുക
8. ഗണിശാസ്ത്ര സംബന്ധമായ അനാവശ്യ ഉൽക്കണ്ഠകളുടെ ഉയർന്ന തോത്.

ഇങ്ങനെ വിവിധങ്ങളായ പ്രശ്നങ്ങളിലൂടെ ഒരു കുട്ടി Dyscalculic ആണോ എന്ന് തിരിച്ചറിയാം.

കണക്കിനെ (Mathematics) ക്കുറിച്ച് പൊതുവെ നമുക്കൊരു അഭിപ്രായമുണ്ട്. കണക്ക് പ്രയാസമാണ്. കണക്കിന് ജയിക്കാൻ ബുദ്ധിമുട്ടാണ്. ഈ ചിന്ത നമ്മെ കണക്കിനെ ഭയത്തോടെ കാണുവാൻ പ്രേരിപ്പിക്കും. അതുകൊണ്ട് തന്നെ ഒരാൾ Dyscalculic ആണെങ്കിൽപോലും ആ കുട്ടിയെ ശരിയായ വിധത്തിൽ മനസ്സിലാക്കില്ല. എല്ലാവർക്കും എല്ലാ വിഷയങ്ങളും എളുപ്പമാകണമെന്നില്ല. എന്നതുപോലെ എല്ലാവർക്കും എതെങ്കിലും ഒരു വിഷയം ബുദ്ധിമുട്ടായിരിക്കും. എന്നാൽ Dyscalculia എന്നത് ആ വിഷയം പഠിക്കുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതാണ്.

ജോജോ പറഞ്ഞു.

"അച്ചോ എന്റെ മകളുടെ പ്രശ്നം അവൾക്ക് 6,9, ഉം തിരിച്ചറിയാൻ പാടില്ല എന്നതു മാത്രമല്ല Addition ഉം Multiplication ഉം ഉപയോഗിക്കുന്ന ചിഹ്നങ്ങൾ കൺഫ്യൂഷൻ ആകുന്നതാണ് അവൾക്ക് Dyscalculia ആണെന്ന് തിരിച്ചറിഞ്ഞത് Psychologist പറഞ്ഞപ്പോഴാണ്".

ഇത് ജോജോയുടെ മാത്രം പ്രശ്നമല്ല. നമ്മൾ എല്ലാവരും മിടുക്കരായ കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ പ്രതീക്ഷകളെ തകിടം മറിച്ചുകൊണ്ട് കുട്ടികൾ കണക്കിന് തോൽക്കുമ്പോൾ നമ്മുടെ കാലിനടിയിലെ മണ്ണൊലിച്ചു പോകുന്നതുപോലെ തോന്നും. അപ്പോൾ കുട്ടികളുടെ പഠനവൈകല്യം തിരിച്ചറിയാതെ അവരെ ശിക്ഷിക്കുവാനും ശാസിക്കുവാനും ആരംഭിക്കും. നമ്മുടെ മക്കൾ എവിടെയെങ്കിലും കുറവുള്ളവരായി തോന്നിയാൽ പ്രശ്നപരിഹാരം കണ്ടെത്താൻ ശ്രമിക്കണം. (തുടരും)

---

# ഞാൻ പ്രേമിക്കുന്ന വിപ്ലവകാരി

ലില്ലിക്കുട്ടി ചെറിയാൻ, പുളിമൂട്ടിൽ, റാന്നി

കൗമാര യൗവ്വനങ്ങളിൽ ഒരു വിപ്ലവകാരിയുടെ ചിന്തകൾ എന്നിൽ നിറഞ്ഞു നിന്നിരുന്നു. എന്നെങ്കിലും ഒരു വിപ്ലവകാരിയെ പരിചയപ്പെടാൻ കഴിയണേ എന്നു ഞാൻ ആശിച്ചു. എന്റെ ചിന്തകൾക്ക് വെള്ളമൊഴിച്ച് വളമിടാൻ ഞാൻ പറ്റിയ ഒരു വ്യക്തിക്കായി കാത്തിരുന്നു. എന്റെ കാത്തിരിപ്പ് വ്യർത്ഥമായിപ്പോകുമോ എന്ന നിരാശയിൽ ഞാൻ അമരുന്നതിനു മുമ്പ് സ്ഥലകാല സീമകൾക്കപ്പുറത്തേയ്ക്ക് എന്റെ മനസ്സിന്റെ താളം പിഴയ്ക്കുമോ എന്നു തോന്നിയപ്പോൾ ഞാൻ ആ ചിന്ത ഉപേക്ഷിച്ചു. ജീവിക്കാൻ വേണ്ടിയുള്ള പോരാട്ടത്തിൽ എവിടെയൊക്കെയോ എന്റെ ചിന്തകൾ വേരറ്റുപോയി. എന്നാൽ എന്നിലെ വിപ്ലവികതയുടെ തായ്വേരറക്കുവാൻ ആർക്കും കഴിയില്ലെന്ന് മനസ്സിലാക്കുവാൻ കാലങ്ങൾ കാത്തിരിക്കേണ്ടിവന്നു. ഇന്ന് ഈ ജീവിത സായാഹ്നത്തിൽ ഒരു വിപ്ലവകാരിയുടെ പിടിയിലാണ് ഞാൻ എന്ന് എന്റെ അന്തരാത്മാവ് തിരിച്ചറിയുന്നു. ആരാണദ്ദേഹം? സമൂഹത്തിൽ വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്തുവാൻ ഉപദേശിച്ചവൻ. പരീശന്മാരെയും ശാസ്ത്രിമാരെയും നോക്കി "വെള്ളതേച്ച ശവക്കല്ലറകളേ" എന്ന് ചങ്കുറ്റത്തോടെ വിളിച്ചവൻ, പട്ടിണിപ്പാവങ്ങളുടെ കൂട്ടുകാരൻ. ഹെറോദോസിനെ 'കുറുക്കൻ' എന്നു വിളിച്ചവൻ. നിന്റെ വലത്തെ ചെകിടത്ത് അടിക്കുന്നവന് ഇടത്തേതും കാണിച്ചുകൊടുക്ക. നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഉള്ളവൻ ഇല്ലാത്തവന് കൊടുക്കട്ടെ. രണ്ടു വസ്ത്രം ഉള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ എന്ന് പഠിപ്പിച്ചവൻ. അവൻ അരുളിച്ചെയ്യുന്നു: നിങ്ങൾക്കുള്ളതു വിറ്റ് ഭിക്ഷ കൊടുപ്പീൻ, കള്ളൻ അടുക്കയോ പുഴകെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപോകാത്ത മടിശീലകളും തീർന്നു പോകാത്ത നിക്ഷേപവും നിങ്ങൾക്ക് ഉണ്ടാക്കിക്കൊൾവീൻ. തന്നെ ക്ഷണിച്ചവരോട് അവൻ പറഞ്ഞത് നീ ഒരു മുത്താഴമോ അത്താഴമോ കഴിക്കുമ്പോൾ സ്നേഹിതന്മാരെയും സഹോദരന്മാരെയും ചാർച്ചക്കാരെയും സമ്പത്തുള്ള അയൽക്കാരെയും വിളിക്കരുത്. അവർ നിന്നെ അങ്ങോട്ടും വിളിച്ചിട്ട് നിനക്ക് പ്രത്യുപകാരം ചെയ്യും. നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്കുക, എന്നാൽ നീ ഭാഗ്യവാനാകും. നിനക്ക് പ്രത്യുപകാരം ചെയ്വാൻ അവർക്ക് വകയില്ലല്ലോ (ലൂക്കോ. 14:12).

അവൻ തന്റെ ഉപദേശത്തിൽ അവരോട് അങ്കികളോടെ നടക്കുന്നതും അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രധാന സ്ഥലവും ഇച്ഛിക്കുന്ന ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾവീൻ. അവർ വിധവമാരുടെ വീടുകൾ വിഴുങ്ങുകയും ഉപായത്താൽ നീണ്ട പ്രാർത്ഥന കഴിക്കയും ചെയ്യുന്നു. അവർക്ക് ഏറ്റവും വലിയ ശിക്ഷാവിധി വരും എന്നു പറഞ്ഞു. പണക്കാരന്റെ കണ്ണിലെ കരടായിരുന്നു അവൻ. അവൻ ന്യായശാസ്ത്രിയോട് നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രന്മാർക്ക് കൊടുത്തിട്ട് എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അവന്റെ വായടപ്പിക്കാൻ നോക്കിയ ശാസ്ത്രിമാർ പരാജയപ്പെട്ടു. ചുങ്കക്കാരോടുകൂടെ രാപാർത്തവൻ. പാപത്തിൽ പിടിക്കപ്പെട്ടവളെ സമാധാനത്തോടെ വിട്ടയച്ചവൻ. വേറെയുമുണ്ട് അവന്റെ വിശേഷണങ്ങൾ. "അവൻ വെള്ളയും ചുവപ്പും ഉള്ളവൻ. സുന്ദരന്മാരിൽ അതിസുന്ദരൻ. എനിക്കു മീതെ സ്നേഹത്തിന്റെ കൊടി പിടിക്കുന്നവൻ"

മണിമന്ദിരങ്ങൾ മോടിപിടിപ്പിക്കുകയും ആഡംബര ഭ്രമത്തിൽ തങ്ങളുടെ വസ്ത്രങ്ങൾക്ക് കിന്നരി പിടിപ്പിക്കയും ചെയ്യുന്ന സമൂഹത്തെ നോക്കി അവൻ ചോദിക്കുന്നു. ഇതിനായിട്ടോ ഞാൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നത്? അവൻ തന്നോടൊപ്പം രാപാർപ്പാൻ നമ്മെ ക്ഷണിക്കുന്നു. നാം അവന്റെ ക്ഷണം സ്വീകരിക്കുന്നുവെങ്കിൽ തന്റെ പുണ്യാഹരക്തത്താൽ നമ്മുടെ അങ്കി അലക്കി വെളുപ്പിച്ച് നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കാം.

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് വാർഷിക റിപ്പോർട്ട് 2022-2023

പരമകാരുണികനായ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് MSE Trust ന്റെ 2022-2023 ലെ വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കും ബാക്കിപത്രവും സസന്തോഷം സമർപ്പിച്ചു കൊള്ളുന്നു.

ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായാൽ 1922 ൽ സ്ഥാപിതമായതും തുടർന്ന് ക്നാനായ അസ്സോസിയേഷന്റെ അംഗീകാരത്തോടു കൂടി 02-06-1997 ൽ 227/97 -ാം നമ്പറായി രജിസ്റ്റർ ചെയ്തതും പിന്നീട് ട്രസ്റ്റ് ഡീഡ് നവീകരിച്ച് 04-04-2008 ൽ 39- ാം നമ്പരായി വീണ്ടും രജിസ്റ്റർ ചെയ്യുകയും ചെയ്തു.

റിപ്പോർട്ട് വർഷത്തിലെ വാർഷിക പൊതുയോഗം 27-01-2023 അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ മോർ അപ്രേം സെമ്മിനാരി അസ്സോസിയേഷൻ ഹാളിൽ കൂടുകയുണ്ടായി. ചർച്ചകൾക്ക് ശേഷം 2021-2022 ലെ വാർഷിക റിപ്പോർട്ടും വരവുചെലവു കണക്കും ബാലൻസ് ഷീറ്റും അംഗീകരിച്ചു. 2022-2023 വർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട തീരുമാനങ്ങൾ സ്വീകരിച്ച് യോഗം പിരിഞ്ഞു.

2022-2023 വർഷം മുൻ വർഷത്തെക്കാൾ കൂടുതൽ തുക കുടിശിഖയുള്ളത് പിരിച്ചെടുക്കുവാനും MSE Trust ലേയ്ക്ക് അപേക്ഷ നൽകിയ മുഴവൻ വിദ്യാർത്ഥികൾക്കും അവരുടെ കോഴ്സിന്റെ മാനദണ്ഡമനുസരിച്ച് സാമ്പത്തിക സഹായം നൽകുവാനും സാധിച്ചു.

റിപ്പോർട്ടു വർഷം 112 വിദ്യാർത്ഥികൾക്കായി 25,90000 രൂപ (ഇരുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ) വിതരണം ചെയ്യുകയുണ്ടായി. നിലവിൽ 31-03-2023 വരെ 2,50,91,260 രൂപ (രണ്ടു കോടി അൻപത് ലക്ഷത്തി തൊണ്ണൂറ്റോരായിരത്തി ഇരുനൂറ്റി അറുപത്) രൂപ 54 ഇടവകകളിലെ 682 വിദ്യാർത്ഥികൾക്കായി കൊടുത്തിട്ടുണ്ട്.

നമ്മുടെ സമുദായത്തിലെ പല ഇടവകകളും വിദ്യാഭ്യാസ സഹായത്തിനായി ഫണ്ടുകൾ ആരംഭിച്ചിട്ടുണ്ടല്ലോ. ഇങ്ങനെയുള്ള ഇടവകകളിൽ നിന്നും സഹായങ്ങൾ സ്വീകരിച്ചിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും MSE Trust ലേയ്ക്ക് അപേക്ഷിക്കുന്നത് ഒഴിവാക്കുന്നത് നന്നായിരിക്കും. അതുപോലെ കുടിശിഖ ഇനത്തിൽ വലിയ തുകകൾ അടയ്ക്കുവാനുള്ള വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളുമുള്ള ഇടവകക്കാർ അത് എത്രയും പെട്ടെന്ന് തിരികെ അടപ്പിക്കുവാനുള്ള പരിശ്രമം ചെയ്യേണ്ടതുമാണ്.

ഈ വിദ്യാഭ്യാസ നിധിയിൽ നിന്നും വായ്പ വാങ്ങി പഠിച്ച് ഇപ്പോൾ നല്ല ജോലിയിൽ പ്രവേശിച്ചിട്ടുള്ള പലരും തങ്ങളുടെ വായ്പ തുകയിൽ ഒട്ടും തിരിച്ചടയ്ക്കാത്തവരായിട്ടുണ്ട്. അപ്രകാരം കാലാവധി കഴിഞ്ഞ് ആറുവർഷത്തിലധികമായവരിൽ നിന്ന് 97,12,869 രൂപ (തൊണ്ണൂറ്റേഴു ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി അറുപത്തി ഒമ്പത്) തിരികെ ലഭിക്കുവാനുണ്ട്.

ഇപ്പോൾ കുടിശിഖ തുക തിരിച്ചടയയ്ക്കുവാനുള്ളവർ എല്ലാ ചൊവ്വാഴ്ചയും ചിങ്ങവനം ക്ലീമ്മീസ് സെന്ററിൽ ഉള്ള മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിന്റെ ഓഫീസിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയുള്ള സമയം നേരിട്ടും അതിനു സാധിക്കാത്തവർക്ക് MSE Trust ന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

സാമ്പത്തിക വിഷമം കൊണ്ട് വിദ്യാഭ്യാസം തുടരുവാൻ ബുദ്ധിമുട്ടുള്ള +2 ന് 60% ൽ കൂടുതൽ മാർക്ക് കിട്ടിയിട്ടുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്ക് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിനു വേണ്ടി നൽകുന്ന ഈ വായ്പ വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടി മാത്രം വിനിയോഗിക്കുന്നതും പഠനകാലം കഴിഞ്ഞ് വീഴ്ച വരുത്താതെ തങ്ങൾ സ്വീകരിച്ചിട്ടുള്ള വായ്പ കുടിശിഖ തിരികെ കൃത്യമായി അടയ്ക്കാമെന്നും അപേക്ഷ ഫാറത്തിൽ അപേക്ഷകർ/രക്ഷിതാവ് എന്നിവർ ഒപ്പിട്ട അപേക്ഷ, മാതൃ ഇടവകയിലെ കമ്മറ്റി/ പൊതുയോഗ ശുപാർശപ്രകാരം നൽകുന്നതുമാണ് ഈ വായ്പ. ഏതെങ്കിലും സാഹചര്യത്തിൽ അപേക്ഷകൻ/അപേക്ഷക പണം തിരികെ അടയ്ക്കാതിരുന്നാൽ പള്ളിയിൽ നിന്നും ഈ തുക അടച്ചുകൊള്ളാമെന്ന് വികാരിയും, ട്രസ്റ്റി, സെക്രട്ടറി മുതലായവരും ഉറപ്പ് നൽകിയാൽ മാത്രമാണ് അപേക്ഷകൾ പരിഗണിച്ച് വായ്പ നൽകുന്നത്.

അതുകൊണ്ട് ഇപ്രകാരം വാങ്ങുന്ന ഈ വായ്പ തിരികെ അടയ്ക്കാതിരുന്നാൽ ഇടവക ഭരണക്കാർ അത് നിർബന്ധമായും തിരികെ അടപ്പിക്കുവാൻ വേണ്ട നടപടികൾ ചെയ്യേണ്ടതാണ്.

*മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് ഈ വർഷം ശതാബ്ദി വർഷത്തിലൂടെയാണ് കടന്നു പോകുന്നത്. ശതാബ്ദിയോടനുബന്ധിച്ച് ഈ വർഷം പുതിയ പല പ്രോജക്ടുകളും തുടങ്ങുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി ആലോചിച്ചു വരുകയാണ്*

*ഈ ട്രസ്റ്റിനെ സംബന്ധിച്ചിടത്തോളം മറ്റൊരു സന്തോഷ വാർത്തയുള്ളത് കാനഡയിലുള്ള അൽഫാ ലബോറട്ടറീസ് ഉടമ ഡോ. സി. ജോസഫ് കുര്യൻ ഈ ട്രസ്റ്റിലേയ്ക്ക് Rs. 8.25 ലക്ഷം (എട്ടു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ) ശ്രീമതി ഗ്രേസ് സഖറിയ മാലിത്തറ Rs. 50,000/- (അൻപതിനായിരം) രൂപയും സംഭാവനയായി നൽകിയിട്ടുണ്ട്.*

*ഷാർജ സെന്റ് മേരീസ് പള്ളിയിൽ നിന്നും 2014-2015 വർഷം മുതൽ 2021-2022 വരെ 47,40,000 രൂപ സേവേറിയോസ് ട്രസ്റ്റിലേയ്ക്ക് നൽകിയിട്ടുള്ളത് അതാത് കാലങ്ങളിൽ അവർ നിർദ്ദേശിച്ച കുട്ടികൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ കണക്ക് അതാത് വാർഷിക റിപ്പോർട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.*

ഓരോ ഇടവകയിൽ നിന്നും പുതുതായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോർഡിനേറ്റേഴ്സിന്റെ വിശദവിവരങ്ങൾ ഫോൺ നമ്പർ ഉൾപ്പെടെ എത്രയും പെട്ടെന്ന്


M.S.E.Trust ൽ അറിയിക്കേണ്ടതാണ്.

കഴിഞ്ഞ ആറുവർഷമായി പല വെല്ലുവിളികളെയും അതിജീവിച്ച് ഈ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടു പോകുവാൻ കഴിഞ്ഞതിൽ ദൈവത്തെ ഞങ്ങൾ സ്തുതിക്കുന്നു. എക്സിക്യൂട്ടീവ് ട്രസ്റ്റികളുടെ അഭ്യർത്ഥന മാനിച്ച് യാതൊരു പ്രതിഫലവും കൈപ്പറ്റാതെ യഥാസമയം കണക്കുകൾ ഓഡിറ്റ് ചെയ്തു തരുകയും ആവശ്യമായ നിയമോപദേശങ്ങൾ നൽകി സഹായിക്കുന്ന ചാർട്ടേഴ്സ് അക്കൗണ്ടന്റ് ശ്രീ. ചെറി പി. കുര്യൻ വലിയപറമ്പിൽ വെളിയനാട് അവർകളോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

മാർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിനു പ്രചോദനം പ്രോത്സാഹനവും സഹായവും നൽകികൊണ്ടിരിക്കുന്ന എല്ലാ സമുദായ അംഗങ്ങളോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും പ്രകാശിപ്പിച്ചുകൊണ്ടും തുടർന്നും എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊണ്ടും ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

എന്ന്
എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

ചിങ്ങവനം,
28-08-2023



ഫാ. എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ



തോമസ് ജോൺ കുളങ്ങര



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**പരിശുദ്ധാത്മാവിനോടുള്ള സമർപ്പണം**
പരിദ്ധാത്മാവിനോടുള്ള സമർപ്പണ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, എണ്ണിക്കാട്**

---

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**
പരി.ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, എണ്ണിക്കാട്**

---

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**
പരി.ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, എണ്ണിക്കാട്**

---

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**
പരി.ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, എണ്ണിക്കാട്**

## ക്നാനായ സമുദായ മെറിറ്റ് അവാർഡ്

വിദ്യാർത്ഥികൾ സാമൂഹിക പ്രതിബദ്ധത ഉള്ളവരായിരിക്കണം മന്ത്രി പി. പ്രസാദ്. ക്നാനായ സമുദായ മെറിറ്റു അവാർഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ക്നാനായ സമുദായ മെത്രാപ്പോലിത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അധ്യക്ഷത വഹിച്ചു .

അഡ്വ. പ്രമോദ് നാരായണൻ എംഎൽഎ മെറിറ്റ് അവാർഡ് വിഷയ അവതരണം നടത്തി, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറൽ ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി വൈദിക ട്രസ്റ്റി ഫാ. മോനായി ഫിലിപ്പ് കർക്കടകംപള്ളിൽ, ട്രസ്റ്റി തോമസ് കുട്ടി മറ്റക്കാട്ട്, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, ഉതുപ്പാൻ ജോസഫ് ചരുവുപറമ്പിൽ, സാബു കണ്ണാട്ടിപ്പുഴ, ഫാ. ഏലിയാസ് സ്ക്കറിയാ ഇളവൻകുളം എന്നിവർ പ്രസംഗിച്ചു.

ക്നാനായ സമുദായ സുവർണ്ണ കാലഘട്ടം എന്ന സുവനീർ അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ. പ്രകാശനം ചെയ്തു. രാഷ്ട്രപതിയുടെ വിശിഷ്ട സേവാമെഡൽ കരസ്ഥമാക്കിയ ചാക്കോ ജോസഫ് ചരിവ്പറമ്പിലിനെ മന്ത്രി പി. പ്രസാദ് ആദരിച്ചു. 500-ൽ അധികം പ്രതിഭകളെ ആദരിച്ച് മോമെന്റോയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു

ക്നാനായ സമുദായത്തിന്റെ ചരിത്രം അടങ്ങിയ ഓൺലൈൻ VIDEO പ്രകാശനം സമുദായ മെത്രാപ്പോലിത്താ നിർവഹിച്ചു. റാന്നി എംഎൽഎ പ്രമോദ് നാരായണന്റെ ജന്മദിനം കേക്കു മുറിച്ച് ആഘോഷിച്ചു




എബി

# റോബർട്ട് ഫ്രോസ്റ്റ്

## Miles to go before I sleep

ഒരു സന്ധ്യാസമയത്ത് പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാനായി വനത്തിലേക്ക് കുതിരവണ്ടിയിൽ പോകുന്ന വ്യക്തിയുടെ മനസ്സിലൂടെ കടന്നുപോകുന്ന ആശയങ്ങളാണ് കവിതയായി രൂപപ്പെട്ടത്. അത് 1922 ജൂൺ മാസത്തിലായിരുന്നു. കവിയുടെ പേര് റോബർട്ട് ഫ്രോസ്റ്റ്. അമേരിക്കയിലെ ഷാഫ്റ്റ്സ് ബെറിയിലുള്ള വീട്ടിൽ ഫ്രോസ്റ്റ് "New Hampshire' എന്ന കവിത എഴുതി കഴിഞ്ഞപ്പോഴേക്കും നേരം വെളുത്തു തുടങ്ങിയിരുന്നു. പ്രഭാത സൗന്ദര്യം ആസ്വദിക്കാനായി പുറത്തേക്കിറങ്ങിയ കവിയുടെ മനസ്സിൽ പൊട്ടിവിടർന്ന ആശയമാണ് ''Stopping by Woods'' എന്ന വിശ്വപ്രസിദ്ധമായ കവിത. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രതിഭാധനനായ അമേരിക്കൻ കവിയാണ് റോബർട്ട് ലീ ഫ്രോസ്റ്റ്. ഗ്രാമീണഭംഗി വളരെ മനോഹരമായി അദ്ദേഹം തന്റെ കവിതകളിൽ ചാലിച്ചു ചേർത്തു.



1874 മാർച്ച് 26-ന് അമേരിക്കയിലെ കാലിഫോർണിയായിലായിരുന്നു ഫ്രോസ്റ്റിന്റെ ജനനം. വില്യംപ്രസ് കോട്ടിന്റെയും ഇസബല്ലാ മൂഡിയുടെയും മകനായിരുന്നു. നഷ്ടങ്ങളും സങ്കടങ്ങളും മാത്രമുള്ള ഒരു ബാല്യമായിരുന്നു ഫ്രോസ്റ്റിന്റേത്. 11-ാമത്തെ വയസ്സിൽ അച്ഛൻ മരിച്ചു. അതിനു ശേഷം ഇംഗ്ലണ്ടിലേക്ക് ചേക്കേറി. 1895-ൽ എലിനോറിനെ വിവാഹം കഴിച്ചു. 1938-ൽ എലിനോർ മരിക്കുന്നതുവരെ ഒരുമിച്ചു ജീവിച്ചു.

റോബർട്ട് ഫ്രോസ്റ്റ് ലോറൻസ് ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. ഷൂ നിർമ്മാണ കമ്പനിയിൽ കുറെനാൾ ജോലി നോക്കി. പിന്നീട് പത്ര റിപ്പോർട്ടറും അദ്ധ്യാപകനുമായി.

ആദ്യ കവിതാ സമാഹാരം 'A Boy's Will' 1913- ൽ പുറത്തിറങ്ങി. പിന്നീട് പ്രസിദ്ധീകരിച്ച 'North of Boston' അദ്ദേഹത്തിന് പേരും പെരുമയും നേടി കൊടുത്തു.

1961-ൽ ജോൺ എഫ്. കെന്നടി അമേരിക്കൻ പ്രസിഡന്റായി അധികാരമേറ്റ ദിവസം ആ ചടങ്ങിൽ കവിത. ആലപിക്കാൻ ഫ്രോസ്റ്റിന് ക്ഷണമുണ്ടായിരുന്നു. 'The Gift Outright' എന്ന കവിത തന്റേതായ ശൈലിയിൽ അദ്ദേഹം ആലപിച്ചു. അത് കെന്നഡിയുടെ ജീവിതത്തിലും മറക്കാനാവാത്ത ഒരു സംഭവമായിരുന്നു.

പിന്നീട് അദ്ദേഹം ഇംഗ്ലണ്ടിലേക്ക് താമസം മാറ്റിയെങ്കിലും വീണ്ടും യു.എസ്. ലേക്ക് തിരിച്ചുവന്നു. വില്ല്യം വേഡ്സ്വർത്ത്, ജോൺ കിറ്റ്സ്, റോബർട്ട് ബ്രൗണിംഗ് എന്നീ കവികൾ ഫ്രോസ്റ്റിനെ വളരെയധികം സ്വാധീനിച്ചിരുന്നു.

The Poetry of Robert Frost, Stopping by Woods on a Snowy Evening, Poetry for Young People, Maintainterwal എന്നിവ അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനപ്പെട്ടവയാണ്.

കവിതയ്ക്കുള്ള പുലിസ്റ്റർ സമ്മാനത്തിന് ഫ്രോസ്റ്റ് നാലുതവണ അർഹനായി.

New Hampshire എന്ന കവിതാ സമാഹാരത്തിൽ Stopping by Woods ഉൾപ്പെടെ 44 കവിതകളുണ്ടായിരുന്നു. 1924-ലെ പുലിസ്റ്റർ സമ്മാനമടക്കം ഒട്ടേറെ പുരസ്കാരങ്ങൾ ഈ കവിതാ സമാഹാരത്തിന് ലഭിച്ചിട്ടുണ്ട്.

ലോകപ്രശസ്തരായ പല മഹാന്മാരെയും വളരെ ആകർഷിച്ചതാണ് കവിതയോളം പ്രശസ്തി നേടിയ അതിലെ അവസാനത്തെ നാലുവരികൾ ജീവിതത്തിന്റെ വഴിത്താരകളിൽ നടക്കേണ്ട ദൂരവും കർത്തവ്യവും ലക്ഷ്യവും ഓർമ്മപ്പെടുത്തുന്ന മഹത്തായ ഈ വരികളെ ലോകം ഇന്നും വാഴ്ത്തുന്നു. ജീവിതത്തിൽ ചെയ്തു തീർക്കേണ്ട കടമകളെക്കുറിച്ചും ഈ വരികൾ ഓർമ്മപ്പെടുത്തുന്നു.

The woods are lovely
Dark and deep
But I have Promises to keep
And miles to go before I sleep
And miles to go before I sleep.

ഇതു നൽകുന്ന സന്ദേശം കാലത്തെ അതിജീവിച്ച ഒന്നാണ്. നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കിടക്കയ്ക്കരികിൽ ഈ കവിത സൂക്ഷിച്ചു വച്ചിരുന്നു. 1963-ൽ യു.എസ്. പ്രസിഡന്റായിരുന്ന കൊല്ലപ്പെട്ട ജോൺ എഫ്. കെന്നഡിയുടെ മൃതശരീരം വൈറ്റ് ഹൗസിലെത്തിച്ചപ്പോൾ ഈ കവിത ചൊല്ലിയിരുന്നു. കാനഡയുടെ പ്രധാന മന്ത്രിയായിരുന്ന പിയർ ട്രുഡോ 2000-ൽ മരിച്ചപ്പോൾ ഈ കവിതയുടെ അവസാനത്തെ നാലുവരികളാണ് ചൊല്ലിയത്. കൂടാതെ അനേകം സിനിമകളിലും ഈ കവിത ആലപിക്കപ്പെട്ടിട്ടുണ്ട്.

1963 ജനുവരി 29-ന് അമേരിക്കയിലെ ബോസ്റ്റണിൽ വച്ച് ഈ അതുല്യ പ്രതിഭ ലോകത്തോടു വിട പറഞ്ഞു. എങ്കിലും റോബർട്ട് ഫ്രോസ്റ്റ് എന്ന കാവ്യ പ്രതിഭ കാലത്തെ അതിജീവിച്ച് അനശ്വരനായി നിൽക്കുന്നു.




## വരനെ ആവശ്യമുണ്ട്

**M. 861**

Knanaya parents invite proposals for their daughter (26/5'4), M.Sc (Biological Science) presently working in Canada. Proposals are invited from parents of God fearing and professionally qualified boys in Canada. Ph: 9605640532

**M. 862**

B.Sc Nursing കഴിഞ്ഞ് രണ്ടു വർഷം അപ്പോളോ ഹോസ്പിറ്റലിൽ ജോലി ചെയ്തതും, ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്നതുമായ ക്നാനായ യുവതിയ്ക്ക് (28/163cm) വിദേശത്തുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9495922038

**M. 863**

B.Sc Nursing കഴിഞ്ഞ് UK - NHS ൽ Registered Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/165cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (UK- ൽ ഉള്ളവർക്ക് മുൻഗണന) Ph: 9447475763, 9496544725

**M. 864**

M.Com കഴിഞ്ഞ് Accountant ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/165cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 8547023589, 8547396475

**M. 865**

Degree കഴിഞ്ഞ് (MBA ചെയ്യുന്നു) നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/155 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9995216517, 9947911514

**M. 866**

**Knanaya** parents invite proposals for their daughter (26/153cm) currently doing masters in Dental surgery. Brought up outside India. Seeking suitable alliance from parents of professionally qualified and God fearing boys.

Mob: +965 99314576 (Whatsup)

**M. 867**

Knanaya parents invite proposals for their daughter 24/160cm born and brought up in Kerala, studied in UK and passed MBBS. She is currently working as a junior doctor in UK. Seeking suitable alliance from parents of God-fearing, well educated professionally qualified boys, preferably Doctors, B.Tech/M.Tech Computer Science/Electrical and Electronics or C.A. 00447735 901189

**M. 868**

Knanaya parents invite proposals for their daughter (25/161cm), Pharm-D currently working as Clinical Specialist in a reputed Medical College Hospital. Seeking suitable alliance from parents of professionally qualified and God fearing boys.

Ph: 9847410440, 9495314313

## വധുവിനെ ആവശ്യമുണ്ട്

**M. 869**

Knanaya parents invite proposals for their son (29/190 cm) Bachelor of Engineering (Honours) and Australian Citizion. Seeking suitable proposel from Beautiful girls brought up in Western Countries.

Email: mkbpm23@gmail.com

Ph: +61409857038

**M. 870**

ഹൈദരാബാദിൽ ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/160 cm, BA, B.Ed, Dialisis Technician Course Result waiting) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 7994172565, 9562481324

**M.871**

Knanaya parents invite proposals for their son (27/5'7"). He is a UK citizen, has a Bachelor's degree in Computer Science from Southampton University, and is currently working as Data Centre Administrator in a reputed company in UK. Seeking suitable alliance from parents of qualified girls preferably from UK.

Ph: 7592855196

**M. 872**

Gov. Surveyor ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/170 cm ) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 8281253604, 9539318503

**M. 873**

ഹോട്ടൽ മാനേജ്മെന്റ് കഴിഞ്ഞ് US based ടൂറിസ്റ്റ് ഷിപ്പിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/177cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9447963539, 8281231349

**M. 874**

പ്ലസ് ടു കഴിഞ്ഞ് സർജിക്കൽ സ്റ്റെറിലയിസേഷൻ (C.S.S.D.) കോഴ്സ് പഠിച്ച് നാട്ടിൽ സ്വകാര്യ ആശുപത്രിയിൽ നാലു വർഷമായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9387242442

**M. 875**

MBA കഴിഞ്ഞ് വിദേശ കമ്പനിയിൽ നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/167cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9497707238, 9188007331

**M. 876**

Knanaya parents invite proposals for their son (33/5'4") working as General Secretary of an International Organization, Goa. Seeking suitable alliance from parents of God feararing girls.

Ph: 8301856736, 9497390098

**M. 877**

മെക്കാനിക്കൽ ഡിപ്ലോമാ പാസ്സായി ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഇപ്പോൾ നാട്ടിലുണ്ട്, നേഴ്സുമാർക്ക് മുൻഗണന)

Ph: 9744492715, 9387734877

**M. 878**

Knanaya parents invites proposals for their son (29/174cm) born and raised outside Kerala. Masters in investment management from University of Liverpoal, working as senior Vice President of Business Development at a financial Technology company in Jakarta Indonesia. They are seeking alliance from parents of God fearing and professionally qualified working girls. (Preferably MBA in finance or Business, MCA, CA) Ph: 9633872995, 9939272364

**M. 879**

Knanaya parents invites proposals for their son (27, MBA) currrntly working in Qatar. Seeking suitable alliane from parents of God fearing and professionally qualified girls. Ph: 9496160696

**M. 880**

B.Tech കഴിഞ്ഞ് Canada യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/165 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9847356622

**M. 881**

Dubai -ൽ **ബാങ്കിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/167** cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: +911508039796

+91 7736770476

**M. 882**

U.K. യിൽ ജോലി ചെയ്യുന്നതും M.Sc Computer പഠിക്കുന്നതുമായ ക്നാനായ യുവാവ് (28/165 cm) B.Sc നേഴ്സുമാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9398609599, 9618443427

**M. 883**

M.Sc Electronics കഴിഞ്ഞ് Techno park ൽ Senior Software Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/160 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9447525534, 9605537342

## പുനർവിവാഹം

**വധുവിനെ ആവശ്യമുണ്ട്.**

**M. 884**

ഹോട്ടൽ മാനേജ്മെന്റ് കഴിഞ്ഞ് 14 വർഷമായി കാനഡായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (39) സഭാപരമായും നിയമപരമായും വിവാഹ ബന്ധം വേർപെടുത്തിയ സ്വസമുദായത്തിൽപ്പെട്ട ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph.9947771298

**M. 885**

ഭാര്യ മരിച്ചുപോയതും ഒരു മകനുള്ളതുമായ കേരളത്തിന് പുറത്ത് ഗവൺമെന്റ് സർവീസിൽ ജോലിയുള്ളതുമായ (56/5'2") യുവാവിന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9895430908

**+2 ഉന്നത വിജയം**



**Alvin Aby**

S/o എബി കെ.സി.
കാവിത്താഴയിൽ
സെന്റ് ജോർജ് ക്നാനായ
വലിയപള്ളി, നീലംപേരൂർ



# ഇരിക്കുന്ന കൊമ്പു മുറിക്കുന്നവർ

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

സ്വന്തം ചിറകുകളുടെ ബലത്തിൽ വിശ്വാസമുള്ളവർ, പറന്നുയർന്ന് ഉയരങ്ങൾ കീഴടക്കാൻ പിറന്നവർ, ഇരിക്കുന്ന കൊമ്പു മുറിക്കുന്നവരാണ്. ലോകപ്രകാരമുള്ള താല്കാലിക ആശ്രയങ്ങൾ, മമതകൾ, ബന്ധങ്ങളുടെ ബന്ധനങ്ങൾ അറുത്തു മാറ്റുവാൻ കെൽപ്പുള്ളവർക്കെ, ബന്ധനങ്ങളില്ലാത്ത, കെട്ടുപാടുകളുടെ പരിധിയും, പരിമിതിയുമില്ലാത്ത സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങൾ കീഴടക്കുവാനാകൂ. 'ഞാൻ', 'എന്റേത്', 'എനിക്കുള്ളത്' എന്നിങ്ങനെ 'അഹങ്കാരികമായ' 'അഹം കേന്ദ്രീകൃതമായ സ്വാർത്ഥ താല്പര്യങ്ങൾ ഗുരുത്വാകർഷണ ബലംപോലെ 'ലോക മായയുടെ ഇമ്പങ്ങളിൽ' മനുഷ്യനെ തളച്ചിടുന്നു. ഇതിനെ ഭേദിക്കുവാനും, അതിജീവിക്കുവാനും കഴിയുന്നവർക്കു മാത്രമെ ഉയരങ്ങൾ കീഴടക്കുവാനാകൂ.

'ഭൂമിയിലുള്ളതല്ല, ഉയരങ്ങളിലുള്ളത് അന്വേഷിപ്പിൻ' എന്നു ബൈബിൾ പറയുന്നു. 'എന്റെ രാജ്യം ഐഹികമല്ല' എന്നു ക്രിസ്തു പറയുന്നു. ഭൂമിയിലുള്ളതിലേയ്ക്ക് ആകർഷിക്കുന്ന ആകർഷണനിയമങ്ങളെയും ചട്ടങ്ങളെയും അതിജീവിക്കുന്നവർക്കുള്ളതാണ് പുതിയ ആകാശം, പുതിയ ഭൂമി.

മരുഭൂമിയിൽ ഒരു ഉണക്ക മരത്തിൽ ഒരു പറവ പാർത്തിരുന്നു. ആ പറവ വിചാരിച്ചിരുന്നത് തന്റെ ഏക ആശ്രയവും, അഭയകേന്ദ്രവും ആ വൃക്ഷം മാത്രമാണ് എന്നായിരുന്നു. ആ വൃക്ഷത്തിനപ്പുറം തനിക്കൊരു ജീവിതവും ഇല്ലെന്ന് പറവ ഓർത്തു. പരിമിതമായ സാഹചര്യത്തിൽ, വിശപ്പും, ദാഹവും, കഷ്ടതയും, കൊടുംചൂടും സഹിച്ച് പറവ ആ വൃക്ഷത്തെ വിട്ടുപിരിയാതെ കാലം കഴിച്ചു. ഒരു ദിവസം ആ വൃക്ഷം നിലംപതിച്ചു. വേറെ മാർഗ്ഗമൊന്നുമില്ലാതെ പറവ ആ വൃക്ഷം ഉപേക്ഷിച്ചു സർവ്വ ശക്തിയുമുപയോഗിച്ചു ചിറകുകൾ വിരിച്ചു പറന്നു. ക്ഷീണവും, തളർച്ചയും വകവെയ്ക്കാതെ തന്റെ അരക്ഷിതാവസ്ഥ മറികടന്ന് പറന്നു പറന്നു ഒരു പൂങ്കാവനത്തിലെത്തി. നിറയെ പൂക്കളും, പഴങ്ങളും, മരങ്ങളും, പുഴകളും, വസന്തവും നിറഞ്ഞ ആ പൂമരക്കാട്ടിൽ പക്ഷി സുഖമായി വസിച്ചു. നിലവിലുള്ള പരിമിതമായ സുരക്ഷാ വലയത്തിന്റെ (Safe circle) പരിധികൾ ഭേദിക്കാതെ ആർക്കും ഒരിക്കലും ലക്ഷ്യത്തിലെത്തിച്ചേരുവാൻ സാധിക്കുകയില്ല. കക്ഷത്തിലുള്ളത് വിട്ടാലെ ഉത്തരത്തിലുള്ളത് എടുക്കുവാൻ കഴിയൂ. ഉദാരമായ അനുഗ്രഹങ്ങൾ നേടാൻ പരിധികളെ ഭേദിക്കുവാനും, താത്ക്കാലിക സുരക്ഷാമാർഗ്ഗങ്ങളെന്നു തോന്നുന്ന നേട്ടങ്ങളെ ഉപേക്ഷിക്കുവാനും തയ്യാറാകണം.

പഠിക്കുവാൻ മിടുക്കിയായ വിദ്യ സ്ഥിരവരുമാനവും പെൻഷനുമുള്ള ഉയർന്ന ഉദ്യോഗം രാജി വെച്ച് കൂടുതൽ മികവിനായി 'ഗവേഷണ പഠന'ത്തിനു ചേർന്നു. 'പാർട്ട് ടൈം ജോലി ചെയ്തു പഠിച്ച് കഠിനമായ അദ്ധ്വാനത്തിലൂടെ പഴയതിലും വലിയ നിലവാരത്തിലെത്തി.

ഇരിക്കുന്ന കൊമ്പിലെ സുഖം ആസ്വദിച്ച് അലസമായി മുരടിച്ചു കഴിയാതെ, അതു മുറിക്കപ്പെടുമ്പോഴുണ്ടാകുന്ന അരക്ഷിതാവസ്ഥയെയും, അനിശ്ചിതാവസ്ഥയെയും, നേരിടാൻ മനസ്സ് കൂടുതൽ ഊർജ്ജസ്വലമായി കുതിച്ചു പായുമ്പോഴാണ് വളർച്ചയുടെ ഉയർന്ന പടവുകൾ കയറുന്നത്.

കഷ്ടനഷ്ടങ്ങൾ നേരിടുവാനുള്ള ചങ്കുറപ്പുള്ളവനു മാത്രമെ നിലവിലുള്ളത് നഷ്ടമാക്കിയാലും, പുതിയതൊന്നു നേടാൻ കഴിയൂ. അതിന് ആത്മവിശ്വാസവും, കഠിനാധ്വാനവും അത്യാവശ്യമാണ്. 'ഗോതമ്പുമണി നിലത്തു വീണ ഴുകിയാലെ ചെടിയായി വളർന്നു ഫലമുളവാകൂ', അല്ലെങ്കിൽ അതു വെറുതെ അങ്ങനെയിരിക്കും.

സാഹസത്തിനു തുനിയാൻ മനസ്സുള്ളവർക്ക് (Risk ഏറ്റെടുക്കാൻ തയ്യാറായവർക്കു) മാത്രമെ വിജയിക്കുവാൻ കഴിയൂ. ഒന്നുമില്ലായ്മയിൽ നിന്നും വലിയ സംഭവങ്ങൾ സൃഷ്ടിക്കുന്നവരുണ്ട്. എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവരെപ്പോലെ വ്യസനിച്ചു കഴിയുന്നവരുമുണ്ട്. 'താലന്തുകളുടെ ഉപമ' യിൽ പറഞ്ഞിരിക്കുന്നതുപോലെ ഉള്ളതെല്ലാം പൂഴ്ത്തിവെച്ച് നിഷ്പ്രഭമാക്കി, നിഷ്ഫലമാക്കി ആർക്കും പ്രയോജനകരമാകാതെ കഴിവുകളെല്ലാം തുരുമ്പടിപ്പിച്ചു കളയുന്നവരുമുണ്ട്.

'അലസന്റെ മനസ്സ് പിശാചിന്റെ പണിപ്പുര'. 'ഉത്സാഹിയുടെ കൈ ധനം സമ്പാദിക്കുന്നു' എന്നാണ് ബൈബിൾ മൊഴി.

അവനവനെ ദൈവം ഏല്പിച്ചിരിക്കുന്ന താലന്തുകൾ, കഴിവുകൾ, ഇരട്ടിപ്പിക്കുന്നവർക്കു മാത്രമെ 'ആത്മീയ കൃഷിയിടങ്ങളിൽ' മുപ്പതും, അറുപതും, നൂറും മേനികളായി 'സ്വർഗ്ഗീയ സമ്പാദ്യങ്ങളുടെ' നിധി കൊയ്തെടുക്കുവാൻ കഴിയുകയുള്ളു.

'സ്വർഗ്ഗരാജ്യം' സ്വന്തമാക്കുന്നവനെക്കുറിച്ചുള്ള ഉപമയിൽ തനിക്കുള്ളതെല്ലാം വിറ്റു, നിധി കുഴിച്ചിട്ടിരിക്കുന്ന വയൽ വാങ്ങിയ ബുദ്ധിമാന്റെ കഥ പറയുന്നു.

മിഥ്യയായ ഭൗതിക ലോകത്തോടുള്ള മോഹങ്ങൾ ഉപേക്ഷിക്കുന്നവനു മാത്രമെ 'ആത്മലോകത്തിലെ' നിത്യതയുടെ എന്നെന്നേയ്ക്കുമുള്ള ധനം സ്വന്തമാക്കുവാൻ സാധിക്കൂ.

'നിത്യ തേജസ്സിൽ ഘനമോർത്തിടുമ്പോൾ, ഞൊടിനേരത്തേയ്ക്കുള്ള കഷ്ടങ്ങൾ സാരമില്ല, നഷ്ടങ്ങൾ സാരമില്ല' എന്നു ആത്മാവിലായി പാടുന്നവർക്കുള്ളതാണ് 'ചിദാനന്ദ ഘനരൂപമായ' ആത്മപുണ്യം. അവരിലെ ശുദ്ധദൈവബോധം സദാ ആനന്ദ ലഹരിയിലായിരിക്കും. ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വർഗ്ഗം ഉള്ളിലനുഭവിക്കുവാൻ ഭാഗ്യം സിദ്ധിച്ചവർ, ലോകസുഖം ഉപേക്ഷിക്കുവാൻ ധൈര്യമുള്ളവർ മോക്ഷത്തിന്റെ സുഖം പ്രാപിക്കും. 'ഇമ്പങ്ങളുടെ പറുദീസ അവരുടെ മനസ്സിലുദിക്കും.'

'ലോകസുഖം വിടുന്നേ, എന്റെ പ്രിയനെ നോക്കിക്കൊണ്ട്, നേരായ പാതയിൽ സേവനം ചെയ്തു ഞാൻ വീടോടടുത്തിടുമേ.' കല്യാണ പാട്ടുകളുടെ ലഹരി മനസ്സിലുണർത്തുന്ന 'മരണ ശുശ്രൂഷ'യിലെ ഗീതങ്ങളിൽ മനുഷ്യാത്മാവ് ആത്മമണവാളനായ ദൈവത്തിൽ ഒന്നായിത്തീരുന്നു.

മനുഷ്യന്റെ താത്ക്കാലികമായ വാസസ്ഥലമാണ് ഭൂമി (temporary). ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ മനുഷ്യൻ തിരഞ്ഞെടുക്കുന്ന നല്ലതും, മോശവുമായ അവസ്ഥയിലൂടെ മനുഷ്യൻ തന്നെ സ്വർഗ്ഗവും നരകവും തിരഞ്ഞെടുക്കുന്നു. ഭൂമിയിലെ ജീവിതം തന്നെയാണ് സ്വർഗ്ഗവും നരകവും. ഒരിക്കലും മരണശേഷം ലഭിക്കേണ്ട സ്വഭാവ സർട്ടിഫിക്കറ്റല്ല മോക്ഷവും, നിത്യതയും. അത് ഭൂമിയിൽ തന്നെ അനുഭവിച്ചറിയേണ്ട നിത്യതയുടെ യഥാർത്ഥ സത്യങ്ങളാണ്. സുസ്ഥിരമാണ്

മോക്ഷ സ്വർഗ്ഗാവസ്ഥ (Permenent) 'എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' എന്നു ക്രിസ്തു പറയുന്നു. സ്ഥലകാലബോധത്തെയതിജീവിക്കുന്ന, സ്വയം മറക്കുന്ന, വർത്തമാനകാലമെന്ന ഈ നിമിഷത്തിന്റെ മനോഹാരിതയുടെ സ്വർഗ്ഗീയ പുണ്യ ദൈർഘ്യം നിത്യതയോളം ഉയരുന്ന, കുട്ടികളെപ്പോലെ എപ്പോഴും സ്വർഗ്ഗരാജ്യം അനുഭവിക്കുന്ന അവസ്ഥയാണ് സ്വർഗ്ഗത്തിന്റെ ശാശ്വതസത്യം. അവിടെ ദൈവത്തെ രുചിച്ചറിയുന്ന ആനന്ദത്തിന്റെ പൂർണ്ണത അനുഭവിക്കുന്നു. ഏതു പ്രതികൂലങ്ങളെയും അതിജീവിക്കുന്ന മനസ്സിന്റെ ധൈര്യവും, വിശ്വാസവും പുഞ്ചിരിയും പ്രകടമാകുന്നു.

ജീവിതം ഭദ്രമാക്കുമെന്നു കരുതുന്ന ഭൗതികമായ സ്വാർത്ഥമോഹങ്ങളുടെ ബന്ധനങ്ങളെ അഴിക്കുക. മായയായ ലോകം സ്ഥിരമല്ലെന്നു തിരിച്ചറിയണം. ഭൗതികമായ താത്ക്കാലികമായ സുരക്ഷാസംവിധാനങ്ങൾ അറക്കുക. അപ്പോഴുണ്ടാകുന്ന അനിശ്ചിതാവസ്ഥയെ, അതിജീവന ശക്തിയാൽ കീഴടക്കി ഉയരങ്ങളിൽ വാസമുറപ്പിക്കുക. ഏതു പ്രശ്നങ്ങൾക്കു മീതെയും കഴുകനെപോലെ ചിറകടിച്ചുയരുക.

ലൗകിക സുഖങ്ങളോടുള്ള ആഗ്രഹങ്ങൾ ദു:ഖഹേതുവാണ്, ക്ഷയകാരണമാണ്. 'ക്ഷീയതേ അനേന ഇതി ശരീരം'. ശരീരം ക്ഷയിക്കുന്നതാണ് മായയാണ്. ആത്മാവ് നിത്യമാണ്. മായാപ്രപഞ്ചത്തിലെ ഭൗതിക നേട്ടങ്ങൾക്കായുള്ള ആഗ്രഹങ്ങൾക്കും സ്ഥിരതയില്ല. ശാരീരികമായ മരണത്തോടെ എല്ലാ നേട്ടങ്ങളും ഒരു പിടി മണ്ണാകും. ഭൗതിക ആഗ്രഹങ്ങൾ നാശഹേതുവാണ്, മരണമാണ്.

'മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു'.

ലോകമോഹം യഥാർത്ഥ ബോധത്തിൽ നിന്നും സത്യത്തിൽ നിന്നും അകറ്റുന്നു. നിത്യതയ്ക്ക് വേണ്ടിയുള്ള മോക്ഷമാർഗ്ഗത്തിൽനിന്നും തടയുന്നതാണ് ലോകചിന്ത. അതു മരണത്തിൽ കലാശിക്കുന്നു. ലോകത്തെ ജയിച്ചവൻ, മോഹത്തെ ജയിച്ചു, ഭൂമിയിൽ നിത്യത അനുഭവിക്കും. മനുഷ്യൻ വെറുംകയ്യോടെ, ഒറ്റയ്ക്കു ജനിക്കുന്നു, മരിക്കുന്നു. ആരെയും, ഒന്നിനെയും കൂടെ കൊണ്ടുവരുന്നുമില്ല, കൊണ്ടുപോകുന്നുമില്ല. ഏകാന്തതയുടെ സത്യം തിരിച്ചറിഞ്ഞ്, 'ഏകം' അവസ്ഥയുടെ പൂർണ്ണതയറിഞ്ഞ്, ആത്മാവിന്റെ നിത്യത സമ്പാദ്യമാക്കി, ആത്മാവിൽ ബലപ്പെടേണ്ട മനുഷ്യൻ എന്തിനു വെറുതെയീ ഭൂമിയിൽ അപരനോടു മികവിനായി മത്സരിച്ചു സമയം പാഴാക്കുന്നു.

പുറം ലോകത്തേയ്ക്കു ശ്രദ്ധ പതറിപ്പോകാതെ അകം ലോകത്തേയ്ക്ക് ഏകാഗ്രതയോടെ യാത്ര ചെയ്യുമ്പോൾ സത്യം കണ്ടെത്തും. അവിടെ ആനന്ദപൂർണ്ണതയും, മോക്ഷവും ഉണ്ട്.

ലോകപ്രകാരമുള്ള താങ്ങും തണലും നീങ്ങി പോകുമ്പോഴാണ് ദൈവാവബോധം ഉള്ളിലുണർന്ന് സ്വയം താങ്ങും തണലുമായി മാറുന്നത്.

ഭയങ്ങളെ തിരിച്ചറിഞ്ഞു ഉൾക്കൊള്ളുമ്പോഴാണ് അഭയകേന്ദ്രത്തിന്റെ, ആത്മധൈര്യത്തിന്റെ, സന്തോഷത്തിന്റെ മർമ്മങ്ങൾ ഉള്ളിൽ തുറക്കപ്പെടുന്നത്.

അരക്ഷിതാവസ്ഥയെ പരാജയ ബോധമില്ലാതെ, പിന്മാറ്റമില്ലാതെ, ഉറപ്പോടും ധൈര്യത്തോടും, നേരിടുമ്പോഴാണ് നിത്യമായ സുരക്ഷയുടെ കവചമായി ദൈവത്തിന്റെ ദിവ്യ രഹസ്യങ്ങളുടെ മർമ്മങ്ങൾ മറ നീക്കി വെളിപ്പെടുന്നത്.

ലോകപ്രകാരം ആരുമില്ലെന്ന തിരിച്ചറിവിൽ (പരാശ്രയ ബോധം നഷ്ടമാകുമ്പോഴാണ്) 'നിത്യസത്യനാഥനായ' ക്രിസ്തു തരുന്ന 'സംരക്ഷണബോധം' ഉള്ളിലുണർന്ന് 'സ്വാശ്രയശേഷിയും, സ്വയം പര്യാപ്തതയും, ആത്മവിശ്വാസവും വർദ്ധിക്കുന്നതും ഉയർന്ന ബോധതലങ്ങളിലേയ്ക്ക് ഉയരുന്നതും.

ഒരുവൻ ദൈവരാജ്യബോധത്തിന്റെ സത്യത്തിൽ ഉറച്ചു നിന്ന് ഭൂമിയിലുള്ളതു നഷ്ടപ്പെടുത്തുമ്പോൾ സ്വർഗ്ഗം നേടും.

സ്വന്തം ആരോഗ്യമോ, ക്ഷേമമോ, ശരീരത്തിന്റെ സൗഖ്യമോ, നോക്കാതെ ദൈവത്തെ പ്രാപിക്കുവാൻ, ആഹാരവും, വെള്ളവും, സുഖ സൗകര്യങ്ങളുമുപേക്ഷിച്ച് കഷ്ടനഷ്ടങ്ങൾ സഹിക്കുന്നവരുടെ ആരോഗ്യമായി, സൗഖ്യമായി, ക്ഷേമമായി, ആശ്വാസമായി, ഊർജ്ജമായി, ബലമായി, ലക്ഷ്യപ്രാപ്തിയായി എന്നും ദൈവം മാറിയിട്ടുണ്ട്. ഭൗതിക നേട്ടങ്ങളോ, മാനങ്ങളോ, ധനമോ സ്വന്തമാക്കാതെ ദൈവത്തെ സ്വന്തമാക്കുവാനാഗ്രഹിക്കുന്നവരുടെ നിത്യസമ്പാദ്യമായി, നേട്ടമായി ദൈവം മാറുന്നു.

ലോകപ്രകാരം എന്തെല്ലാം നഷ്ടമാക്കുന്നുവോ അതിന്റെ നൂറിരട്ടി നേട്ടമായി, ലാഭമായി ദൈവം മാറുന്നു.

സമയം ദൈവത്തിനുവേണ്ടി കൊടുത്താൽ സമയപരിധിയില്ലാത്ത ദൈവിക സന്തോഷവും, സമാധാനവും, നിത്യതയുടെ സമ്പത്തും ഉള്ളിന്റെ ഉള്ളിൽ അനുഭവിച്ചറിയാം.

ദൈവബോധത്തിനുവേണ്ടി മനസ്സു ത്യജിച്ചാൽ ആത്മാവിന്റെ ഊർജ്ജം ലഭിക്കുന്നു.

'ഒരുവൻ സർവ്വലോകവും നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്ത് പ്രയോജനം' സ്വന്തം ആത്മാവ് ദൈവത്തെ അന്വേഷിച്ച് കണ്ടെത്തി പരമാത്മാവാകുമ്പോൾ ലോകപ്രകാരമുള്ള യാതൊന്നിലും നേട്ടവും, സുഖവും, പൂർണ്ണതയും കണ്ടെത്തില്ല. സകലതും ഉള്ളിന്റെയുള്ളിൽ കണ്ടെത്തുന്ന ഒരുവന് സമസ്ത പ്രപഞ്ചവും, പ്രപഞ്ചത്തെ നിലനിർത്തുന്ന പ്രപഞ്ചാതീത ശക്തിയും, മഹാബോധവും തന്റെ ഉള്ളിൽ തന്നെ അനുഭവിച്ചറിയുവാൻ കഴിയുന്നു. അവനിൽ ഒരു ലോകമെയുള്ളു. അതവന്റെ ഉള്ളിലെ ആത്മാവാണ്, ആത്മബോധമാണ്, ധർമ്മബോധമാണ്. അതാണ് സ്വർഗ്ഗരാജ്യത്തിന്റെ മർമ്മം.

സ്വന്തം ചിറകിന്റെ ബലത്തിൽ വിശ്വാസമുള്ളവർ 'ഇരിക്കുന്ന കൊമ്പു' വിധി മുറിച്ചാലും, സ്വയം മുറിച്ചാലും ഉയരങ്ങൾ കീഴടക്കുവാനുള്ള ശ്രദ്ധയും, ജാഗരൂകതയും, ആത്മവിശ്വാസവും ഉള്ളവരായി ഏതു പ്രതികൂലങ്ങളിലും കഴുകനെപ്പോലെ ചിറകടിച്ചുയരും.


**09 –ാം ചരമവാർഷികം**
**17- 10- 2023**



**റിക്കി റെജി**
**പുള്ളോലിൽ**
**ഐത്തല, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**25 –ാം ചരമവാർഷികം**
**10-09-2023**




**കെ. ഫിലിപ്പ്**
**കുറ്റിശ്ശേരിൽ, ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

## പാവന സ്മരണയ്ക്ക്

64 –ാം ചരമവാർഷികം    05 –ാം ചരമവാർഷികം



**എൻ.കെ ചാക്കോ**    **മറിയാമ്മ ചാക്കോ**

മരണം: 27-10-1959    മരണം: 03-09-2018


**നക്കര, ചിങ്ങവനം**

**സ്നേഹസ്മരണകളോടെ**

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

## 25 –ാം ചരമവാർഷികം

**12-10-2023**



**കെ.എം. കുറിയാക്കോസ് (കുഞ്ഞുമോൻ)**

**പ്ലാക്കുഴിയിൽ, വാകത്താനം**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

## 02 –ാം ചരമവാർഷികം

**15-09-2023**




**സി.ഒ. ജേക്കബ്**

**മഴുവഞ്ചേരിൽ, ഐത്തല, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

## 39 –ാം ചരമവാർഷികം

**01-09-2023**



**കെ. റ്റി ഉണ്ണിട്ടൻ (ഉണ്ണിക്കുഞ്ഞ്)**

**കുന്നിരിയ്ക്കൽ, ചേത്തയ്ക്കൽ, റാന്നി**


കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

04 – ാം ചരമവാർഷികം
25-09-2023



**ജോളി മാത്യു**
കാവുങ്കൽ, റാന്നി
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

14 – ാം ചരമവാർഷികം
15-09-2023



**പി. ഐ. ഏബ്രഹാം**
പുളിക്കാവിൽ, ഇരവിപേരൂർ, തിരുവല്ല
Inserted By: Baby, Molly, Thampi,
Thankamma & their families

11th
Death Anniversary
31-08-2023

06th
Death Anniversary
07-09-2023



**Chev. Jacob P.Thomas**

**Ammukutty Jacob**

**Purackal, Ranny**
കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ


33rd Death Anniversary
27-09-2023



**LIZY THOMAS**
**Kadaketh Happy Villa**
**Vaikom, Ranny**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

## 5 – ാം ചരമവാർഷികം

1 – 09 – 2023



## തോമസ് സ്കറിയ (ജോയി)

മാണന്തറയിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40 – ാം ചരമദിനം

10 – 09 – 2023



## ഷാജി പി. തോമസ്

പാലപ്പുരയ്ക്കൽ, പുല്ലരിക്കുന്ന്, കോട്ടയം

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O


## 1 – ാം ചരമവാർഷികം

20 – 10 – 2023

## 40 – ാം ചരമദിനം

27 – 9 – 2023





## ചാണ്ടി ആൻഡ്രൂസ് (8 7) സൂസി ഇടവഴിക്കൽ (8 5)

(കുറിച്ചി) പുതിയമഠം,
കോട്ടയം

*സന്തപ്ത മക്കൾ: റോജി ആൻഡ്രൂസ് (കാനഡ)*
*മരുമകൾ: എമിലി ആർപ്പൂക്കര (കാനഡ)*
*കൊച്ചുമക്കൾ: ഐഡൻ, കെയ്‌ലബ്*

Advt -S

## 26th Death Anniversary

25 – 10 – 2023

## 2nd Death Anniversary

09 – 09 – 2023



## K.K. MATHEN AMMAL MATHEN

Kavanal, Karapuzha, Kottayam

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

1 – ാം ചരമവാർഷികം
10 – 09 – 2023

9 – ാം ചരമവാർഷികം
31 – 07 – 2023



**P.M. Abraham**
(അവറാച്ചൻ)

**Saramma Abraham**
(കുഞ്ഞുമോൾ)

പുത്തൻപറമ്പിൽ, കുഴിമറ്റം, ചിങ്ങവനം

Advt -O

സന്തപ്ത കുടുംബാംഗങ്ങൾ

38 – ാം ചരമവാർഷികം
02 – 10 – 2023



**റവ. ഫാ. കെ.കെ. ഏബ്രഹാം**
കന്യാക്കോണിൽ, തോട്ടഭാഗം

"ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരീ
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Advt -O

സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമദിനം
1 – 9 – 2023



**അച്ചാമ്മ ചാക്കോ** (75)
വരാച്ചേരിയിലായ പുത്തൻപറമ്പിൽ (കുറിച്ചി)

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"


Advt -S

സന്തപ്ത കുടുംബാംഗങ്ങൾ

1 – ാം ചരമവാർഷികം

02 – 10 – 2023 | 09 – 09 – 2023





**അന്നമ്മ കുരുവിള**
തുണ്ടിയിൽ
കറ്റോട്

**സ്റ്റീഫൻ മാത്യു (സോ)**
നെടിയകാലായിൽ
വെള്ളൂത്തുരുത്തി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

Advt -O

സന്തപ്ത കുടുംബാംഗങ്ങൾ

# 2nd Year of Remembrance

(9th September'23)



**P.E.Chacko**

1934 - 2021

*Pachamkulathu House, Thiruvalla, Othera(W)*

*Your life was a blessing, your memory a treasure...*
*You left a legacy and lots of memories for us...*
*You are loved beyond words and missed beyond measure...*

Advt - S

# 1st Death Anniversary

23-09-2023



# SARAMMA MATHEW

**(Retd. Dist. Womens Welfare Officer)**

**Mavelil, Kattode**

DEEPLY MISSED AND LOVELY REMEMBERED

By Sorrowing Family Members

Advt - S

# 1st Birthday in Heaven

22-09-2023



# C.C. ANTHRAYOSE

**Chalunkal House,**
**Chingavanam P.O., Kottayam**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



## 1 – ാം ചരമവാർഷികം

13 – 10 – 2023

# എ. എം. തോമസ്

## കുഴികണ്ടത്തിൽ,
## പ്ലാംതോട്ടത്തിൽ
## കല്ലിശ്ശേരി



## 9 – ാം ചരമവാർഷികം

09 – 09 – 2023

# കുഞ്ഞമ്മ തോമസ്

യേശു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.

യോഹ. 11: 25 – 26

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 2nd Death Anniversary

03-09-2023



Advt - S

# PRETTYMOL TITTO

**Chirayilpeedika, Chingavanam**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Chirayil peedika & Karot Family

*സന്തപ്ത കുടുംബാംഗങ്ങൾ*

## 10-ാം ചരമവാർഷികം

25-09-2023



Advt -G

# ഉതുപ്പാൻ ഏബ്രഹാം (അവറാച്ചൻ)

**പുളിനിൽക്കുംപറമ്പിൽ, ചെറുകുളഞ്ഞി, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*



## 4th Death Anniversary

15-09-2023

# കെ.എ. കുറിയാക്കോസ്

# (ബാബു)

**കക്കുഴിയിൽ, തോട്ടമൺ, റാന്നി**

**(ഫിലാഡെൽഫിയ)**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Treasured in our hearts you'll stay unit
we meet again someday

By Sorrowing Family

Advt - O



## 4 – ാം ചരമവാർഷികം
23 – 09 – 2023

## എ. പി. ഏബ്രഹാം
## (ബാബു)
**എട്ടൊന്നിൽ,**
**കല്ലിശ്ശേരി**

Advt -O

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 5 – ാം ചരമവാർഷികം
20 – 09 – 2023



Advt -S

## കുരുവിള തോമസ് (ബേബി)
**(Rtd. CRPF)**
**താമല്ലിൽ ഹൗസ്, തിരുവൻവണ്ടൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

**ഞങ്ങളുടെ വാത്സല്യവാനായ അപ്പച്ചന്റെ**
**വേർപാടിന്റെ ഒന്നാം വാർഷികം**
**30 – 09 – 2023**



## ചിറയിൽ വന്ദ്യ എം.എ. കുറിയാക്കോസ്
## കോർ – എപ്പിസ്കോപ്പ
## വെളിയനാട്

ഭൗതികം പേരെ-ധനവാന്മാ-രാക്കിയ ധനരഹിതാ
ഞങ്ങളിൽ നിന്നും വേ-ർപിരിയരുതേ-നിന്റെ വര-ങ്ങൾ
അച്ചന്റെ പ്രിയപ്പെട്ട മക്കൾ

Advt - O

## 40th Day of Demise

21-09-2023



**Saramma Jacob**

## 10th Death Anniversary

29-09-2023



**Minu Jacoby**

Kelachandra
Chingavanam

Advt - O

## 1 – ാം ചരമവാർഷികം

15 – 10 – 2023



Advt -R

## SUMA BIJI

**Kariyil (H), Pakkil P.O.**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

29 – 09 – 2023



Advt -O

## THOMAS KURIAKOSE (Thomaskutty)

**Kolathu Thythara, Neelamperoor**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 50 – ാം ചരമവാർഷികം

**12 – 09 – 2023**



# ടി.കെ. ജയിക്കബ് തരകൻ

## (ഒറ്റതൈയ്ക്കൽ ചാക്കോച്ചൻ) (1893 – 1973)

**ഒറ്റതൈയ്ക്കൽ, ചിങ്ങവനം**

**തിരുവിതാംകൂറിലെ പ്രമുഖ ഓയിൽ & ഗ്യാസ് എഞ്ചിൻ വ്യാപാരിയായിരുന്നു.**

സ്നേഹസ്മരണയോടെ കൊച്ചുമക്കൾ

Advt -O

**05 – ാം ചരമവാർഷികം**

**20-09-2023**



**തോമസ് ചാക്കോ (പാപ്പച്ചൻ)**

**മണിമലേത്ത്, വെച്ചൂച്ചിറ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**01 – ാം ചരമവാർഷികം**

**17-09-2023**




**കുഞ്ഞമ്മ സഖറിയ**

**കുന്നിരിക്കൽ, റാന്നി**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

**15 – ാം ചരമവാർഷികം**

**21-09-2023**



**ഉതുപ്പാൻ തോമസ് (കുഞ്ഞച്ചൻ)**


**കുനിയാടത്ത് വാലുപറമ്പിൽ**

**കല്ലിശ്ശേരി, ഉമയാറ്റുകര**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**04 – ാം ചരമവാർഷികം** 26-09-2023

**09 – ാം ചരമവാർഷികം** 23-10-2023






**P. C. Joseph** **P. C. Abraham**

**Paravelil**

**Thrukothamangalam**

മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**28th Death Anniversary**
**20-09-2023**




## Chandy Thomas
(Thomachan)

**07th Death Anniversary**
**19-10-2023**



## Chinnamma Thomas
(Baby)

**15th Death Anniversary**
**11-09-2023**



## Dyna Thomas
(Dynamol)

**Vadakkethalackal**
**S. Puram, Kurichy**

**Sorrowing Family**

---

**06 –ാം ചരമവാർഷികം**
07-09-2023

**09 –ാം ചരമവാർഷികം**
14-02-2024



**സി.എ. ജോസഫ്** **മേരിക്കുട്ടി ജോസഫ്**

**വെന്നുവള്ളിൽ,**
**പുത്തൻവീട്**
**കല്ലിശ്ശേരി**

**സന്തപ്ത കുടുംബാംഗങ്ങൾ**

---

**26th Death Anniversary**
**20-09-2023**



## K.A. Joseph
**Kaipuzha, Aythala, Ranny**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്**
**വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**40th Day of Rememberence**
**07-09-2023**



**K.T. Abraham**
**Kariyil, Kurichy**
മാമോദിസയെനിക്കോർത്താൽ മുങ്ങാത്തൊരു നൗക,
നാഥാ നിൻ കൃപ കാണണമേ– ഞാനുത്ഥാനത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**1 –ാം ചരമവാർഷികം**
**28-09-2023**



**അമ്മിണി പുന്നൂസ്**
പടിഞ്ഞാറെകളീക്കൽ, (കൊണ്ടോടിയിൽ)
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

പാവന സ്മരണയ്ക്ക്

29 –ാം ചരമവാർഷികം **16-04-2024**

01 –ാം ചരമവാർഷികം **21-08-2023**




**എം.പി. ചെറിയാൻ** **തങ്കമ്മ ചെറിയാൻ**

മരിക്കോലിപ്പുഴ, റാന്നി

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
Inserted by Sorrowing family

61ാം ചരമവാർഷികം **07-09-2023**

15 –ാം ചരമവാർഷികം **12-06-2023**




**പി. എം. സ്കറിയാ** **ഏലിക്കുട്ടി സ്കറിയാ**

കൊച്ചുമംഗര, പുറ്റടി

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

01 –ാം ചരമവാർഷികം
**11-09-2023**



## ശോശാമ്മ ഇട്ടൻ
**കോക്കംപാടം ചിറയിൽ, കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ


21 –ാം ചരമവാർഷികം
**16- 09-2023**



## ശോശാമ്മ കുറിയാക്കോസ്
**മാവേലിൽ, ചിങ്ങവനം**


ലീലാമ്മയും, മക്കളും, കൊച്ചുമക്കളും

36 –ാം ചരമവാർഷികം
**16-11-2023**




## അച്ചുഅമ്മ കുര്യൻ

01 –ാം ചരമവാർഷികം
**22-09-2023**




## കുര്യൻ പുന്നൂസ് (കുഞ്ഞച്ചൻ)

08 –ാം ചരമവാർഷികം
**30-05-2023**



## കുര്യൻ കുറിയാക്കോസ്

22 –ാം ചരമവാർഷികം
**26-09-2023**



## അമ്മാൾ കുറിയാക്കോസ്

**കൂടത്തിൽ, ചെറുകുളഞ്ഞി, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**33 – ാം ചരമവാർഷികം**

**01-10-2023**



**വെരി. റവ. എൻ. കെ. ഏബ്രഹാം**
**കോർ എപ്പിസ്ക്കോപ്പാ**

**മടുക്കോലിൽ, കുറ്റൂർ**

*"ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരി*
*ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"*

*സന്തപ്ത കുടുംബാംഗങ്ങൾ*

**12 – ാം ചരമവാർഷികം**

**15-09-2023**



**Ginu A. Jacob** (Jeena)
**Elappunkal, Houston, U.S.A.**

**മണവാളൻ വന്നെത്തും നേരം മണവറ ചേരാൻ**
**ഈ ദാസിയെ ജീവൻ നൽകി പ്രഭയുടെ നാട്ടിൽ ചേർക്കേണം**

Inserted by: Gigi & Anju
Joshua Jacob (Son)
Crystal Jacob (Daughter)

**40 – ാം ചരമദിനം**

**29-08-2023**



**Annamma Mathai**
**Kallumala, Kuttoor Thiruvalla**
**(Mumbai)**

By Sorrowing Family

**16 – ാം ചരമവാർഷികം** **13-10-2023**

**17 – ാം ചരമവാർഷികം** **11-9-2023**




**റ്റി. സി. ജോർജ്** **അന്നാമ്മ ജോർജ്**

**തകിടിയിൽ,**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**07th Death Anniversary**
**04-09-2023**

**16th Death Anniversary**
**08-11-2023**





**Kuruvilla Mathew**
(Kochupappan)


**Kunjumol Mathew**

**Vayalil**
**Cherukulanji, Ranny**

*Sorrowing family*

---

**വേർപാടിന്റെ 24 –ാം വർഷം**
**29- 09-2023**




**Kunjumon (Joy K. Arackal)**
**Arackal, Kavalam, Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
കാണാമെന്നുള്ള പ്രത്യാശയോടെ
ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

---

**12 –ാം ചരമവാർഷികം**
01-09-2023

**05 –ാം ചരമവാർഷികം**
02-08-2023





**ജോസ് കെ. മാത്യു**

**കുഞ്ഞമ്മ മാത്യു**


**കിഴക്കേമുറിയിൽ കളത്തിൽ**
**ഐത്തല, റാന്നി**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

---

**26 –ാം ചരമവാർഷികം**
25-08-2023

**01 –ാം ചരമവാർഷികം**
15-09-2023






**വി.കെ സ്ക്കറിയ**

**കുഞ്ഞമ്മ സ്ക്കറിയ**

**വാളംപറമ്പിൽ**
**നീലംപേരൂർ**

നിത്യതയുടെ തീരത്ത്
കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

01 – ാം ചരമവാർഷികം
30-09-2023



**കെ. പി. പുന്നൂസ് (കുഞ്ഞുമോൻ)**
താഴ്ചയിൽ, നീലംപേരൂർ
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
സന്തപ്ത കുടുംബാംഗങ്ങൾ

18 – ാം ചരമവാർഷികം
17- 09-2023



**ചാക്കോ ഉതുപ്പാൻ** (കുഞ്ഞുപ്പായി)
മണക്കാട്ട്, ചിങ്ങവനം
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
സന്തപ്ത കുടുംബാംഗങ്ങൾ

03 – ാം ചരമവാർഷികം
07- 09-2023




**K. I. Alekutty**
**W/o Late P.T. Thomas**
**Parathodathil (Aythala, Ranni)**
**K.R. Puram, Bangalore**
*By Sorrowing Family*

04 – ാം ചരമവാർഷികം
11-10-2023



**ഒ. യു. ഉലഹന്നാൻ**
മോളേൽ (ഒലിയപ്പുറത്ത്)
രാമമംഗലം
*സന്തപ്ത കുടുംബാംഗങ്ങൾ*


18 – ാം ചരമവാർഷികം
14-09-2023



**പി. കെ. ഇടിക്കുള**
പുന്നാറ്റുശ്ശേരിൽ
നന്നാട്, തിരുവൻവണ്ടൂർ
*സന്തപ്ത കുടുംബാംഗങ്ങൾ*


**കരുണനിറഞ്ഞവനെ**
**പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ**
**പുതുതാക്കീടണമെ.**

**12 –ാം ചരമവാർഷികം**
**02-09-2023**



**സണ്ണി ജോസഫ്**
ഇടശ്ശേരിയത്ത് വീട്
കുറ്റൂർ (പരുത്തുംപാറ)
*സന്തപ്ത കുടുംബാംഗങ്ങൾ*

**02 –ാം ചരമവാർഷികം**
**03-09-2023**



**K.K. Kurian**
**Kambakalunkal**
**Kottayam**
*സന്തപ്ത കുടുംബാംഗങ്ങൾ*

**01 –ാം ചരമവാർഷികം**
**07-09-2023**




**അച്ചാമ്മ ബിജു**
വാണിയേടത്ത് (തുണ്ടിയത്ത്)
റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

**03 –ാം ചരമവാർഷികം**
**23-09-2023**



**കുഞ്ഞമ്മ മാത്യു**
കരിയിൽ
ചിങ്ങവനം
*സന്തപ്ത കുടുംബാംഗങ്ങൾ*

**01 –ാം ചരമവാർഷികം**
**05-09-2023**



**ഉലഹന്നാൻ ചാക്കോ**
(പാപ്പച്ചൻ)
കാലായിൽ
വെള്ളുത്തുരുത്തി
*സന്തപ്ത കുടുംബാംഗങ്ങൾ*

**13rd Death Anniversary**
**30-09-2023**




**M. K. KURUVILLA**
**(Kunjachan)**
**Memanakaleekal**
**Thiruvanvandoor**
Sorrowing family

**12 –ാം ചരമവാർഷികം**
**21-09-2023**



**അമിതാ സാബു**
വടക്കേമുറിയിൽ
ഐത്തല, റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

**19 –ാം ചരമവാർഷികം**
**08-09-2023**



**പി. സി. ചാക്കോ**
പടിയറ
കോഴിമല
*സന്തപ്ത കുടുംബാംഗങ്ങൾ*

**18 –ാം ചരമവാർഷികം**
**01-10-2023**



**തങ്കമ്മ ചാക്കോ**
തോമ്പുമണ്ണിൽ
അങ്ങാനി, റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

**02 –ാം ചരമവാർഷികം**
**28-09-2023**



**സജി ജേക്കബ്**
**(Navel Dockyard,**
**Mumbai)**
**കാട്ടുവേലിൽ, കുറ്റൂർ**

**12th Death Anniversary**
**11-09-2023**



**Thomaskutty K.T.**
**Kadaketh**
**Ranny**
By Sorrowing family

**03 –ാം ചരമവാർഷികം**
**21 - 09 - 2023**



**ഐ. യു. ജോസഫ് (പാപ്പച്ചൻ)**
കുന്തലപ്പറമ്പിൽ (ഇടത്തിൽ)
കുറിച്ചി
*സന്തപ്ത കുടുംബാംഗങ്ങൾ*

4 –ാം ചരമവാർഷികം
30 – 08 – 2023

3 –ാം ചരമവാർഷികം
10 – 10 – 2023



## കുഞ്ഞൂഞ്ഞമ്മ തങ്കച്ചൻ

## എം. എസ്. തങ്കച്ചൻ

Advt - O

**മേലേക്കുറ്റ്, ഐത്തല, റാന്നി**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രതീക്ഷയോടെ**

മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ

Registered No. KL/CHC/29/2021-23
Published on 15 September 2023

**KNANAYA DEEPAM**
Chingavanam

RNI No. KERBIL/2006/19210
Vol. 34, Issue: 9 ₹ 10


## 1 –ാം ചരമവാർഷികം

7 – 10 – 2023



## തങ്കമ്മ ചാക്കോ

തോട്ടുങ്കൽ, വെളിയനാട്

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O


Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**